യുന്നതു് കുറഞ്ഞതു് 17–ാം തീയതി എങ്കിലും ആണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. 17–ാം തീയതിക്കകം ആർഡർ ഇറക്കണമെങ്കിൽ ആവശ്യമായ രേഖകൾ കിട്ടാതെ സാദ്ധ്യമല്ലല്ലോ. രേഖകൾ കിട്ടാതെ വന്നുവെന്ന വസ്തുത അങ്ങുതന്നെ സമ്മതിച്ചിട്ടുള്ളതാണു്.

മി. സ്പീക്കർ: ഞാൻ അങ്ങനെയൊന്നും പറഞ്ഞില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: വിശദമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അങ്ങു് ഒരു റൂളിംഗു് നൽകിയതിനുശേഷം, പിന്നീടു് അതിനെ തുടർന്നു് രാമേശ്വരത്തെയും, കോഴിക്കോട്ടെയും, ഹൈദരബാദിലെയും കാര്യങ്ങൾ പറയുന്നതു ആർഡറിലാണോ ?

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇതിനെസംബന്ധിച്ചിടത്തോളം പറയാനുള്ളതെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗങ്ങളും അവരുടേതായ അഭിപ്രായങ്ങൾ വിശദമായി പറഞ്ഞുകഴിഞ്ഞു. കേസു് സഭയുടെ മുൻപിൽ ആയിക്കഴിഞ്ഞു. ഏതായാലും ഈ സഭ പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ, ഒരു കമ്മിറ്റി രൂപീകരിച്ചു്, ആ കമ്മിറ്റി തിരഞ്ഞെടുത്ത ആരോപണങ്ങളിൽ ചിലതു മാത്രം ഇതിൽ ഉൾപ്പെടുത്തി എന്ന അഭിപ്രായമാണു് ഇവിടെ പറഞ്ഞതു്. ശേഷിച്ചതുകൂടി ഉൾപ്പെടുത്തുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

Anyway I am not taking any decision now. We will pass on to the Minister's statements.

ശ്രീ. ടി. എ. മജീദു്: സർ, 128–ം, 252–ം നമ്പർ നിയമസഭാ നടപടിച്ചട്ടങ്ങൾ അനുസരിച്ച മോഷൻ അവതരിപ്പിക്കാൻ നോട്ടീസു കൊടുത്തിട്ടുണ്ടു്.

II. STATEMENT BY MINISTERS UNDER RULE 278

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, കഴിഞ്ഞ 31 മാസം ഒരു മന്ത്രിയായി പ്രവർത്തിച്ചതിനുശേഷം, ആ സ്ഥാനം രാജിവച്ചിട്ടു് പ്രതിപക്ഷത്തിരിക്കാൻ ഇടയായ സാഹചര്യത്തെപ്പറ്റി ഒരു പ്രസ്താവന ചെയ്യാൻ അങ്ങു് അനുവദിച്ചതിനു് അങ്ങയോടു് എനിക്കുള്ള കൃതജ്ഞത ഞാൻ ആദ്യമായി രേഖപ്പെടുത്തുന്നു.

രണ്ടാമതു്, ഈ കഴിഞ്ഞ 31 മാസം മന്ത്രിയായിരുന്ന സന്ദർഭത്തിൽ, എന്റെ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കു് സഹായകമായ രീതിയിൽ ഈ സഭയിൽ നിന്നു കിട്ടിയിട്ടുള്ള ആത്മാർത്ഥമായ, നിർല്ലോഭമായ പിൻതുണയ്ക്കു ഈ സഭയോടുള്ള കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

അതുപോലെ തന്നെ കഴിഞ്ഞ ഈ കാലഘട്ടത്തിൽ എന്റെ വകുപ്പുകളുടെ പ്രവർത്തനം വിജയകരമാക്കിത്തീർക്കുന്നതിനു സഹായിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥൻമാരോടും ഞാൻ ഈ അവസരത്തിൽ കൃതജ്ഞത രേഖപ്പെടുത്തുന്നു.

സർ, എന്നെ ഏൽപ്പിച്ച വകുപ്പുകളുടെ പ്രത്യേകതകൊണ്ടു് ആ വകുപ്പുകളുടെ പ്രവർത്തനം വിജയകരമാകണമെങ്കിൽ, ഈ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന കൃഷിക്കാരുടെയും നാട്ടുകാരുടെയും സഹകരണം അത്യാവശ്യമായിരുന്നു. കഴിഞ്ഞ കാലഘട്ടത്തിൽ കലവറയില്ലാത്ത സഹകരണം അവരിൽനിന്നു കിട്ടിയിരുന്നുവെന്നു അഭിമാനപൂർവ്വം സ്മരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

അവരോട് എനിക്കുള്ള കൃതജ്ഞത രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയും ചെയ്യുന്നു.

സർ, ഇന്നു ഞങ്ങൾ പ്രതിപക്ഷത്തിരിക്കാൻ ഇടയായ കാര്യങ്ങളെ സംബന്ധിച്ചു, ഒരു പുതിയ രാഷ്ട്രീയ സാഹചര്യം ഇവിടെ ഉണ്ടായിരിക്കുന്നതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പ്രസ്താവിക്കുകയുണ്ടായി. കഴിഞ്ഞ 3-ാം തീയതി ഞങ്ങൾ അവതരിപ്പിച്ച ഒരു പ്രമേയം, കോൺഗ്രസ്സും, കേരളാകോൺഗ്രസ്സും അതിനെ പിൻതാങ്ങും എന്ന ബോധത്തോടുകൂടി അവതരിപ്പിച്ചതു, അതുപാസ്സായിപോയതിനാൽ ഒരു പുതിയ രാഷ്ട്രീയ സാഹചര്യംവന്നു എന്നാണ് അദ്ദേഹം പറയുന്നത്. ഏറ്റവും ചെറിയ കാര്യം എടുത്ത് വളരെ വിദഗ്ദ്ധമായ മായാവലയം സൃഷ്ടിച്ചു ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുള്ള അപാരമായ അദ്ദേഹത്തിന്റെ കഴിവ് ഈ കാര്യത്തിലും പ്രകടിപ്പിക്കുകയാണ് ഉണ്ടായതു്.

സർ, നിയമസഭാപ്രവർത്തനത്തിൽ പ്രതിപക്ഷവും ഭരണകക്ഷിയും ചേർന്ന് വോട്ടുചെയ്യുക ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളമെങ്കിലും സാധാരണമല്ലേ ? ഈ സഭയിൽത്തന്നെ എത്രയോ പ്രാവശ്യം അങ്ങനെ വോട്ടു ചെയ്തിട്ടുണ്ട്? അതു കക്ഷിമാറ്റത്തിന്റെ ഒരു ലക്ഷണമായി ആരെങ്കിലും വ്യാഖ്യാനിക്കാറുണ്ടോ ? ഞാനൊന്നു ചോദിക്കട്ടേ; മാർക്സിസ്റ്റുപാർട്ടി, പാർലമെന്ററിൽ, ഈ അടുത്തദിവസം, കോൺഗ്രസ്സുകാരിൽ കോൺഗ്രസ്സുകാരനായ ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അവതരിപ്പിച്ച ബാങ്കുദേശസാൽക്കരണബില്ലിനെ രണ്ടുകൈയും പൊക്കി പിൻതാങ്ങിയില്ലേ ? ഈ രാജ്യത്തു ആരെങ്കിലും പറഞ്ഞോ കോൺഗ്രസ്സും മാർക്സിസ്റ്റുപാർട്ടിയും തമ്മിൽ ഒന്നായിത്തീർന്നുവെന്ന്. ശ്രീമതി ഇന്ദിരാഗാന്ധിക്കെതിരായി അവിശ്വാസപ്രമേയം വന്നാൽ, അതിനെ എതിർക്കുമെന്നു വളരെ ശക്തിയായി പറയുകയും, ഇൻദിരാഗാന്ധിക്കു പിൻതുണ നൽകാൻ മാർക്സിസ്റ്റു പാർട്ടി തീരുമാനിക്കുകയും ചെയ്തതു കക്ഷിമാറ്റത്തിനാണോ ? അപ്പോഴും ഇതെല്ലാം സാധാരണഗതിയിൽ, പാർലമെന്ററി പ്രവർത്തനത്തിൽ നടക്കുന്ന കാര്യങ്ങളാണ്.

പണ്ട് ഏതോ ഒരു പണ്ഡിതൻ പറഞ്ഞ ഒരു കഥ കേട്ടിട്ടുണ്ട്.

'തവമാതാ പതിവ്രതാ' എന്നു പറഞ്ഞപ്പോൾ, 'നഹി നഹി' എന്നു പറഞ്ഞതായിട്ടു ഒരു കഥ.

ഞങ്ങൾ ഒരു പ്രമേയം അവതരിപ്പിച്ചതു്, മന്ത്രിസഭയെ ശുദ്ധീകരിക്കാൻ മറ്റു മാർഗ്ഗമില്ലെന്നുകണ്ടപ്പോഴാണ്. ഐക്യമുന്നണിയുടെ പരിപാടിയനുസരിച്ചു അങ്ങനെയൊരു പ്രമേയം അവതരിപ്പിച്ചാൽ, കോൺഗ്രസ്സ് അതിനെ പിൻതാങ്ങുന്നു എന്ന കാരണത്താൽ അതു പാടില്ലെന്നു പറയുന്നതിനോടു യോജിക്കാൻ ഞങ്ങളുടെ സാമാന്യബുദ്ധിക്കു നിവൃത്തിയില്ല.

സർ, ഒരു പ്രത്യേക രാഷ്ട്രീയസാഹചര്യം ഉണ്ടാകാൻ ഇടയായതെങ്ങനെയാണ് ? ഐക്യമുന്നണി രൂപീകരിക്കുകയും, അതിന്റെ പരിപാടിയനുസരിച്ച് പ്രവർത്തനം നടത്തുകയും, അതിൽ ബഹുഭൂരിപക്ഷം കാര്യങ്ങളിലും വിജയം വരിക്കുകയും ചെയ്തുകഴിഞ്ഞതിനുശേഷം, ഇന്ന് ഇത്തരത്തിലുള്ള ഒരു പ്രതിസന്ധി രാഷ്ട്രീയ രംഗത്തുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും മാർക്സിസ്റ്റുപാർട്ടിക്കാണെന്നും, ഐക്യമുന്നണിയുടെ പരിപാടികളെയും, ഐക്യമുന്നണിയുടെ പ്രവർത്ത

LIBRARY ARCHIVES Kerala Legislative Assembly

നങ്ങളെയും തമ്മിലടിപ്പിക്കുന്ന, നിരാകരിക്കുന്ന മാർക്സിസ്റ്റു പാർട്ടിയുടെ പ്രവണതയാണ് ഇന്ന് ഈ സ്ഥിതിയിൽ ഈ രാജ്യത്തെ കൊണ്ടെത്തിച്ചിട്ടുള്ളതെന്നും പറയാതിരിക്കാൻ നിവൃത്തിയില്ല. സർ, ഞാൻ ഇതെല്ലാം വളരെ വിശദമായി പറയണമെന്നു വിചാരിക്കുന്നില്ല. കാരണം എന്നോടൊപ്പം ആറു മന്ത്രിമാർ ഇവിടെ പ്രസ്താവന ചെയ്യേണ്ടതായിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞ്: ആറല്ല ഏഴുപേരുണ്ട്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അതേ, ശ്രീ. പി. കെ. കുഞ്ഞു സംഹിബ്ബുമുണ്ട്. അതുകൊണ്ട് ഞാൻ അധികസമയം എടുക്കുന്നില്ല. എങ്കിലും ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ഐക്യമുന്നണിയിലെ വിവിധ പാർട്ടികളെ ഏകോപിപ്പിച്ച്, ഐക്യമുന്നണി അംഗീകരിച്ച പരിപാടികൾ നടപ്പാക്കുന്നകാര്യത്തിൽ മാർക്സിസ്റ്റുപാർട്ടി അംഗങ്ങൾ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതാണ്. അഴിമതിനിരോധനത്തെ സംബന്ധിച്ചു വളരെ വ്യക്തമായി ഇന്ന രീതിയിലുള്ള ഒരു നിയമനിർമ്മാണം ഞങ്ങൾ നടത്തും എന്നു പരിപാടിയിൽ പറഞ്ഞിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ ഒരു ബിൽ ഇവിടെ മുഖ്യമന്ത്രിതന്നെ അവതരിപ്പിച്ച് ഇന്ന് അതു കോൾഡ് സ്റ്റോറേജിൽ വച്ചിരിക്കുകയാണ്. പഞ്ചായത്ത്രാജ് ബിൽ, ഏതു രീതിയിലുള്ള ബില്ലായിരിക്കണം എന്ന് ഐക്യമുന്നണിയുടെ പരിപാടിയിൽ പറഞ്ഞിട്ടുണ്ട്. സെലക്റ്റു കമ്മിറ്റി ഏകകണ്ഠമായി അംഗീകരിച്ച ആ ബിൽ ഒന്നരവർഷമായി കോൾഡ് സ്റ്റോറേജിൽ ഇരിക്കുകയാണ്. മാർക്സിസ്റ്റു പാർട്ടിയുടെ പി. ബി. യുടെയും, റവന്യൂമന്ത്രിയുടെയും ഇവിടത്തെ ജനറൽ സെക്രട്ടറി സഖാവു ഏ. കെ. ഗോപാലന്റെയും അഭിപ്രായത്തിൽ ഈ ബിൽ സ്വീകാര്യമല്ല. കാരണം ഈ നാട്ടിലെ സാമാന്യ ജനങ്ങൾക്കു വളർച്ച, രാഷ്ട്രീയമായ വളർച്ചയുണ്ടായിട്ടില്ലെന്നതുതന്നെ. സർ, ഞാൻ ഈ ലിസ്റ്റു നീട്ടുന്നില്ല. പൊതുവെ ഐക്യമുന്നണിയുടെ പരിപാടികൾ തകർക്കുകയാണിവർ. രണ്ടാമത് ഐക്യമുന്നണിയിലെ വിവിധ പാർട്ടികൾ തമ്മിലുള്ള ബന്ധത്തെ ശിഥിലമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക എന്നിങ്ങനെ പല നടപടികളും അവരുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. പ്രധാനമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്ന ഒരുകാര്യം, മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ സെക്രട്ടറിയും ചേർന്ന് എന്റെ സ്നേഹിതൻ സഖാവ് ടി. വി. തോമസിനെതിരായി ഉന്നയിച്ച ഗൂഢാലോചന സംബന്ധിച്ച ആരോപണമാണ്. ഐക്യമുന്നണിയുടെ ഏകോപനസമിതിയിൽ ഈ കാര്യം ചർച്ചചെയ്തു അതിന്റെ പൊള്ളത്തരം വ്യക്തമാക്കിക്കഴിഞ്ഞതാണ്. അതുസംബന്ധിച്ച കൂടുതൽ കാര്യങ്ങൾ ബന്ധപ്പെട്ടവർ പറയും എന്നുള്ളതിനാൽ ഞാൻ അധികം പറയുന്നില്ല.

സർ, ബംഗാളിലെ തിരഞ്ഞെടുപ്പു കഴിഞ്ഞ ദിവസം രാഷ്ട്രീയസാഹചര്യത്തിന്റെ സ്ഥിതിഗതികളെപ്പറ്റി വിശകലനം ചെയ്തുകൊണ്ട് നമ്മുടെ മുഖ്യമന്ത്രി പറഞ്ഞു, ഐ. എസ്. പി. യും, ഇൻഡ്യൻകമ്മ്യൂണിസ്റ്റു പാർട്ടിയും ചേർന്നു ഐക്യമുന്നണിയെ പൊളിക്കാൻ ഗൂഢാലോചന നടത്തിയെന്ന്. അതു കഴിഞ്ഞു അഴിമതി ആരോപണങ്ങളെസംബന്ധിച്ച പ്രസംഗങ്ങളിലും മറ്റും, ഐക്യമുന്നണിക്കുള്ളിൽ അഭിപ്രായവ്യത്യാസമുള്ളവർ, അഭിപ്രായവ്യത്യാസത്തിൽ മാർക്സിസ്റ്റുപാർട്ടിയോടു ചേരാത്ത, അവരുടെ അഭിപ്രായത്തോടു യോജിക്കാത്ത മുസ്ലിം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

ലീഗിനെയും ആർ. എസ്. പി. യെയും ഐക്യമുന്നണിയെ പൊളിക്കുന്ന പാർട്ടികളായി മുദ്ര കുത്തി മാറ്റി നിർത്തുകയുണ്ടായി.

ഇങ്ങനെ അവരുടെ പ്രവർത്തനത്തിന്റെ ചരിത്രം നോക്കിയാൽ ഞാൻ സൂചിപ്പിച്ചതുപോലെ ഐക്യമുന്നണിൽപ്പെട്ട പാർട്ടികൾ തമ്മിലുള്ള ബന്ധത്തെ ശിഥിലമാക്കുന്നതിനും പരസ്പരം കുറ്റപ്പെടുത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് അവർ നടത്തിയിട്ടുള്ളത് എന്നു കാണാം. സർ, അഭിമാനം ഉള്ളവർക്കു, ആത്മാഭിമാനം ഉള്ളവർക്കു ഇവരുമായി സഹകരിച്ചുപോകാൻ കഴിയാത്തരീതിയിലുള്ള പ്രവർത്തനങ്ങളാണ് ഇവർ നടത്തിയിട്ടുള്ളതെന്നു ഇവിടത്തെ പത്രത്തിൽ ഇവരുടെ പ്രസ്താവനകളും പ്രസംഗങ്ങളും വന്നിട്ടുള്ളതുവായിച്ചാൽ ആർക്കും ബോദ്ധ്യപ്പെടുന്ന കാര്യമാണ്. സർ, ഐക്യമുന്നണിയുടെ പരിപാടികൾ നടപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നതുകൊണ്ട് ഒരു സഹോദരപാർട്ടി എന്നുള്ളനിലയിൽ മറ്റു എല്ലാ പാർട്ടികളോടും ഞങ്ങൾ പറഞ്ഞു മൂന്നു മാസത്തിനകം നമുക്കു ചെയ്യാൻ കഴിയുന്ന കുറെ കാര്യങ്ങളെങ്കിലും ചെയ്യണമെന്ന്. എന്തായിരുന്നു മാർക്സിസ്റ്റു പാർട്ടി അംഗങ്ങളുടെ നിലപാട്. ഇറങ്ങൂ പുറത്തു എന്നുപറഞ്ഞാകൊണ്ടുള്ള പ്രചരമാണുണ്ടായത്. ഈ കാലത്തിനുള്ളിൽ എത്ര പ്രാവശ്യം ആട്ടിപ്പുറത്താക്കിയിട്ടുണ്ട് ഈ നമ്പൂതിരിപ്പാട്. ഇതാണ് ഇവരുടെ സമീപനം. സർ, ഇവിടെ മാർക്സിസ്റ്റു പാർട്ടിയുടെ അനുഗ്രഹാശിസ്സോടുകൂടി ഇന്നു ഈ രാജ്യത്തു വിപ്ലവം വരുത്തുവാൻ റിവിഷനിസ്റ്റുകളിൽ തണുപ്പൻമാരായ ഞങ്ങൾ മോശപ്പെട്ടവരായപ്പോൾ വളരെ ചൂടേറിയ മിത്രങ്ങളെ കണ്ടുപിടിച്ച നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ രണ്ടു വിപ്ലവ സുഹൃത്തുക്കളായി മത്തായി മാഞ്ഞൂരാനേയും വില്ലിംഗ്ടനേയും കണ്ടുപിടിച്ചു. പിന്നീടു ഇപ്പോൾ പുത്തനായി വന്നിരിക്കുന്ന നമ്മുടെ ലൂയിസും എല്ലാവരുംകൂടി ചേർന്നു വിപ്ലവം വരുത്തുന്നതിൽ എനിക്കു പരാതിയില്ല. എന്നാൽ നമ്മുടെ രാജ്യത്തു ഈ ഗവൺമെന്റു വരുന്നതിനുമുമ്പും സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പുവരേയും രാജാക്കൻമാർ ഭരിച്ചിരുന്ന കാലത്തുപോലും സാംസ്കാരികമായ ഒരു നിലവാരം പുലർത്തിയിട്ടുണ്ട്. ചേർത്തല പൂരവും കൊടുങ്ങല്ലൂർ ഭരണിയും ഒക്കെ നിറുത്തലാക്കി നമ്മുടെ സംസ്കാരത്തിനു പറ്റാത്തതാണെന്നു കരുതിയിരിക്കുന്ന അവസരത്തിൽ നാണമില്ലാതെ നാടൊട്ടാകെ തെറിപറഞ്ഞു നടക്കുകയല്ലായിരുന്നോ ഇവർ. കഴിഞ്ഞ ആഗസ്റ്റു മാസം 14-ാം തീയതി രാജ്യം ഒട്ടാകെ അവരുടെ ശക്തിപ്രകടിപ്പിക്കുന്നതിനു വേണ്ടി ഒരു പ്രകടനം നടത്തി. ഐക്യമുന്നണിയിൽ ഞങ്ങൾ എങ്ങനെയെങ്കിലും യോജിക്കണമെന്നാഗ്രഹിക്കുകയാണെങ്കിൽ; എന്താണു സർ,അവരുടെ മുദ്രാവാക്യം ? മൊട്ടത്തലയിൽ ഐ. ആർ. 8 കൃഷി ചെയ്യും എന്നാണ്? എന്റെയും ടി. വി.യുടെയും എല്ലെടുത്തു വളമാക്കുമെന്നാണ് ? എന്തോ ഒരു ചൊല്ലുണ്ടല്ലോ? നീ മണ്ണാകുന്നു.....

ശ്രീ. കെ. എം. ജോർജ്ജ്: 'മനുഷ്യാ നീ മണ്ണാകുന്നു, നീ മണ്ണിലേയ്ക്കുതന്നെ പോകുകയും ചെയ്യും'.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അതേ, മനുഷ്യൻ മണ്ണാകുന്നു, നീ മണ്ണായിത്തീരും എന്നുപറഞ്ഞതുപോലെ വളമാക്കുകയല്ലേ, നല്ലതുതന്നെ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേരളാ കോൺഗ്രസ്സിന്റെ സഹായം ഇപ്പോഴേ ആവശ്യപ്പെട്ടുതുടങ്ങിയല്ലോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എന്തുകൊണ്ടു കേരളാ കോൺഗ്രസ്സിന്റെ സഹായം എടുത്തുകൂടാ? അതിൽ ഒരു തരക്കേടുമില്ല. ആവശ്യമുള്ള കാര്യങ്ങൾക്കു അറിയാവുന്ന ആളുകളോടു ചോദിച്ചു പറയും. അതില്ലാത്തതാണു് നിങ്ങൾക്കു കുഴപ്പമായി നിൽക്കുന്നത്. സർ, ഈ മുദ്രാവാക്യം എന്താണു് കാണിക്കുന്നത്? തന്റെ സ്ഥാനം വല്ല കാലത്തും തടസ്സപ്പെട്ടുപോകുമോ എന്ന ഭയത്തിൽ വൈരാഗ്യത്തിൻമേൽ എല്ലാം സംഘടിപ്പിച്ചു കഴിഞ്ഞശേഷം അതിന്റെ അവസാന ആണിയാണു് കഴിഞ്ഞ ദിവസം മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസ്താവനയിൽക്കൂടി അടിച്ചിരിക്കുന്നത്. സർ, കോൺഗ്രസ്സോ കേരളാ കോൺഗ്രസ്സോ ഐ.എസ്.പി. യോ മറ്റു ഏതെങ്കിലും പാർട്ടിയോ എന്നെപ്പറ്റി ഇത്തരം ആരോപണങ്ങൾ കൊണ്ടുവന്നിരുന്നെങ്കിൽ ഒരു അളവുവരെ അതു മനസ്സിലാക്കാമായിരുന്നു. മൂപ്പത്തു കൊല്ലം ഒന്നിച്ചു പലതും സഹിച്ചു പ്രവർത്തിച്ചവരാണ്. ഞാൻ കള്ളനാണെന്നു ആ നമ്പൂതിരിപ്പാട് "സബ്ജക്റ്റീവ് സാറ്റിസ്ഫാക്ഷന്റെ" അടിസ്ഥാനത്തിൽ പറഞ്ഞല്ലോ നമ്പൂതിരി!

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: നാണമില്ലേ നമ്പൂതിരിപ്പാടെ!

(ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. എ. വി. ആര്യൻ മുതലായവർ പോയിന്റ് ഓഫ് ഓർഡറുകൾ ഉന്നയിച്ചുകൊണ്ടു എഴുന്നേറ്റുനിന്നു.)

മി. സ്പീക്കർ: രാജിവച്ച മന്ത്രിമാർ സംസാരിച്ചുതീരട്ടെ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, അവർ എന്തു പറഞ്ഞിട്ടും ഞങ്ങൾ സന്തോഷത്തോടുകൂടി കേട്ടുകൊണ്ടിരിക്കുകയാണ്. ഇതിനു മറുപടി പറയുവാൻ ഞങ്ങൾക്കും അവസരം തരണം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: മാർക്സിസ്റ്റു പാർട്ടിയുടെ വക്കാലത്തു പിടിക്കുന്ന ശ്രീ. സി. ബി. സി. വാര്യർ എന്നാണു് കമ്മ്യൂണിസ്റ്റുപാർട്ടിയിൽ വന്നതെന്നു അറിയാവുന്ന ആളാണ് ഞാൻ. 1948-ൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ തെറ്റായനയം മൂലം തകർത്തിട്ടിരുന്ന പാർട്ടിയെ 1957-ൽ അധികാരത്തിൽവരത്തക്കവണ്ണം തല്ലിക്കൂട്ടി സംഘടിപ്പിച്ചു ശക്തിപ്പെടുത്തുകയുണ്ടായി. കാര്യക്ഷമമായി പാർട്ടിരൂപാന്തരപ്പെടുന്നതിലേയ്ക്ക് ആ അവസരത്തിൽ കുറെയൊക്കെ സംഭാവനകൾ ഞാനും ചെയ്തിട്ടുള്ളവനാണ്. ഞാൻ മന്ത്രി ആകാനല്ല തീരുമാനിച്ചത്. അന്നു ഡൽഹി സെക്രട്ടറിയേറ്റിൽ പ്രവർത്തിച്ചിരുന്ന സഖാവ് ഇ.എം.എസ്. മുഖ്യമന്ത്രിപദം ഏറ്റെടുക്കണമെന്നു പറഞ്ഞു അദ്ദേഹത്തെ കൺവിൻസ് ചെയ്തുകൊണ്ടുവന്നതാണ്. അതുകൊണ്ട് ശ്രീ. വാര്യരും അതുപോലെയുള്ള മറ്റു മെമ്പറൻമാരും ആ ഭാഗത്തുനിന്നും ഒച്ചയുണ്ടാക്കുമ്പോൾ അതിടിവെക്കവെയ്ക്കുകയില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഇവിടെ.....

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കമ്മ്യൂണിസ്റ്റു പാർട്ടിയുടെയും സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെയും കാര്യസ്ഥനായ ശ്രീ. ഗോവിന്ദപ്പിള്ളയും.....

(ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ, ശ്രീ. എ. വി. ആര്യൻ, ശ്രീ. എ. വി. കുഞ്ഞമ്പു, ശ്രീ. മത്തായി മാഞ്ഞൂരാൻ, ശ്രീ. വി. എസ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

അച്യുതാനന്ദൻ, ശ്രീ. എൻ. പ്രഭാകരതണ്ടാർ തുടങ്ങിയവർ പോയിന്റ് ഓഫ് ഓർഡർ വിളിച്ചുകൊണ്ടിരിന്നു. പലരും പലതും പറഞ്ഞുകൊണ്ടിരുന്നു. (സർവ്വത്ര ബഹളം)

ശ്രീ. എ. വി. കുഞ്ഞമ്പു: ഇത്തരം പ്രസംഗം നടത്തിയാൽ തിരിച്ചു കിട്ടും.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഒരു ബഹുമാനപ്പെട്ട മെമ്പറെ കാര്യസ്ഥൻ എന്നു വിശേഷിപ്പിക്കുന്നതു ഓർഡറിലാണോ ?

മി. സ്പീക്കർ: ആരും ബഹളം വയ്ക്കുരത്. ഞാൻ പറഞ്ഞു കഴിഞ്ഞിട്ടു സംസാരിക്കാം. ഇവിടെ രാജിവച്ച മന്ത്രിമാർ സംസാരിക്കുകയാണ്. രാജിവയ്ക്കുന്നതിനു ഇടയായിട്ടുള്ള കാരണങ്ങളെ സംബന്ധിച്ചും മൊത്തമായിട്ടുള്ള സ്റ്റേറ്റുമെന്റുകളും നടത്തുകയാണ്. അതിനിടയിൽ അവർക്കു കുറച്ചു വികാരങ്ങളും ഉണ്ടാകുകയാണെങ്കിൽ തീർച്ചയായിട്ടും കഷ്ടമയോടുകൂടി അതുകേൾക്കണം, ബാക്കിയുള്ള ബഹുമാനപ്പെട്ട മെമ്പറൻമാർ. അവരെ പ്രകോപിപ്പിക്കുന്നതരത്തിൽ ബഹുമാനപ്പെട്ട മെമ്പറൻമാർ സംസാരിക്കരുത്. എന്നുവച്ചു പറയാൻപാടില്ലാത്തതൊന്നും പറയണമെന്നു അവരോട് ഞാൻ പറയുന്നുമില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഇവിടെ കാര്യസ്ഥപ്പണി ചെയ്തു എന്നു പറഞ്ഞു. അതു ശരിയല്ല, ഇവിടെ കാര്യസ്ഥപ്പണി അറിവുള്ളവർ ഇല്ല.

ശ്രീ. ഇ. എം. ജോർജ്ജ് : പ്രസംഗിക്കുന്ന അവസരത്തിൽ വളരെ താഴ്ന്ന ലവലിൽ സംസാരിക്കുവാനാണ് ഭാവമെങ്കിൽ അതുപോലെ താഴ്ന്ന ലവലിൽ സംസാരിക്കുവാൻ ഞങ്ങൾക്കും അനുവാദം തരണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. ടി. എ. മജീദ് : ഞങ്ങൾക്കും അറിയാം സംസാരിക്കാൻ.

മി. സ്പീക്കർ : ഈ സഭയ്ക്കകത്തു ഇതുപോലെ സംസാരിക്കുവാൻ സാധിക്കുകയില്ല.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ശ്രീ. മത്തായിയെപ്പോലെ ഉയർന്ന ലവലിൽതന്നെ സംസാരിക്കാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : രാജിവച്ചുകഴിഞ്ഞാൽ അവരുടെ ലവലിൽ സംസാരം പാടില്ല, താഴ്ന്ന ലവലിലുള്ള സംസ്കാരമേ ഉണ്ടാകാൻ പാടുള്ളൂ എന്നുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : ഉയർന്ന ലവലിൽതന്നെ സംസാരിക്കാം. മത്തായിയെപ്പോലെ ഉയർന്ന നിലവാരംതന്നെ പുലർത്താം.

ശ്രീ. മത്തായി മാഞ്ഞൂരാൻ ; എന്റെ പേരു പറഞ്ഞാൽ അതു കാര്യം വേറെയാണ്. ഇരിയെടാ അവിടെ.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : സർ, ആ കാര്യങ്ങളെ സംബന്ധിച്ചുള്ള പരാമർശങ്ങൾ നിറുത്തുകയാണ്. അതിനു ഈ സഭാതലം നല്ലതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : സർ, ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. എത്രതന്നെ കഷ്ടീണിച്ചാലും ജാതിപ്പേർ പറഞ്ഞു വിളിക്കരുതെന്നു നിർദ്ദേശിക്കണം. അന്യോന്യം അതെങ്കിലും പറയാതിരിക്കണം.

ശ്രീ. പി. ഗോവിന്ദപ്പിള്ള : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. രാജിവച്ചുപോകുന്ന മന്ത്രിമാർക്കു പരാതിയും സങ്കടവും ഉണ്ടാകാമെങ്കിലും നമ്പൂതിരി, പോറ്റി, നായരെ, പിള്ളേ എന്നെല്ലാം ഈ നിയമസഭയിൽ പറയുന്നതു ഓർഡറിലാണോ ? ധാർമ്മികരോഷം ഉണ്ടെങ്കിലും മര്യാദയിൽ സംസാരിക്കേണ്ടതല്ലേ ?

മി. സ്പീക്കർ : വികാരങ്ങളും എന്തൊക്കെയുണ്ടെങ്കിലും അതെല്ലാം നോക്കിവേണം ബഹുമാനപ്പെട്ട മെമ്പറൻമാർ സംസാരിക്കുവാൻ.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അങ്ങനെ എന്തെങ്കിലും വന്നിട്ടുണ്ടെങ്കിൽ അതു പിൻവലിക്കുന്നതിനും എനിക്കു വിരോധമില്ല. അങ്ങു കൊണ്ടുവന്ന പരാമർശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. അതു അതിന്റേതായ കോഴ്സിൽക്കൂടി എവിടെയെങ്കിലും ചെന്നെത്തട്ടെ ! ഇവർ ഞങ്ങളുടെ ഭാഗത്തുനിന്നും ഉള്ള ചില ആളുകളുടെ തെറ്റായ നടപടികളും കൊണ്ടാണെന്നു വരുത്തുവാനുള്ള ചില നടപടികളും നടത്തുന്നുണ്ട്. കേരളത്തിലെപ്പോലെതന്നെ മന്ത്രിസഭയുള്ള സ്ഥലമാണ് ബംഗാൾ. അവിടുത്തെ മുഖ്യമന്ത്രിയുടെ പാർട്ടിയിൽപെട്ട ബംഗ്ലാ കോൺഗ്രസ്സിന്റെ ഒരു വക്താവ് അവിടുത്തെ സഹോദര പാർട്ടിയോടു എടുക്കുന്ന നടപടിയെ സംബന്ധിച്ചു ചില കണക്കുകളും വച്ചിട്ടുണ്ട്. കഴിഞ്ഞ ഏഴ് മാസത്തിനകം 201 രാഷ്ട്രീയ കൊലപാതകങ്ങളും അവിടെ നടന്നിട്ടുണ്ട്. കഴിഞ്ഞ ഏഴു മാസത്തിനകം നടന്നതാണ്. പരിക്കേറ്റിട്ടുള്ളവർ 673 ആണ്. ഇതൊക്കെ ഐക്യമുന്നണിയിലെ സഹോദര പാർട്ടിയിലെ ആളുകളോടു മൽസരിച്ചതുകൊണ്ടു വന്നിട്ടുള്ളതാണ്. അവമാനിക്കപ്പെട്ട സ്ത്രീകളും എട്ടാണ്. ആഗസ്റ്റു മാസത്തിൽ സഹോദര പാർട്ടികളും തമ്മിലുണ്ടായ സംഘട്ടനം 25 ആണ്.

ശ്രീ. ഇ. പി. കൃഷ്ണൻ നമ്പ്യാർ : ധർമ്മവീരയുടെ കാലത്തുള്ള കണക്കുകളാണോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : സെപ്റ്റംബർ കാലത്തു 37 ഹെഡ്മാസ്റ്റർമാരേയും ഹെഡ്മിസ്ട്രസ്സുകളേയും നിർബന്ധപൂർവ്വം രാജി വയ്പിച്ചിട്ടുണ്ട്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : ഇതു അവിടെ ഭരിക്കുവാനുള്ള പരിപാടിയാണോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : 292 കേസ്സുകളും തന്നെയും ഇതുവരെ പോലീസ് ഇടപെട്ടിട്ടില്ല. പോലീസ് തക്കസമയത്തു ഇടപെടാത്ത കേസ്സുകളുടെ എണ്ണം 202 ആണ്. ഞാൻ ആലോചിച്ചു ഇങ്ങനെയാണെങ്കിൽ ഞങ്ങളും കുറ്റക്കാരാണല്ലോ, ആ അവസ്ഥ തിരുത്തണമല്ലോ എന്ന്. ഇവിടെ മാർക്സിസ്റ്റു പാർട്ടി ഐക്യമുന്നണി പാർട്ടിയോടു എടുക്കുന്ന, സഹോദര പാർട്ടികളോടു എടുക്കുന്ന അതേ നയംതന്നെ ബംഗാളിലും തുടരുന്നതിന്റെ ഫലമായിട്ടു അവിടുത്തെ സ്ഥിതിഗതികളും മനുഷ്യരെ കൊല്ലുന്നതുവരെ ആയിട്ടുണ്ട്. ഇതു അടിസ്ഥാനപരമായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

അവരുടെ രാഷ്ട്രീയ നയത്തിന്റെ തെറ്റാണ്. ഞാൻ അതിലേക്കു ഇപ്പോഴം കടന്നാൽ വീണ്ടും ഒരു ശരിയല്ലാത്ത അന്തരീക്ഷം ഉണ്ടാകുമല്ലോ എന്നു വിചാരിച്ചു ഞാൻ അതു പറയുന്നില്ല. എങ്കിലും ഇൻഡ്യയിലെ നിർണ്ണായകമായ രാഷ്ട്രീയ പ്രതിസന്ധി എന്തായാലും തൊഴിലാളി വർഗ്ഗത്തിനും മറ്റു ജനാധിപത്യ ശക്തികൾക്കും അവരുടെ ചരിത്രപരമായ കടമകൾ നിർവ്വഹിക്കുവാൻ തടസ്സം വരുന്ന രീതിയിൽ അതിവിപ്ലവത്തിന്റെ പേർ പറഞ്ഞു തെറ്റായ രീതിയിൽ അവരെ നയിക്കുന്ന പ്രവണത ഇന്നു മാർക്സിസ്റ്റു പാർട്ടിയുടെ ഉന്നതസ്ഥാനങ്ങളിൽ ഇരിക്കുന്ന ആളുകൾക്കുണ്ട്. അവരുടെ ന്യായങ്ങൾ അറിഞ്ഞോ അറിയാതെയോ നടപ്പാക്കാനാണ് ഇവർ ശ്രമിക്കുന്നത്. ഇന്നത്തെ ഈ കാലഘട്ടത്തിൽ ഐക്യമുന്നണി ചരിത്രപരമായ ആവശ്യമായി വളർന്നു വന്നിരിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഞാൻ ഊന്നിപ്പറയുന്നില്ല. ഐക്യമുന്നണിക്കകത്തുനിന്നുകൊണ്ടു സഹോദരപാർട്ടിയെ നശിപ്പിക്കുക എന്നതാണ് നമ്മുടെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നയമെങ്കിൽ ഇവർ ഐക്യമുന്നണിക്കു ഒരു ആപത്തായിത്തീരുമെന്നും ഇവരെപ്പറ്റി ഇൻഡ്യയിലെ തൊഴിലാളിവർഗ്ഗവും ജനാധിപത്യ ശക്തികളും ജാഗ്രതയുള്ളവരായിരിക്കണമെന്നും ഓർമ്മപ്പെടുത്തുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ : മിസ്റ്റർ സ്പീക്കർ സർ, ഐക്യമുന്നണിയുടെ ഘടകകക്ഷികളെന്ന നിലയിൽ ഞങ്ങളും ഞങ്ങളുടെ മൂന്നു സഹോദര പാർട്ടികളും മുഖ്യമന്ത്രിക്ക് ഒക്ടോബർ 14-ാം തീയതി നൽകിയ പ്രസ്താവനയ്ക്ക് മറുപടി പറയുവാൻ മുഖ്യമന്ത്രി ഈ നിയമസഭാവേദി തിരഞ്ഞെടുത്തതിന്റെ ഔചിത്യം എന്തായാലും അത് ഞങ്ങളുടെ രാജി അടക്കമുള്ള പല സംഭവവികാസങ്ങൾക്കും കാരണമായിരിക്കുകയാൽ അതിനെക്കുറിച്ച് ചില കാര്യങ്ങൾ പറയുവാൻ ഞാൻ ബാദ്ധ്യസ്ഥനായിരിക്കുകയാണ്.

ഞങ്ങളുടെ പ്രസ്താവന പ്രധാനമായും ഊന്നിയത് കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിയുടെ വൻപാർട്ടി മേധാവിത്വം ഒഴിവാക്കുകയും അഴിമതി അന്വേഷണത്തിലുള്ള ഇരട്ടത്താപ്പുനയം അവസാനിപ്പിക്കുകയും ചെയ്തില്ലെങ്കിൽ മുന്നണിക്ക് നൽകിയ പിൻബലം പിൻവലിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിത്തീരുമെന്നതിലായിരുന്നു. തുടർന്ന് പിൻബലം നൽകുന്നത് ജനങ്ങളോടു നൽകിയ വാഗ്ദാനത്തിനെതിരാണെന്നും ഞങ്ങൾ പറഞ്ഞു. ചില കാര്യങ്ങൾ പറഞ്ഞതിനുശേഷം ഇക്കാര്യത്തിൽ വ്യക്തവും തൃപ്തികരവുമായ തീരുമാനങ്ങൾ എത്രയും വേഗം ഉണ്ടായില്ലെങ്കിലേ ഇങ്ങനെ ചെയ്യാൻ ഉദ്ദേശമുള്ളുവെന്നും പറഞ്ഞിരുന്നു.

എന്നാൽ മുഖ്യമന്ത്രി ഇതിനു മറുപടി നൽകിയത് നാലു കക്ഷികളിൽ ചിലതിന്റെ മന്ത്രിമാരുടെ പേരിൽ അഴിമതിക്കുറ്റം കൊണ്ടുവന്ന് പകരം വീട്ടിക്കൊണ്ടാണ്. ഇതിലും ഗൗരവാവഹമായ ആരോപണങ്ങൾക്ക് വിധേയരായ മാർക്സിസ്റ്റു മന്ത്രിമാരുടെ പേരിലെന്തേ അന്വേഷണമില്ലായെന്ന് ചോദിച്ചപ്പോഴം "ചുണയുണ്ടെങ്കിൽ അവിശ്വാസപ്രമേയം കൊണ്ടുവാ" എന്നു പറഞ്ഞു തങ്ങളുടെ സംഖ്യാബലത്തെക്കുറിച്ച് ഊറ്റം കൊള്ളുകയാണ് മുഖ്യമന്ത്രി ചെയ്തത്. ഇതിനാണ് ഞങ്ങൾ ഇരട്ടത്താപ്പു നയം എന്നു പറയുന്നത്. സാജനപക്ഷപാതത്തിനും അഴിമതിക്കുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

തെളിവുകൾ നിയമസഭയിൽ നിരത്തിനിരത്തിവച്ചു മാർക്സിസ്റ്റു മന്ത്രി മാർക്കെതിരായി. പക്ഷെ ആദ്യം മുഖ്യമന്ത്രി പ്രഥമദൃഷ്ടി ഉപയോഗിച്ചു ചിലരെ രക്ഷിച്ചു. ഇപ്പോൾ ആരോപണം തൂക്കിനോക്കിയാണ് അദ്ദേഹം അന്വേഷണത്തിന് ഉത്തരവിടുന്നത്. സ്വന്തം കക്ഷിനേതാക്കളുടെ ബന്ധുക്കൾക്ക് ജോലി കൊടുത്തും പാർട്ടിയുടെ സ്റ്റേറ്റു കമ്മിറ്റിക്കും, ജില്ലാ കമ്മിറ്റിക്കും വേറെവേറെ കോട്ടാവെച്ചും ഉദ്യോഗം കൊടുക്കുന്നവർ 'എ' ക്ലാസ് പൗരൻമാർക്കുവേണ്ടി ''ക്ലീനായി'' ഭരണം നടത്തുന്നവരാണ്. അതേ അവസരത്തിൽ ശ്രീ. വെളിയം ഭാർഗ്ഗവന്റെ ഒരു ബന്ധുവിന് സർവ്വകലാശാലാ റിസർച്ച് സൗകര്യം നൽകിയാൽ അത് അന്വേഷണവിധേയമാണ്. അളിയന് ചെയ്തത് നിഷേധിച്ചിട്ട് വെളിയന് ചെയ്തത് അന്വേഷണത്തിന് ഉത്തരവിട്ട മുഖ്യമന്ത്രിയുടെ കൈകൾ ശുദ്ധമല്ലെന്ന' ആരോപണം ഉന്നയിക്കുകയാണ്. അതിനെപ്പറ്റി പറഞ്ഞാൽ അവിശ്വാസപ്രമേയം വരട്ടെ, പാസ്സാകട്ടെ എന്നു പറഞ്ഞാൽ മതിയോ ? ഇരുമ്പുലക്ക വിഴുങ്ങി ചുക്കുവെള്ളം കുടിക്കുകയാണോ നമ്മുടെ മുഖ്യമന്ത്രി ?

ഐക്യമുന്നണി ഭരണമാണിവിടെ നടക്കുന്നതുപോൽ. പക്ഷെ സഹോദര പാർട്ടികളോട് ഒരാലോചനപോലും നടത്താതെ അവരുടെ മന്ത്രിമാരോട് ഒരു ചോദ്യംപോലും ചോദിക്കാതെ രാക്കുരാമാനം മന്ത്രിമാരെ താഴത്തിടാൻ മുഖ്യമന്ത്രിക്കൊരു മടിയുമില്ല. അഴിമതി അന്വേഷണ നിയമം സഹോദരകക്ഷികളെ ഭീഷണിപ്പെടുത്താനുള്ള ഒരു വാളായി മുഖ്യമന്ത്രി സൂക്ഷിച്ചിരിക്കുകയാണ്. പോളിറ്റ്ബ്യൂറോ സിഗ്നൽ കാണിച്ചാൽ അദ്ദേഹം വെട്ടും. ആരെയും എപ്പോഴും വെട്ടും. പോളിറ്റ്ബ്യൂറോ ആവട്ടെ ആരെയൊക്കെയാണ് ലിക്വിഡേറ്റു ചെയ്യുന്നതെന്ന് അപ്പോഴപ്പോൾ നേരത്തെയങ്ങ് പ്രഖ്യാപിക്കുകയും ചെയ്യും.

മാർക്സിസ്റ്റുകാരനോ ആശ്രിതനോ ആയാൽ അഴിമതിയുടെ കൊയ്ത്ത് നിർബാധം നടത്താം. പ്രഥമദൃഷ്ടി ബാധയില്ല. തൂക്കിനോക്കി അഴിമതി കണ്ടുപിടിക്കുകയില്ല. പോളിറ്റ് ബ്യൂറോവിന്റെ കാളികോപമില്ല. മുഖ്യമന്ത്രിയുടെ വാൾത്തലയിൽ വീഴുകയില്ല. ഇതാണ് ഇരട്ടത്താപ്പ്. വെല്ലിംഗ്ടനെതിരായി അന്വേഷണം നടത്തിക്കാൻ ആകാശഗംഗയെ പാതാളലോകത്ത് കൊണ്ടുവരുന്ന പാട് ഞങ്ങൾ പെട്ടിട്ടുണ്ട്. കോഓർഡിനേഷൻ കമ്മിറ്റി അവർ നിശ്ചലമാക്കി. ജോയിന്റു പാർലമെന്ററി പാർട്ടി നിർവീര്യമാക്കി. ക്യാബിനറ്റിൽപോലും തടസ്സനയം സ്വീകരിച്ചു. ഈ സഭ ദശാബ്ദങ്ങളായി നേടിയ സൽപ്പേര് കളഞ്ഞുകുളിച്ചു. ചെയറിന്റെമേൽപോലും ചെളിതെറിപ്പിച്ചു. അവസാനം ഉത്തരവിട്ടതോ ? ഒരു മുട്ടുശാന്തി അന്വേഷണത്തിന്. ''അമ്മായിയും കുടിച്ചു പാൽക്കഞ്ഞി''യെന്നു പറഞ്ഞതുപോലെയുള്ള ഒരന്വേഷണമാണിത്. കാര്യമായിയുന്നയിച്ച ആരോപണങ്ങളെയൊക്കെ മറുകണ്ടം ചാടിനാമമാത്രമായ രണ്ട് ചാർജ്ജ് വച്ചുകൊടുത്ത് ഈ സഭയെ തൃപ്തിപ്പെടുത്താനൊരു വൃഥാശ്രമം നടത്തുന്നു. മുഖ്യമന്ത്രി, ലോകമിതു കാണുന്നുണ്ട്. വെല്ലിംഗ്ടന്റെ പേരിൽ നടക്കുന്നതന്വേഷണമല്ല, അന്വേഷണപ്രഹസനമാണ്, അന്വേഷണാഭാസമാണ്.

കോൺഗ്രസ്സും, കേരളാ കോൺഗ്രസ്സും സഹായിക്കുമെന്നും വെച്ചിട്ടാണ് ഞങ്ങൾ അഴിമതി അന്വേഷണത്തിന് പ്രമേയം കൊണ്ടുവന്നതെന്ന് മുഖ്യമന്ത്രി ഒന്നിലധികം തവണ പറഞ്ഞു. മാർക്സിസ്റ്റു പാർട്ടി തന്നെ സഹായിക്കുമെന്ന് ഞങ്ങൾക്കു വിശ്വസിച്ചുകൂടേ ? എസ്. എസ്. പി. ക്ക് സഹായിച്ചുകൂടേ ? മാർക്സിസ്റ്റു എം. എൽ. എ. മാർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. മുഹമ്മദ്കോയ]

ആരുടെ സഹായം പ്രതീക്ഷിച്ചാണ് പ്രമേയം കൊണ്ടുവന്നത്? മാർക്സിസ്റ്റു പാർട്ടി അന്വേഷണത്തിനെതിർത്തത് ഞങ്ങളുടെ കുറ്റമാണോ? ശ്രീ. സുന്ദരയ്യാ മുൻകൂട്ടി പ്രഖ്യാപിച്ചതിനുശേഷമാണെങ്കിലും കുഞ്ഞുസാഹിബ്ബിന്റെ പേരിൽ പ്രഥമദൃഷ്ടിയുടെ പിൻബലത്തിൽ വന്ന അന്വേഷണത്തെ ഞങ്ങളും എതിർത്തിരുന്നുവോ? കോ ഓർഡിനേഷൻ കമ്മിറ്റിയിൽ ഒരു അന്വേഷണാപേക്ഷയ്ക്ക് ഭീക്ഷാപാത്രവുമായി ഞങ്ങളും എത്രനാളം കാത്തുനിന്നു? ''ഞങ്ങളുടെ ഭക്തന്നെതിരിലന്വേഷണമോ''? എന്ന നിലപാടല്ലേ മാർക്സിസ്റ്റുകാരും സ്വീകരിച്ചത്. അഴിമതിയന്വേഷണബിൽ അവർ പൂഴ്ത്തിവച്ചില്ലേ? ഇടക്കാലമെഷീനറിയെ അവർ ഇടംകോലിട്ടില്ലേ? മാർക്സിസ്റ്റുകാർക്കിഷ്ടമുള്ളവരുടെ മേൽ മാത്രം അന്വേഷണമെന്ന നിസ്സഹായാവസ്ഥയിലേക്കവർ ഞങ്ങളെ തള്ളിയില്ലേ? കണ്ണിലെ കൃഷ്ണമണിപോലെ മുന്നണിയെ കാത്തുരക്ഷിക്കാമെന്ന് ജനങ്ങളോട് മിസ്റ്റർ നമ്പൂതിരിപ്പാട് ഏറ്റതാണ്. പക്ഷെ അദ്ദേഹത്തിന്റെ കൃഷ്ണമണി പോളിറ്റ്ബ്യൂറോ കൊത്തിക്കൊണ്ടുപോയിരിക്കുന്നു. പാർട്ടിത്തിമിരംകൊണ്ട് അന്ധനായ അദ്ദേഹം സഹോദരകക്ഷികളെ സങ്കോചലേശമെന്യേ ''ചൂടുള്ള ഉരുളക്കിഴങ്ങു''പോലെ താഴെയിട്ടിരിക്കുന്നു, വെള്ളിയാഴ്ച അദ്ദേഹമിവിടെ ചെയ്തത് മുന്നണിയുടെ ചരമപ്രസംഗമാണ്. ഞങ്ങളുടെ പ്രമേയമാകെ അദ്ദേഹം തിരസ്കരിച്ചിരിക്കുന്നു.

മുന്നണിയിൽ ഞങ്ങളുടെ നാലു കക്ഷികൾക്ക് ഭൂരിപക്ഷമില്ലെന്ന് മി. നമ്പൂതിരിപ്പാട് പേർത്തുംപേർത്തും പറയുന്നു. ഞങ്ങളെ അവഗണിക്കാനദ്ദേഹത്തെ പ്രേരിപ്പിക്കുന്നതും അതുതന്നെയാണ്. എല്ലാവരുടേയും സഹായത്തോടുകൂടി നേടിയ സംഖ്യാബലം ഘടകകക്ഷികളുടെ വാദങ്ങളെ പുച്ഛത്തോടെ തള്ളിക്കളയാൻ അവരെ പ്രേരിപ്പിക്കുന്നു. ഒരു സമയനിർണ്ണയം ചെയ്തത് ചില കാര്യങ്ങൾ ചെയ്യണമെന്ന് ഘടകകക്ഷികൾ പറഞ്ഞാൽ അതു തള്ളിക്കളയുക എന്നിട്ടും മന്ത്രിസഭയിൽ പറഞ്ഞുകൂടുന്നുവെന്ന് പരിഹസിക്കുക, ഇതൊക്കെ ചില സഹകക്ഷികളോട് നേരത്തെയെടുത്ത അടവുകളാണ്.

പ്രധാനപ്പെട്ട വകുപ്പുകൾ മാർക്സിസ്റ്റു പാർട്ടി നേരത്തെ കയ്യടക്കിവച്ചിരിക്കുകയാണ്. അതിന്റെകൂടെ എല്ലാവരുംകൂടി ഐ. എസ്. പിക്ക് എൽപിച്ചുകൊടുത്ത ധനകാര്യവകുപ്പ് പിടിച്ചെടുത്തു. അതും അനധികൃതമായി കൈവശം വച്ചു. മുഖ്യമന്ത്രി ജർമ്മനിയിലേക്കു പോകുമ്പോഴും ഈ വകുപ്പ് ആരോടും ചോദിക്കാതെ സ്വന്തക്കാർക്ക് നൽകി സഹോദര കക്ഷികളെ അപമാനിക്കുകയാണ് ചെയ്തത്. മറ്റു വകുപ്പുകളിൽ അവിഹിതമായ സ്വാധീനം ചെലുത്തുന്നതിൽ റവന്യൂ, പോലീസ്, ധനകാര്യം, വിജിലൻസ്, സർവ്വീസസ് മുതലായ എല്ലാ വകുപ്പുകളേയും ഉപയോഗിക്കുന്നു. കളക്ടർമാരെയോ, ഡി. എസ്. പി. മാരെയോ നിയമിക്കുന്നത് മറ്റു മന്ത്രിമാർ അറിയാറില്ല. അവരോടു പറയാറില്ല. പോലീസ് ഉദ്യോഗസ്ഥൻമാർ പാർട്ടി ഓഫീസിൽനിന്നും കൽപന കിട്ടിയാലേ ഇടപെടാൻ വരൂ. മറ്റു പാർട്ടിക്കാർക്ക് രക്ഷ എവിടെ? ഒരു മന്ത്രിയായ ഞാൻ ഘെരാവോ ചെയ്യപ്പെട്ടപ്പോഴും ആ സ്ഥലത്തൊന്നു വരാൻ പോലും കോഴിക്കോട് ഡി. എസ്. പി. ക്ക് സൻമനസ്സുണ്ടായില്ല. ശ്രീ. പി. ആർ. കുറുപ്പിനുണ്ടായ അനുഭവം ഇതിലും വിചിത്രമാണ്. ശ്രീ. പി. ആർ. കുറുപ്പ് ഒരു യോഗത്തിൽ സംബന്ധിക്കാൻ പോയപ്പോഴും, തൃശ്ശൂർ കളക്ടർ മേനോക്കി അവിടെ പോകുന്നതിനോ അദ്ദേഹത്തിന്

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണം കൊടുക്കുന്നതിനോ തയ്യാറായില്ല. ഒരു നൂറാം ക്ലാസ് മാർക്സിസ്റ്റുകാരനോടാണ് ഇങ്ങനെ പെരുമാറിയതെങ്കിൽ ടെലി ഫോണിൽ ആ ഉദ്യോഗസ്ഥൻമാർ മാറിമറിയുമായിരുന്നു. വിജിലൻസ് കമ്മീഷണർ രാമനാഥൻപിള്ള മാർക്സിസ്റ്റുകാരുടെ ചീട്ടു കിട്ടിയാൽ ഏതാഫീസിലും ഭീഷണിയുമായി കയറിച്ചെല്ലും. അവർ പറയുന്നത ല്ലാതെ ഞങ്ങൾ പറയുന്നത് ഉദ്യോഗസ്ഥൻമാരനുസരിക്കേണ്ടതില്ലെന്ന ഒരു നിലപാടുണ്ടാക്കാൻ ഈ ഉദ്യോഗസ്ഥൻ അശ്രാന്തപരിശ്രമം ചെയ്യുന്നു. മലയാറ്റൂർ രാമകൃഷ്ണന്റെ സംഭവം ഇന്നും നമ്മുടെ സ്മരണയിൽ പച്ച യായിട്ടുണ്ടല്ലോ. അതേയവസരത്തിൽ അഴിമതിക്കാരായ കുഞ്ഞനേയും രവീന്ദ്രനേയും ആരോടും ചോദിക്കാതെ മുൻകാല പ്രാബല്യത്തോടുകൂടി പുനർനിയമനം നടത്തി.

നിയമസമാധാനങ്ങളും അപകടത്തിലാണ്. മാർക്സിസ്റ്റുകളും പറ ഞ്ഞാലേ പോലീസ് വരൂ ; ഇടപെടൂ. ഇമ്പിച്ചിബാവയുടെ 'എ' ക്ലാസ് പൗരൻമാർക്കേ ഇവിടെ പോലീസ് സഹായം കിട്ടുകയുള്ളൂ. എവിടെ യെങ്കിലും പോലീസ്, നീതി പ്രവർത്തിച്ചാൽ എ. കെ. ഗോപാലനും കൂട്ടുകാരും പ്രസ്താവനകളും ഇറക്കും. പിന്നെ ആ ഉദ്യോഗസ്ഥനെ കാസർകോട്ടോ, ദേവികുളത്തോ, അഗളിയിലോ അന്വേഷിച്ചാൽ മതി. ജന ങ്ങളുടെ ഇടയിൽ അസംതൃപ്തി ഉളവാക്കാനുള്ള ശ്രമങ്ങളും അനുസ്യൂത മായി നടന്നുവരുന്നു. കുപ്രസിദ്ധമായ "ചാത്തുണ്ണി വിപ്ലവ"ത്തിനുള്ള ആഹ്വാനത്തെത്തുടർന്നു ഭൂമി കയ്യേറ്റങ്ങളും നിത്യസംഭവങ്ങളാണ്. രാഷ്ട്രീയ കൊലപാതകങ്ങളും പെരുകിവരുന്നു.

വ്യവസായങ്ങളും വളരാൻ സമ്മതിക്കുന്നില്ല. ഉള്ളതിനെ തകർക്കാൻ ശ്രമിക്കുന്നു. ഘെരാവോ നടത്തി വ്യവസായശാലകളും അടയ്ക്കുന്നു. കൃഷിരംഗത്ത് അസമാധാനം വളർത്തി ഉൽപാദനം തകർക്കുന്നു. ഇതൊക്കെ പരിഹരിക്കാൻ ഞങ്ങൾ ഉള്ളിൽവച്ചു നടത്തിയ ശ്രമങ്ങളെ മാർക്സിസ്റ്റു പാർട്ടി അശേഷം ഗൗനിച്ചില്ല. ഇപ്പോഴും മുഖ്യമന്ത്രി ആ പ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുകയാണ്.

മുഖ്യമന്ത്രിയുടെ നീതിനിഷ്ഠയിലും വ്യക്തിത്വത്തിലും എത്ര വിശ്വാസം അർപ്പിച്ചുവോ അത്രയും നിരാശ ഞങ്ങൾക്കുണ്ടായി. മുഖ്യ മന്ത്രി പാർട്ടിയുടെ തടവുകാരനാണ്. പാർട്ടിയെ പിണക്കിയാൽ അദ്ദേഹം വലിയവില കൊടുക്കേണ്ടിവരും.

ഏകോപനസമിതിയെ ഒരു ടാക്കിംഗ് ക്ലബ്ബായി അവർ അധഃപതി പ്പിച്ചു. തീരുമാനം എടുക്കുന്നത് എന്ത് വിഷയത്തെക്കുറിച്ചാണെന്നു പോലും അവരുടെ പോളിറ്റ്ബ്യൂറോ മുൻകൂട്ടി തീരുമാനിക്കും. ഏകോ പനസമിതി തീരുമാനിച്ചാൽ തന്നെ അത് ഏട്ടിലെ പശുവാണ്. മിച്ചഭൂമി കൂടി ഭൂവിതരണക്കമ്മിറ്റികൂടി മുഖേന പതിച്ചുകൊടുക്കാനുള്ള തീർപ്പിനെ റവന്യൂമന്ത്രി കാറ്റിൽ പറത്തി. കൃഷ്യവിതരണത്തിന്റെ ഹോംസെയിൽ എഫ്. സി. ഐ. ക്ക് കൊടുക്കണമെന്ന തീർപ്പ് മാർക്സിസ്റ്റു പാർട്ടി മാനിച്ചില്ല. അവിഹിതനിയമനത്തിന് കുപ്രസിദ്ധമായ ട്രാൻസ്പോർട്ടു വകുപ്പ് കഴിഞ്ഞാൽ മാർക്സിസ്റ്റുകാരുടെ ഏറ്റവും വലിയ കറവപ്പശു വാണ് ഇന്നത്. കശുവണ്ടിയുടെ കുടിവറുപ്പിനെക്കുറിച്ചുള്ള തൊഴിൽ മന്ത്രിയുടെ തീർപ്പിനെക്കുറിച്ചും ജനങ്ങൾക്ക് ബലമായ സംശയമുണ്ട്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകാർ കയ്യേറിയാൽ ഇറക്കുകയില്ല. മറ്റു ള്ളവരെ അടിച്ചിറക്കും. ഭൂമി പതിച്ചുകിട്ടുന്നത് മാർക്സിസ്റ്റുകാർക്കു തന്നെ. ഇതെന്ത് ഐക്യമുന്നണിയാണ്, സർ ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എച്ച്. മുഹമ്മദ്കോയ]

അഴിമതി നിരോധന ബിൽ കോ ഓർഡിനേഷൻ കമ്മിറ്റി അംഗീകരിച്ച താണ്. പക്ഷെ ബ്യൂർഷ്വാ ജുഡീഷ്യറിക്ക് തങ്ങളുടെ സഖാക്കളെ വിചാര ണയ്ക്ക് കൊടുക്കുകയില്ലെന്ന് സുന്ദരയ്യാ പ്രഖ്യാപിച്ചു. മുഖ്യമന്ത്രി ബിൽ മടക്കി ഫയൽപ്പെട്ടിയിൽ വച്ചു. ഇവിടത്തെ വെളിച്ചപ്പാടൻമാർ പ്രസംഗിച്ചാലും പോളിറ്റ്ബ്യൂറോയിലെ ദൈവങ്ങൾ പ്രസാദിച്ചില്ലെങ്കിൽ എന്ത് മുന്നണി ? എന്ത് ഐക്യം ? ഏത് കോ ഓർഡിനേഷൻ ?

മരണത്തിലേക്ക് അടിവെച്ചടിവെച്ച് നീങ്ങിക്കൊണ്ടിരിക്കുമ്പോഴും അത്യദ്ധ്വാനം ചെയ്തു എന്നെ അന്തരിച്ചുപോയ സ്നേഹിതൻ കുരിക്കൾ പഞ്ചായത്തിരാജ് ബില്ല് സെലക്ടു കമ്മിറ്റി റിപ്പോർട്ടിന്റെ ഘട്ടത്തിലെ ത്തിച്ചതാണ്. അപ്പോഴും പറഞ്ഞു അതെടുക്കാൻ അനുവാദമില്ലെന്ന്. ഞങ്ങൾ ഭൂനയ ബില്ലിനെതിരാണെന്നും ജൻമിമാരുടെ ഏജൻറാണെന്നും അമേരിക്കൻ പണം പറ്റുന്നവരാണെന്നുംവരെ മാർക്സിസ്റ്റുകാരും സിൽബന്ധികളും പറഞ്ഞുനടന്നു. ഭൂനയബിൽ കൊണ്ടുവരാൻ താമസി ച്ചത് ഞങ്ങൾ മൂലമായിരുന്നുവോ ? എന്നിട്ടും ആ ബില്ലിന് മുൻഗണന നൽകി പാസ്സാക്കാൻ ഞങ്ങൾ മുന്നിൽനിന്നു പ്രവർത്തിച്ചു. ഭൂനയ ബില്ലിന്റെ ശത്രുക്കൾക്ക് ഭാവനയിലെങ്കിലും മിത്രങ്ങളെ ഉണ്ടാക്കി ആശ നൽകിയ കുറ്റം ഞാൻ മാർക്സിസ്റ്റുകളുടെ പേരിൽ ആരോപിക്കുക യാണ്. ആർ. കൃഷ്ണന്റെ സ്വയം സംസ്കരിക്കുന്ന ഭേദഗതി നിയമസഭാ റിക്കാർഡിൽ കിടന്നു മാർക്സിസ്റ്റുകളെ പരിഹസിക്കുന്നുണ്ടാകും.

സർ, ഈ പരിമിതികളും ദ്രോഹങ്ങളുമെല്ലാം ഉണ്ടായിട്ടും പൊതുജന ങ്ങൾക്ക് നൻമ ചെയ്യാൻ എന്റെ വകുപ്പുവഴി ഉദ്യോഗസ്ഥൻമാരുടെ സഹാ യത്തോടുകൂടി ഞാൻ പരിശ്രമിച്ചിട്ടുണ്ട്. അദ്ധ്യാപകൻമാർക്ക് സംര ക്ഷണവും വിദ്യാർത്ഥികൾക്ക് സർവ്വകലാശാലകളിൽ പ്രാതിനി ദ്ധ്യവും നൽകുന്ന യൂണിവേഴ്സിറ്റി നിയമം, ടീച്ചർമാർക്ക് ഉയർന്ന ശ്രേഡു നൽകുന്ന പരിഷ്കരണം, കോഴിക്കോട് സർവ്വകലാശാലയുടെ സ്ഥാപനം, പിരിച്ചുവിടുന്ന അദ്ധ്യാപകൻമാർക്ക് നൽകുന്ന ഒരുതിരു വരെയുള്ള വേഗത, ഒൻപതും പത്തും സ്റ്റാൻഡേർഡുകളിൽ ഫീസ് എടുത്തുകളഞ്ഞത്, പാർടൈം അദ്ധ്യാപകൻമാരെ ഫുൾടൈം ആക്കാനുള്ള പദ്ധതി, സർവ്വകലാശാലയിലും ലാകോളേജിലും മറ്റും നൽകിയ റിസർ വേഷൻ, കുമാരപിള്ള കമ്മീഷനനുസരിച്ച ആനുകൂല്യങ്ങൾ കൂടുതൽ വ്യാപകമാക്കിയത്, അറബി അദ്ധ്യാപകൻമാർ മാത്രം ഭാഷാദ്ധ്യാപകര ല്ലെന്ന അനീതി പരിഹരിച്ചത്, തയ്യൽ ടീച്ചേഴ്സ് ഉൾപ്പെടെ അനേകം സ്പെഷ്യൽ ടീച്ചർമാർക്ക് വളരെയധികം തസ്തിക അനുവദിച്ചത് ഇങ്ങനെ എത്രയോ കാര്യങ്ങൾ എണ്ണിയെണ്ണി പറയുവാനുണ്ട്. എല്ലാത്തിലും ഉപരിയായി കുത്തഴിഞ്ഞ പുസ്തകമെന്ന കുപ്രസിദ്ധമായ വിദ്യാഭ്യാസ വകുപ്പിലെ കുഴപ്പങ്ങൾ നീക്കി അതിനെ ഒരു സാധാരണ വകുപ്പുപോലെ യാക്കാൻ ഞാൻ വിജയപൂർവ്വം അത്യദ്ധ്വാനം ചെയ്തു. എന്നാൽ ഏക കകക്ഷി മേധാവിത്വത്തിന്റെ അന്തരീക്ഷത്തിൽ ഐക്യമുന്നണിയെ നിഷ്കരു ണം ബലികൊടുത്ത മുഖ്യമന്ത്രിയുടെ നിഷ്ഠൂരമായ നീക്കംകൊണ്ട് എന്റെ ഭാവനയിലുള്ള പല നല്ല നടപടികളും നടപ്പിലാക്കാൻ കഴിഞ്ഞില്ല യെന്ന് പറയുവാൻ എനിക്ക് മനോവേദനയുണ്ട്. പക്ഷേ അതേയവസര ത്തിൽ ഏകകകക്ഷി മേധാവിത്വത്തിന് ആത്മാഭിമാനമുള്ള എന്റെ കക്ഷി തലകുനിച്ചില്ലെന്നതിൽ എനിക്കാശ്വാസമുണ്ട്, അഭിമാനമുണ്ട്, ആനന്ദ വുമുണ്ട്. ഒരു കക്ഷിയുടെ അന്തസ്സ് രണ്ട് മന്ത്രിസ്ഥാനങ്ങൾക്ക് പകരമാവില്ലെന്നു മുഖ്യമന്ത്രിക്കറിയാമല്ലോ ?

LIBRARY ARCHIVES Kerala Legislative Assembly

കുൽസിത മാർഗ്ഗങ്ങളും കൈക്കൊള്ളില്ലെന്ന് മുഖ്യമന്ത്രി പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ട്. വെല്ലിംഗ്ടന്റെയും ടി. വി. യുടേയും അന്വേഷണ ഉത്തരവുകളും താരതമ്യപ്പെടുത്തി വായിച്ചുനോക്കിയിട്ട് ഇതല്ലേ കുൽസിതമാർഗ്ഗമെന്ന് മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുകയാണ്. മുഖ്യമന്ത്രിയുടേയും എം. എൻ. നേരയും പേരിലുള്ള ആരോപണപത്രങ്ങളും വായിച്ചുനോക്കിയിട്ട് ആദ്യത്തേതിന് അന്വേഷണമിടാത്തതല്ലേ കുൽസിത മാർഗ്ഗമെന്ന് ഞാൻ ചോദിക്കുന്നു. ഈ മന്ത്രിസഭ തുടരാനധികാരമില്ലെന്ന് ഭൂരിപക്ഷം നിയമസഭാംഗങ്ങളെ പ്രതിനിധീകരിക്കുന്ന കക്ഷി നേതാക്കളും പറഞ്ഞിട്ടും അവിശ്വാസപ്രമേയം പാസ്സാക്കി മന്ത്രിസഭയെ ഒന്നു കൊന്നുതരൂ ഞാനൊരു രക്തസാക്ഷിയാവട്ടെയെന്ന് സാങ്കേതിക തത്വത്തിന്റെ തലനാരിഴമേൽ തൂങ്ങി വാദിക്കുന്നതല്ലേ കുൽസിതമാർഗ്ഗം. മുഖ്യമന്ത്രി, അങ്ങയുടെ ഈ വാദത്തിനു മുമ്പിൽ പനമ്പള്ളിയുടെ "ഐവർ ജെന്നിംഗ്സ് വാദം" നിഷ്പ്രഭമായിപ്പോയിരിക്കുന്നു. അങ്ങ് ജനാധിപത്യമര്യാദയുണ്ടെങ്കിൽ രാജിവെച്ചുകൊള്ളുക. ഞങ്ങളേതായാലും പിരിയുകയാണ്.

[Mr. Deputy Speaker in the Chair]

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, മുഖ്യമന്ത്രി കഴിഞ്ഞ 17-ാം തീയതി ഇവിടെ ഉന്നയിച്ച ചില പ്രസ്താവനകളെ ലക്ഷ്യമാക്കിക്കൊണ്ടാണ് എനിക്ക് എന്റെയും എന്റെ പാർട്ടിയുടെയും നിലപാട് അങ്ങയുടെ മുമ്പിൽ സമർപ്പിക്കാനുള്ളത്. പക്ഷേ ഈ സന്ദർഭത്തിൽ ഞാൻ മുഖ്യമന്ത്രിയെ നമ്പൂതിരിപ്പാട് എന്നേ വിളിക്കുകയുള്ളൂ. എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി ഇമ്പിച്ചിബാവക്ക് ഇതിൽ അസുഖം തോന്നരുത്. കാരണം നമ്പൂതിരിപ്പാടെന്ന സംബോധന അദ്ദേഹത്തിനും അദ്ദേഹത്തിന്റെ പാർട്ടിക്കും അപമാനകരമായി തോന്നുന്നുണ്ടെങ്കിൽ ആ 'വാല' ഒന്നു മുറിച്ചുകളയാൻ നേതാവിനോടു പറഞ്ഞാൽ മതിയെന്നാണ് എനിക്കു പറയാനുള്ളത്. നമ്പൂതിരിപ്പാടെന്നു പറയുന്നതിന് അർത്ഥമുണ്ട്. 17-ാം തീയതിയിലെ പ്രസ്താവന കേരള നിയമസഭയിലെ ഐക്യമുന്നണി ഗവൺമെൻറിന്റെ മുഖ്യമന്ത്രിയുടേതല്ല, സർ. യഥാർത്ഥത്തിൽ അന്നുവരെ ഐക്യമുന്നണിയുടെ മുഖ്യമന്ത്രിയായിരുന്ന ഒരു ശരീരത്തിന്റെ പ്രേതംകൂടിയായ മാർക്സിസ്റ്റു പാർട്ടിയുടെ സഖാവിന്റേതായിരുന്നു അന്നത്തെ പ്രസ്താവന എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് ശ്രീ. നമ്പൂതിരിപ്പാട് എന്നുതന്നെ ഞാൻ സംബോധന ചെയ്യുകയാണ്. 17-ാം തീയതിയിലെ പ്രസ്താവനയുടെ ഉള്ളടക്കം പരിശോധിക്കാൻ ഞാനാഗ്രഹിക്കുന്നു. അന്നത്തെ അദ്ദേഹത്തിന്റെ പ്രസ്താവന സ്വന്തം പാർട്ടിക്കാരെ കുഴപ്പത്തിൽനിന്നു സംരക്ഷിക്കാനും തന്റെ ഘടകപ്പാർട്ടിക്കാരെ തേജോവധം ചെയ്യാനും കരുതിക്കൂട്ടി ഉദ്ദേശിച്ചുകൊണ്ടുള്ള ദുഷ്ചെയ്തികളുടേയും, ദുഷ്പ്രവണതകളുടേയും ഫലമായിരുന്നില്ലേ എന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. എപ്പോഴാണ് സർ, ഐക്യമുന്നണിക്ക് അദ്ദേഹത്തിന്റെ സഹായം ഉണ്ടായിരുന്നത്. ഐക്യമുന്നണിയെ അന്നത്തെ പ്രസ്താവനയോടുകൂടി അദ്ദേഹത്താൽതന്നെ കൊലചെയ്യപ്പെട്ടിരിക്കുകയാണ്. അദ്ദേഹത്തിന് രാഷ്ട്രീയരംഗത്ത് ഒരു കൊലപാതകത്തിന്റെ ഉത്തരവാദിത്വം ഏൽപ്പിക്കാനുണ്ടെങ്കിൽ അതു മാത്രം മതി, കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ ഭാവി തലമുറ അതു രേഖപ്പെടുത്തുമെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുകയാണ്. എന്താണ് ഈ രാഷ്ട്രീയ കൊലപാതകത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്? ഐക്യമുന്നണി ഉടലെടുത്തുകഴിഞ്ഞ് അൽപ്പദിവസത്തിനുശേഷം അദ്ദേഹം തന്റെ ഇടത്തും വലത്തും അവരുടെ അഭിവന്ദ്യ നേതാക്കൻമാരാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

ണെന്നു പറയപ്പെടുന്ന സുന്ദരയ്യായേയും, എ. കെ. ഗോപാലനേയും ഇരുത്തി, പത്രക്കാരുടെ മുമ്പിൽ പറയുകയുണ്ടായി, ഐക്യമുന്നണിയേയും ഇവിടത്തെ ഗവൺമെൻറിനേയും ചൂഷണം ചെയ്യാൻ, തേജോവധം ചെയ്യാൻ, നശിപ്പിക്കാൻ എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. ടി. വി. തോമസ് കോൺഗ്രസ്സുകാരുമായി കൂടിയാലോചന നടത്തിക്കൊണ്ടിരിക്കുകയാണെന്ന്. അദ്ദേഹം പറഞ്ഞത് കോ ഓർഡിനേഷൻ കമ്മിറ്റിയിലല്ല, ഐക്യമുന്നണിയുടെ യോഗത്തിലല്ല. അദ്ദേഹം അതു പറഞ്ഞത് അദ്ദേഹത്തോടൊപ്പം നിൽക്കുന്ന രാഷ്ട്രീയകക്ഷികളുടെ നിയമസഭാസാമാജികൻമാരുടെ പാർലമെൻറി പാർട്ടി യോഗത്തിലല്ല. കേരളത്തിലെ ജനങ്ങളെ മാത്രമല്ല ഇൻഡ്യയിലും ലോകത്തിലുമുള്ള മുഴുവൻ ആളുകളും മനസിലാക്കാൻ വേണ്ടി പരസ്യമായ പത്രപ്രസ്താവന വഴിയാണ്. ഒരുപക്ഷേ അദ്ദേഹം അതിനു നിർബന്ധിതനായതുകൊണ്ടായിരിക്കാം അങ്ങനെ ചെയ്തത്. സീതയെ കവർന്നുകൊണ്ടുപോയ രാവണൻ പാതിവ്രത്യഭംഗം വരുത്താൻ ശ്രമിച്ചപ്പോഴെ ഒരു പുൽത്തുമ്പു വലിച്ചു മുമ്പിലിട്ടിട്ട് അതിനെ നിഷേധിക്കാൻ തയ്യാറായ സീതയെപ്പോലെ നമ്പൂതിരിപ്പാടാകുന്ന പുൽത്തുമ്പിനെ മുമ്പിൽ ഇരുത്തിക്കൊണ്ട് എ. കെ. ഗോപാലനും, സുന്ദരയ്യായും നീചവും ഭൽസിതവുമായ അഭിപ്രായമാണ് ശ്രീ. നമ്പൂതിരിപ്പാടിനെക്കൊണ്ട് പറയിച്ചത് എന്നു ഞാൻ വിശ്വസിക്കുന്നു. അന്നാരംഭിച്ചതാണ് ഐക്യമുന്നണിയുടെ തലകൊയ്ത്ത്. സർ, നമ്പൂതിരിപ്പാടിന്റെ പരിപാവനമല്ലാത്ത കൈകൊണ്ട് നിരവധി കൊള്ളരുതായ്മയുടെയും കൃത്രിമങ്ങളുടെയും നേതൃത്വം വഹിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ നേതാവായ ഈ ഘാതകന്റെ കൈകൊണ്ട് ഐക്യമുന്നണിയുടെ തലയ്ക്ക് അന്നേ അടിയേറ്റതാണ്. ആ അടിയേറ്റു പിടഞ്ഞുകൊണ്ടിരുന്ന ഐക്യമുന്നണിക്ക് ഇന്നുവരേയ്ക്കും ജീവൻ നിലനിറുത്താനുള്ള ചികിൽസ ചെയ്യുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. അങ്ങനെ നമ്പൂതിരിപ്പാടിന്റെ അടിയേറ് അന്നുമുതൽ പിടഞ്ഞുകൊണ്ടിരിക്കുന്ന ഐക്യമുന്നണിയെ 17-ാം തീയതി 12 മണിക്ക് അദ്ദേഹത്താൽതന്നെ ശവസംസ്കാരം നടത്തി കുഴിയിലേക്ക് എടുത്തുകൊണ്ടുവയ്ക്കപ്പെട്ട ഘാതകന്റെ ചരിത്രം കേരളവും ലോകവും എന്നെന്നും സ്മരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. ഒരു കാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. പുരോഗമനവാദിത്വം പ്രസംഗിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പാർട്ടി അന്തസ്സുള്ള രാഷ്ട്രീയകക്ഷിയാണെന്നു പ്രഖ്യാപിക്കാനുള്ള ആഗ്രഹവും ജിജ്ഞാസയും അദ്ദേഹത്തിൽ കണ്ടിരുന്നു. ഞാൻ പറയുന്നു, ഈ ലോകത്ത് ജൻമിത്വത്തിന്റെയും മുതലാളിത്വത്തിന്റെയും തുറുപ്പുചീട്ടായി അധഃപതിച്ച ഒരു രാഷ്ട്രീയകക്ഷിയുണ്ടെങ്കിൽ അത് കേരളത്തിലെ മാർക്സിസ്റ്റു പാർട്ടിയാണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇതിന് നിരവധി ഉദാഹരണങ്ങൾ തെളിയിക്കാൻ സാധിക്കും. കോടഞ്ചേരി ഭൂമി കയ്യേറ്റത്തെപ്പറ്റിയും ചാത്തുണ്ണിമാസ്റ്ററുടെ കെട്ടിട നിർമ്മാണത്തെപ്പറ്റിയും പരിശോധിക്കാൻ നമ്പൂതിരിപ്പാട് തയ്യാറാണോ എന്ന് ഞാൻ ചോദിക്കുകയാണ്. നിരവധി ഉദാഹരണങ്ങൾ എനിക്കു പറയാനുണ്ട്. പട്ടിക പറയാൻ ഇനിയും അവസരമുണ്ട്; അപ്പോഴെ പറഞ്ഞുകൊള്ളാം. ശ്രീ. എ. കെ. ജി. ഒരുദിവസം പറഞ്ഞു പത്താംതരം വരെയുള്ള കുട്ടികൾക്ക് ഫീസ് എടുത്തുകളയണമെന്നാണ് എന്റെ പാർട്ടിയുടെ നയം. പക്ഷേ എന്തുചെയ്യാം മാർക്സിസ്റ്റു പാർട്ടി ഒറ്റയ്ക്കല്ലല്ലോ ഭരിക്കുന്നത്. അദ്ദേഹത്തിന്റെ അമ്മായിവാക്കു കേട്ടാൽ ആളുകൾക്കു തോന്നും പത്താംതരം വരെ ഫീസെടുത്തുകളയുന്നതിനുള്ള നിർബന്ധപൂർവ്വമായ ആഗ്രഹം മാർക്സി

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റു പാർട്ടിക്കുണ്ടായിട്ടും പാടില്ലെന്നു മറ്റ് ആറു കക്ഷികളും പറയുന്നതുകൊണ്ട് നല്ലതുചെയ്യാൻ സാധിക്കുന്നില്ലെന്ന്. കാപട്യത്തിന്റെയും സത്യസന്ധതയുടെയും കണികപോലുമില്ലാത്ത ഒരു അഭിപ്രായമായിരുന്നു അത്. പത്താംതരം വരെ ഫീസ് ഇളവു ചെയ്യണമെന്ന് വിദ്യാഭ്യാസമന്ത്രിയായിരുന്ന എന്റെ സ്നേഹിതൻ ശ്രീ. സി. എച്ച്. മുഹമ്മദുകോയ പല തവണ ആവശ്യപ്പെട്ടിട്ടും കോ-ഓർഡിനേഷൻ കമ്മിറ്റിയിലും ഐക്യ മുന്നണി ക്യാബിനറ്റിലും അതു നിഷേധിക്കുകയായിരുന്നു മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നയം.

ശ്രീ. കെ. കെ. അബു: ഒരു ചോദ്യം.

* * *

ഡെപ്യൂട്ടി സ്പീക്കർ: മന്ത്രിമാർ പ്രസംഗിക്കുമ്പോൾ ചോദ്യം ചോദിക്കാൻ സഭാനടപടി ചട്ടങ്ങൾ അനുവദിക്കുന്നില്ല. ഇതു കഴിഞ്ഞതിനു ശേഷം ചർച്ച നടക്കുന്നുണ്ട്. ഏതെങ്കിലും പാർട്ടിയെപ്പറ്റി ഏതെങ്കിലും തരത്തിലുള്ള പരാമർശനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുശേഷം ഇവിടെ വരുന്ന ചർച്ചയിൽ ആ പാർട്ടിയുടെ നേതാക്കൻമാർക്കു തിരുത്താവുന്നതാണ്. അതുകൊണ്ട് ആരും മന്ത്രിമാരുടെ പ്രസംഗസമയത്ത് ചോദ്യം ചോദിക്കാൻ എഴുന്നേറ്റു പോകരുത്. ഞാനതിന് അനുവദിക്കുകയില്ല.

* * *

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്*: ഇങ്ങനെ ഒരുപാടു കൊള്ളരുതായ്മകളുടെയും ചെയ്തികളുടെയും ചരിത്രപാരമ്പര്യമാണ് എനിക്കു പറയാനുള്ളത്. അത് സഹിഷ്ണുതയോടുകൂടി കേൾക്കാൻ എന്റെ സ്നേഹിതൻമാരായ മാർക്സിസ്റ്റുകാർക്കു സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷേ അവരോടൊപ്പം ശിങ്കിടി പാടുന്ന പലർക്കും അതിനു സാധിക്കുന്നില്ലെങ്കിൽ അത് ദൗർഭാഗ്യകരമാണെന്നു പറയാൻ മാത്രമേ എനിക്കു കഴിയുന്നുള്ളൂ. നമ്പൂതിരിപ്പാട് ക്ഷമയോടുകൂടി കേൾക്കാൻ തയ്യാറാണ്.

അരിയുടെ സബ്സിഡിയുടെ ചരിത്രം എടുത്തുനോക്കിയാൽ അതു വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ മാർക്സിസ്റ്റു പാർട്ടിയുടെ സംസ്ഥാനകമ്മിറ്റി യോഗം ഒരുദിവസം വൈകുന്നേരം ചേർന്നിട്ടു പറഞ്ഞു അരിയുടെ സബ്സിഡി കേൻദ്ര ഗവൺമെൻറ് തന്നില്ലെങ്കിലും സംസ്ഥാന ഗവൺമെൻറ് കൊടുത്തേ തീരൂ എന്ന്. പക്ഷേ ആ വാർത്ത പത്രങ്ങളിൽ വന്നതിന്റെ പിറേറദിവസം ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ നമ്പൂതിരിപ്പാടിന്റെ സഹപ്രവർത്തകനായ മാർക്സിസ്റ്റു പാർട്ടി പ്രതിനിധി വാദിച്ചു: സബ്സിഡി കൊടുക്കാൻ കേരള ഗവൺമെൻറിന് കഴിയില്ലെന്ന്, ഇന്നത്തെ സാമ്പത്തിക പരാധീനതകൊണ്ട് സബ്സിഡി കൊടുക്കുന്നത് നിറുത്തൽ ചെയ്യണമെന്ന്. സംസ്ഥാന പാർട്ടി എക്സിക്യൂട്ടീവ് യോഗത്തിന്റെ പ്രമേയം പത്രത്തിൽ വന്നത് ശരിയാണോ എന്ന് ഞങ്ങൾ ചോദിക്കുകയുണ്ടായി. ശരിയാണ്, പക്ഷേ ഞങ്ങൾ അതു തിരുത്തിച്ചുകൊള്ളാമെന്നു പറയാനാണ് നമ്പൂതിരിപ്പാടിന്റെ ശിഷ്യൻമാർ തയ്യാറായത്. അതിന്റെ അർത്ഥം കഷ്ടപ്പെടുന്നവർക്ക് അരിയുടെ സബ്സിഡി എടുത്തുകളഞ്ഞ് വില കൂട്ടണമെന്നാണ്. എന്നാൽ

* Expunged under the orders of the Chair.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

അവർ പറയും മറ്റു കക്ഷികളുടെ പിൻതിരിപ്പൻ യാഥാസ്ഥിതിക മനോഭാവംകൊണ്ട് പുരോഗമനപരമായ ഞങ്ങളുടെ പരിപാടി നടപ്പിലായില്ലെന്ന്. സ്വന്തം പാർട്ടിയിലുള്ളവർ മനഃസ്ഥിതിയുള്ളവരാണെന്നും മറ്റുള്ളവർ പിൻതിരിപ്പൻമാരാണെന്നും പ്രചരിപ്പിക്കാനുള്ള കൊള്ളരുതായ്മയും കുൽസിതമാർഗ്ഗങ്ങളും ദൗർഭാഗ്യകരവും നീചവുമായ അടവുകളായിരുന്നു. അതുപോലെതന്നെ ചെക്ക്പോസ്റ്റുകൾ എടുത്തുകളഞ്ഞു. അതിന്റെ പിറേദിവസം ഈ നമ്പൂതിരിപ്പാട്—മുഖ്യമന്ത്രിയാണെന്നു പറയാൻ ഞാനാഗ്രഹിക്കുന്നില്ല—പരസ്യമായി കൊച്ചിയിൽവച്ച് പത്ര സമ്മേളനം നടത്തി പറഞ്ഞു, ചെക്ക്പോസ്റ്റുകൾ എടുത്തുകളയേണ്ടതില്ലെന്നാണ് എന്റെ പാർട്ടിയുടെ നയം. പക്ഷേ മറ്റു പാർട്ടികളുടെ നിർബ്ബന്ധംകൊണ്ടാണ് അതു ചെയ്തതെന്ന്. ഇത് സഹോദരപാർട്ടികളുടെ നേരെ കരിതേയ്ക്കാനുള്ള കരുതിക്കൂട്ടിയ വഞ്ചനാപരമായ നീക്കമായിരുന്നില്ലേ? ഈ നീക്കത്തെ ആക്ഷേപിക്കാനല്ലാതെ ശരിവയ്ക്കാൻ ഞങ്ങൾ തയ്യാറാകണമെന്നാണോ പറയുന്നത്? ഈ നിലയിൽ നിരവധി ഉദാഹരണങ്ങൾ പറയാൻ സാധിക്കും. കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചു മൊത്തക്കച്ചവടം എടുത്തുകളയണമെന്ന്. റോഡ് ട്രാൻസ്പോർട്ട് ദേശവൽക്കരിക്കണമെന്ന്. പക്ഷേ രണ്ടും ഇതുവരെയും ചെയ്തിട്ടില്ല. ഇതൊരായുധമാണ്. സുന്ദരിയുടെ പ്രണയം ആഗ്രഹിക്കുന്ന വിടൻ പ്രണയം സമ്പാദിക്കാൻവേണ്ടി സർപ്പത്തെ അടുത്തേക്കു നീക്കിവച്ചിട്ട് സുന്ദരിയെ രക്ഷിക്കാൻ തൽക്കാലം തച്ചുകൊന്ന് പ്രണയം സമ്പാദിക്കുന്നതുപോലെ മൊത്തക്കച്ചവടം ഫുഡ് കാർപ്പറേഷനു വിട്ടുകൊടുക്കുമെന്ന് പ്രഖ്യാപിച്ച് കച്ചവടക്കാരുടെ പ്രണയത്തിനുവേണ്ടി ശിങ്കിടി പാടുന്ന നയമാണ് മൊത്തവ്യാപാരരംഗത്ത് ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ നിഷ്കൃഷ്ടമായ നിരവധി ഉദാഹരണങ്ങൾ പറയാൻ കഴിയും. ലാൻറ് ടാക്സ് എടുത്തുകളയണമെന്നു പറഞ്ഞു. അതെടുത്തുകളയാൻ റവന്യൂ വകുപ്പിനു് ഇന്നുവരെ സാധിച്ചിട്ടില്ല. അതുപോലെ റൈസ് മില്ലുകൾ ദേശസാൽക്കരിക്കണമെന്നു പറഞ്ഞു. പക്ഷേ അതിന്റെ സൂചനപോലും ഇപ്പോഴില്ല. ഇങ്ങനെ നിരവധി പ്രശ്നങ്ങൾ, പുരോഗമനപരമായ പ്രശ്നങ്ങൾ ഞങ്ങളെല്ലാം അംഗീകരിച്ചുകൊണ്ട് തീരുമാനിച്ചിട്ടും നടപ്പിൽ വരുത്താൻ സാധിക്കാത്ത പിൻതിരിപ്പനിൽ പിൻതിരിപ്പനായ ഒരു പ്രമുഖ്യമാണ് നമ്പൂതിരിപ്പാട് അംഗീകരിച്ചത്. പ്രസംഗത്തിൽമാത്രം പുരോഗമനം പോര, പ്രവർത്തിയിൽ കാണിക്കാൻ സാധിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ സാധിച്ചിട്ടില്ല.

അദ്ദേഹത്തിന്റെ പ്രസ്താവനയിൽ അദ്ദേഹം ഒരു സത്യം പറഞ്ഞിട്ടുണ്ട്. അതിനു ഞങ്ങൾക്ക് നമ്പൂതിരിപ്പാടിനോട് നന്ദിയുണ്ട്. അദ്ദേഹം ഇതിനെ ഒരു രാഷ്ട്രീയ കാഴ്ചപ്പാടിൽ കാണുന്നു എന്ന്. അതു പറഞ്ഞുകൊണ്ട് അദ്ദേഹം പറയുന്നത് ഞങ്ങൾക്ക് കാൺഗ്രസ്സിന്റെയും കേരള കോൺഗ്രസ്സിന്റെയും പിൻബലമുണ്ടെന്നാണ്. കാൺഗ്രസ്സിന്റെ കാര്യം അവിടെ നിൽക്കട്ടെ. അതിന് എന്റെ സ്നേഹിതൻ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ മറുപടി പറഞ്ഞുകഴിഞ്ഞു. പിന്നെയുള്ളത് കേരള കോൺഗ്രസ്സിന്റെ കാര്യമാണ്. 1965-ൽ തിരഞ്ഞെടുപ്പു കഴിഞ്ഞ ഉടനെ ശ്രീ. നമ്പൂതിരിപ്പാട് ഞങ്ങളോടു മുഴുവൻ പറഞ്ഞു, നമുക്ക് കേരള കോൺഗ്രസ്സിന്റെ ബന്ധുത്വത്തോടുകൂടി ഒരു ഗവൺമെന്റുണ്ടാക്കാമെന്ന്. ആ അഭിപ്രായപ്രകടനം പത്രത്തിൽ വന്നതാണ്.

ശ്രീ. കെ. എം. ജോർജ്ജ്: ഞങ്ങൾ അത് തള്ളിക്കളഞ്ഞു, സർ.

LIBRARY ARCHIVES Kerala Legislative Assembly

[10 a.m.]

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: 1965-ൽ കേരളാ കോൺഗ്രസ്സിന്റെ പുരോഗമനപരമായ പോക്ക് പിടിക്കുമായിരുന്ന നമ്പൂതിരിപ്പാടിന് ഇപ്പോഴും കേരളാ കോൺഗ്രസ്സിനെ പുച്ഛമായിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ മുനിസിപ്പൽ തിരഞ്ഞെടുപ്പ് ആസന്നമായപ്പോഴും നമ്പൂതിരിപ്പാട് ഞങ്ങളോട് പറയുകയുണ്ടായി, മുൻസിപ്പൽ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനെ തോൽപ്പിക്കാൻ കേരളാ കോൺഗ്രസ്സുമായി യോജിക്കുന്നത് നന്ന്, കൂടിയാലോചനക്ക് സമ്മതിക്കാൻ തയ്യാറാകണമെന്ന്. ഇത്തരം നികൃഷ്ടമായ വാദഗതികളും മുറുകെ പിടിച്ച് കേരളാ കോൺഗ്രസ്സിന്റെ പിന്നിൽ ഭിക്ഷാംദേഹിയായിപ്പോയ നമ്പൂതിരിപ്പാട് അവരുടെ ബന്ധുത്വം കിട്ടാത്തതിന്റെ പേരിൽ ആ ബന്ധത്തെ ആക്ഷേപിക്കുന്നത് പൗരുഷഹീനമായ പ്രവർത്തിയാണ്.

അതുപോലെ ഇവിടെ പബ്ലിക്ക് മെൻ എൻകൗയറീസ് ബില്ലിന്റെ കാര്യത്തെപ്പറ്റി പറഞ്ഞു. എന്തുകൊണ്ടാണ് ആ ബിൽ ഒളിച്ചുവച്ചത്? പുതുപ്പള്ളിയിലും, കോഴിക്കോട്ടും, വടകരയിലും, തലശ്ശേരിയിലും ചില മണിസൗധങ്ങൾ ഉയർന്നുവരുന്നുണ്ട്. നാലഞ്ചു ലക്ഷം രൂപാ ചെലവ് ചെയ്ത് ഉയർന്നുവരുന്ന മണിമന്ദിരങ്ങളാണ് അവ. മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയിലെ ഉത്തരവാദപ്പെട്ട ആളുകളും നിർമ്മിച്ച ഈ മണിമന്ദിരങ്ങളുടെ നിർമ്മാണച്ചെലവിന് കാശ് എങ്ങനെ കിട്ടിയെന്നു അന്വേഷിച്ചാൽ അഴിമതികളുടെ പല കഥകളും പുറത്തുവരും. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ നമ്പൂതിരിപ്പാടിന് ആണത്തമുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. അഴിമതിക്ക് തെളിവാണെന്നു പറഞ്ഞ് അസത്യപ്രസ്താവനകളും ചെയ്യുന്ന മാർക്സിസ്റ്റുകാരുടെ കൂലിക്കാരും, ഭിക്ഷാംദേഹികളുമായ എസ്. എസ്. പി. ക്കാർക്ക് ഇതൊന്നു അന്വേഷിച്ച് മറുപടി പറയാൻ സാധിക്കുമോ? ഈ യാഥാർത്ഥ്യം കണ്ടുകൊണ്ടാണ് യഥാർത്ഥത്തിൽ അഴിമതിനിരോധന ബിൽ പുറത്തുകൊണ്ടുവരാൻ തയ്യാറാകാതിരുന്നത്.

ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏതു അഴിമതി ആരോപണമുണ്ടായാലും അത് അന്വേഷണവിധേയമാക്കാൻ തയ്യാറാണെന്നു ആദ്യമേതന്നെ പറഞ്ഞു. നിരവധി ആരോപണങ്ങളും എന്റെ പേരിൽ കൊണ്ടുവന്നിട്ടുണ്ട്. ഇനിയും ധാരാളം പറയുമായിരിക്കാം. ആ ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്തുന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ വിധി മാനിക്കുന്നതിനും, അത് അംഗീകരിക്കുന്നതിനും ഞാൻ തയ്യാറാണ്. അതുകൊണ്ട് അന്വേഷണ നടപടി എടുത്തു എന്നതല്ല ഞങ്ങളുടെ എതിർപ്പിന്റെ കാരണം. പക്ഷേ അന്വേഷണ നടപടിയിൽ സ്വീകരിച്ച ഇരട്ടത്താപ്പു നയത്തിലാണ് ഞങ്ങൾക്ക് ആക്ഷേപമുള്ളത്. ശ്രീ. വെല്ലിംഗ്ടന്റെ പേരിലുണ്ടായ അഴിമതിയാരോപണങ്ങളെപ്പറ്റി പരിശോധിക്കണമെന്ന് വളരെയേറെ മെമ്പറൻമാർ ഇവിടെ പറഞ്ഞു. ഞങ്ങളാരും വെല്ലിംഗ്ടന്റെ പേരിൽ അഴിമതിയാരോപണം ഉന്നയിച്ചിട്ടില്ല. ഐക്യമുന്നണിയിലെ ഒരു ഘടകപാർട്ടിയും ഉന്നയിച്ചിട്ടില്ല. ശ്രീ. കുഞ്ഞുസാഹിബ്ബിന്റെ പേരിൽ നിയമസഭയിലുണ്ടായ അഴിമതി ആരോപണങ്ങളെപ്പറ്റി മുഖ്യമന്ത്രി പരിശോധിച്ചു എന്നു പറഞ്ഞു. അത് ഒന്നുകൂടി പരിശോധിക്കണമെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ നമ്പൂതിരിപ്പാട് പറഞ്ഞ വാചകം എന്താണെന്നറിയാമോ? അദ്ദേഹത്തിന്റെ വാചകത്തിന് വലിയ വിലയൊന്നുമില്ല. എന്റെ അന്വേഷണ വിധിയിൽ മാറ്റമില്ല, വീണ്ടും അന്വേഷിക്കണമെന്നു പറഞ്ഞാൽ അത് എന്റെ പേരിലുള്ള അവിശ്വാസമാണെന്നാണ്. അത്തരം അവിശ്വാസത്തിന്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

പാത്രീഭവിച്ച ഞാൻ മുഖ്യമന്ത്രിയായി തുടരുന്നതിൽ കാര്യമില്ല, മന്ത്രിസഭ പിരിച്ചുവിട്ട് രാജിവച്ചുകളയാമെന്നാണ് അദ്ദേഹം പറഞ്ഞത്. ആ അഭിപ്രായം പറഞ്ഞ നമ്പൂതിരിപ്പാട് വളരെ നികൃഷ്ടമായി, പുച്ഛത്തോടുകൂടി അദ്ദേഹത്തിന്റെ മന്ത്രിസഭയിൽനിന്ന് ഭൂരിപക്ഷം ആളുകളെ തള്ളിക്കളഞ്ഞിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇത് അവിശ്വാസമല്ലേ? അത്തരം അവിശ്വാസത്തിന് പാത്രീഭൂതനായ നമ്പൂതിരിപ്പാട് അദ്ദേഹം മുൻപു പറഞ്ഞ വാക്ക് പാലിക്കാൻ തയ്യാറുണ്ടോ?

ഭൂനയബില്ലിനോട് ഞങ്ങൾക്ക് എതിർപ്പില്ല. ഞങ്ങൾ യാതൊരു എതിർപ്പും പ്രകടിപ്പിച്ചിട്ടുമില്ല. പഞ്ചായത്തുരാജ് ബില്ലിന്റെ കഥയെടുക്കണം. ബഹുമാന്യയായ റവന്യൂ മന്ത്രി ഗൗരി പറയുകയുണ്ടായി, ഈ ബിൽ ഇതുപോലെ പാസ്സാകാൻ പോകുന്നില്ലെന്ന്. ശ്രീ. എ. കെ. ഗോപാലൻ പറഞ്ഞു, അധികാരം കൈമാറ്റം ചെയ്യത്തക്ക വിധത്തിൽ കേരളത്തിലെ ജനങ്ങൾ വളർന്നിട്ടില്ലെന്ന്. എനിക്ക് അതിന്റെ അർത്ഥം എന്താണെന്നു മനസ്സിലാകുന്നില്ല, വളരെ മുൻപ്, 1946-ൽ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഇൻഡ്യയിലെ ജനങ്ങൾ പ്രായപൂർത്തിവോട്ടവകാശത്തിന് അർഹരല്ലെന്നു പറഞ്ഞപ്പോൾ അതിനെ വിമർശിച്ചുകൊണ്ട് നമ്പൂതിരിപ്പാട് ഒരു ലേഖനമെഴുതിയത് ഞാൻ ഇപ്പോൾ ഓർക്കുകയാണ്. അത് പിൻതിരിപ്പൻ അഭിപ്രായമാണ്, പുരോഗമന വിരുദ്ധമായ അഭിപ്രായമാണ് എന്നൊക്കെ നമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ ലേഖനത്തിൽ എഴുതിയിട്ടുണ്ട്. അതിനെയെല്ലാം ചവച്ചരച്ചുകൊണ്ട് അദ്ദേഹത്തിന്റെ നേതാവായ എ. കെ. ഗോപാലൻ ഇത്തരം ഒരു അഭിപ്രായം പുറപ്പെടുവിക്കാൻ തയ്യാറായത് ശരിയായ നടപടിയാണോ? അധികാര കൈമാറ്റം നൽകത്തക്ക നിലയിൽ ജനാധിപത്യപരമായി ജനങ്ങൾ വളർന്നിട്ടില്ലെന്നു പറഞ്ഞ് പഞ്ചായത്തുരാജ് ബില്ലിനെ ഒളിച്ചുവയ്ക്കാൻ നമ്പൂതിരിപ്പാട് തയ്യാറായിരിക്കുകയാണ്.

എനിക്ക് വളരെ കാര്യങ്ങളൊന്നും പറയാനില്ല. എന്റെ പേരിൽ ഉന്നയിച്ച അഴിമതി ആരോപണങ്ങളെപ്പറ്റിയൊന്നും പറയാൻ ഞാൻ പോകുന്നില്ല. എന്തൊക്കെവന്നാലും ശരി, അന്വേഷണ കമ്മീഷനെ അഭിമുഖീകരിക്കാൻ ഞാൻ തയ്യാറാണ്. എന്റെ പേരിലുണ്ടായ അഴിമതി ആരോപണങ്ങളും ആകെ ഞാൻ നിഷേധിക്കുന്നു. അതിന്റെ പിന്നിലുള്ള ദുരുദ്ദേശത്തെ അന്വേഷണ കമ്മീഷന്റെ മുൻപിൽ ബോദ്ധ്യപ്പെടുത്താൻ സാധിക്കുമെന്ന വിശ്വാസത്തിൽ ഞാൻ നിൽക്കുകയാണ്. വെല്ലിംഗ്ടന്റെ പേരിൽ അന്വേഷണം നടത്തണമെന്ന പ്രമേയം പാസ്സായതിന്റെ പിറ്റേദിവസം, എല്ലാവരുടെ പേരിലും അന്വേഷണം നടത്തണമെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പോളിറ്റ്ബ്യൂറോ പറഞ്ഞു, അവരുടെ നേതാവ് സുന്ദരയ്യ പറഞ്ഞു. സുന്ദരയ്യയെക്കുറിച്ച് പറയുമ്പോൾ എനിക്ക് കാളിദാസമഹാകവിയുടെ ഒരു നാടകത്തിലെ വിദൂഷകനോട് ഉപമിക്കാൻ തോന്നുകയാണ്. വിദൂഷകനോട് രാജാവ് പറഞ്ഞു, ഒരു വര വരച്ചിട്ട് അതിനെ തൊടാതെ, മായ്ക്കാതെ, മറയ്ക്കാതെ ചെറുതാക്കണമെന്ന്. വിദൂഷകൻ അതിനു സമാന്തരമായി ഒരു വലിയ വര വരച്ച് കാണിച്ചുകൊടുത്തു. അപ്പോൾ ആദ്യവര ചെറുതായി. ആ വിദൂഷകന്റെ പാർട്ടിയിൽ ഉൾക്കൊള്ളുന്ന നമ്പൂതിരിപ്പാടിന്റെ പ്രവചനം. ഈ രാജ്യത്തിലെ ജനങ്ങൾക്ക് വിശ്വസിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ആ വാദം പ്രസക്തമല്ല. ഈ കാര്യങ്ങളെല്ലാം നമുക്ക് ജനങ്ങളുടെ മുൻപിൽ പറയാനുള്ള സൗകര്യമുണ്ട്. അതുപോലെതന്നെ എൻകയറി കമ്മിഷന്റെ മുൻപിലും ഈ

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾ പറയാൻ സാധിക്കും. ഞങ്ങൾ കേരളാ കോൺഗ്രസ്സുമായി ഗൂഢാലോചന ചെയ്താണ് വെല്ലിംഗ്ടന്റെ പേരിലുള്ള അഴിമതിയെപ്പറ്റി അന്വേഷിക്കണമെന്നാവശ്യപ്പെട്ടതെന്നു പറഞ്ഞു. വളരെ സ്നേഹത്തോടുകൂടി നമ്പൂതിരിപ്പാടിനോട് ഒരു ചോദ്യം ചോദിക്കുകയാണ്. ഈ നിയമസഭയിൽവച്ച് അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ എം. എൻ. ഗോവിന്ദൻ നായരുടെ പേരിൽ പി. ഗോവിന്ദപ്പിള്ള ആക്ഷേപങ്ങൾ ഉന്നയിച്ചത് കേരളാ കോൺഗ്രസ്സുകാരുടെ കൂലിക്കാരനായിട്ടാണോ, അതോ കോൺഗ്രസ്സുമായി ഗൂഢാലോചന നടത്തിയിട്ടാണോ? അതുകൊണ്ട് അത്തരം വാദഗതികൾ പ്രസക്തമല്ല.

ഈ രാജ്യത്ത് അരാജകത്വം സൃഷ്ടിക്കുകയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ലക്ഷ്യം. ഇവിടത്തെ പോലീസിന് നീതിപൂർവ്വകമായി പ്രവർത്തനം നടത്തുന്നതിന് സാധിക്കുന്നില്ല. നമ്പൂതിരിപ്പാടിന്റെ കക്ഷിയിൽപ്പെട്ട ആർക്കെങ്കിലും വേദന ഉണ്ടായാൽ അതിന് അന്വേഷണ ഉത്തരവ് കൊടുക്കാനുള്ള ധൈര്യം വളരെ വേഗം ഉണ്ടാകും. മണക്കാട്ട് നിരവധി ആളുകളെ പോലീസുകാർ ലാത്തിച്ചാർജ്ജ് ചെയ്തു. അത് അന്വേഷിക്കണമെന്ന് ബി. മാധവൻ നായർ ആവശ്യപ്പെട്ടു. അതേക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഭൂമി കയ്യേറ്റത്തെ തടയേണ്ട പോലീസുകാർ ഭൂമി കയ്യേറ്റത്തെ പ്രോൽസാഹിപ്പിക്കുന്നു. ഇല്ലാത്തവർക്ക് ഭൂമി കൊടുക്കണമെന്ന വാദത്തെ ഞാനും എന്റെ കക്ഷിയും അനുകൂലിക്കുന്നു. അതനുസരിച്ച് ഇല്ലാത്തവന് ഭൂമി കിട്ടാനുള്ള നിയമം നിർമ്മിക്കാനും അത് പ്രാവർത്തികമാക്കിത്തീർക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനോട് യോജിക്കുന്നവരാണ് ഞങ്ങൾ. കയ്യേറ്റവും ആക്രമണവും കൊണ്ടു മാത്രമേ ഈ രാജ്യത്ത് ഭൂമി കിട്ടുകയുള്ളൂ എന്നു വന്നാൽ അത് നീതിപൂർവ്വകമല്ല, അതിനോട് യോജിക്കാനും നിവൃത്തിയില്ല. ഗുരുവായൂരിൽ ഒരു മർഡർ കേസ്സുണ്ടായി. അതിൻമേൽ പോലീസ് എടുത്ത നടപടിയെ സംബന്ധിച്ച് മാർക്സിസ്റ്റ് പാർട്ടി പ്രക്ഷോഭണം കൂട്ടി. ഏതു കാര്യത്തിലും മാർക്സിസ്റ്റു പാർട്ടിയെ സഹായിക്കാനുള്ള നടപടിയെടുക്കാനല്ലാതെ ഇന്നുവരെ പോലീസ് തയ്യാറായിട്ടില്ല. ആ കേസ് നശിപ്പിക്കാൻ ശ്രമിച്ച ഉദ്യോഗസ്ഥൻമാർ മറെറാരു വകുപ്പിന്റെ അന്വേഷണത്തിന് വിധേയമായതിനുശേഷം കേസ് ചാർജ്ജ് ചെയ്തു; ശിക്ഷിക്കപ്പെട്ടു. ഇങ്ങനെയുള്ള നിരവധി ഉദാഹരണങ്ങൾ പറയാം. സംഘട്ടനങ്ങൾ എവിടെയാണ് നടക്കുന്നത്? എന്റെ സ്നേഹിതൻ ശ്രീമാൻ നമ്പൂതിരിപ്പാടിനോട് ചോദിക്കുകയാണ്? വർക്കിംഗ് ക്ലാസ് തമ്മിലല്ലേ സംഘട്ടനം നടക്കുന്നത്? തൊഴിലാളികളെ തമ്മിലടിപ്പിച്ച് പോലീസുകാരെക്കൊണ്ട് തല്ലിച്ചതക്കുകയല്ലേ ചെയ്യുന്നത്? മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിക്ക് തൊഴിലാളികളുടെ ഭൂരിപക്ഷം കിട്ടാൻവേണ്ടി തൊഴിലാളികളെ തമ്മിലടിപ്പിക്കുകയല്ലേ ചെയ്യുന്നത്? അതിനുവേണ്ടിയല്ലേ പോലീസിനെ ഉപയോഗിക്കുന്നത്? ഇവിടെ നടന്ന സംഘട്ടനങ്ങൾ ഏതെങ്കിലും ഒരു മുതലാളിത്ത പൗരന്റെ നേരേ ഉണ്ടായിട്ടുണ്ടോ? അതിനുള്ള ധൈര്യമുണ്ടോ? ഏതെങ്കിലും ഒരു കരിഞ്ചന്തക്കാരന്റെ പേരിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ? അതിനു പകരമായി വർക്കിംഗ് ക്ലാസിനെ തമ്മിലടിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് എത്രകാലം നടക്കുമെന്ന് നമുക്ക് കണ്ടറിയാം. രണ്ടാമതായുടെ ഭാഷയിൽ പറഞ്ഞാൽ അരാജകത്വവും കുഴപ്പങ്ങളും സൃഷ്ടിച്ച് ഒരു സായുധ വിപ്ലവത്തിന് കളമൊരുക്കലായിരിക്കാം. അത് വിശ്വസിക്കുന്ന ജനങ്ങളാണ് കേരളത്തിലുള്ളതെന്ന വിചാരം വെറും ബാലിശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

എന്നെ സംബന്ധിച്ചിടത്തോളം എന്റെ വകുപ്പ് കൈകാര്യം ചെയ്യുന്ന രണ്ടു വകുപ്പിലെ ഉദ്യോഗസ്ഥൻമാർ സ്നേഹപൂർവ്വകമായ സഹകരണം എനിക്ക് നൽകിയിട്ടുണ്ട്. അവരോട് എനിക്ക് നന്ദിയുണ്ട്. എന്റെ വകുപ്പിന്റെ പ്രവർത്തനങ്ങൾ വളരെവേഗം മുന്നോട്ടുകൊണ്ടുപോകുന്നതിന് ആസൂത്രണ വകുപ്പിന്റെ വ്യതിരിക്ത മനോഭാവംകൊണ്ട് സാധിച്ചിട്ടില്ല. ഏതായാലും സഹകരണ നിയമം പാസ്സാക്കിയെടുത്തപ്പോൾ എല്ലാ വിധത്തിലുള്ള ജീവനക്കാർക്കും ആനുകൂല്യങ്ങൾ നൽകത്തക്ക വിധത്തിൽ അതു മാറ്റിയെടുക്കുന്നതിന് പലപ്പോഴും തടസ്സങ്ങളും പിൻതിരിപ്പൻ മനോഭാവങ്ങളും നേരിടേണ്ടിവന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഞാൻ എന്റെ സ്റ്റേറ്റുമെന്റ് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: സർ, സഖാവ് ഇ. എം. എസ്. മുഖ്യമന്ത്രിയായുള്ള മന്ത്രിസഭയിൽനിന്നും ഞാൻ 17-10-1969-ൽ രാജിവച്ചിരിക്കുന്നു. രാജിക്ക് ഇടയായ സാഹചര്യങ്ങളെപ്പറ്റി ഈ സഭയേയും എന്റെ സഹപ്രവർത്തകരേയും അറിയിക്കേണ്ടത് എന്റെ കടമയാണെന്നതിനാൽ ഈ പ്രസ്താവനചെയ്തുകൊള്ളുന്നു.

ഐക്യമുന്നണിയിലെ നാലുകക്ഷികളും ചേർന്ന് 14-10-1969-ൽ മുഖ്യമന്ത്രിക്കു നൽകിയ ഒരു പ്രമേയത്തെ മുൻനിറുത്തി 17-10-1969-ൽ സഭമുൻപാകെ അദ്ദേഹം നടത്തിയ പ്രസ്താവനയെത്തുടർന്നാണ് എന്റെ പാർട്ടിയുടെ തീരുമാനപ്രകാരം ഞാൻ രാജിവച്ചിട്ടുള്ളത്. ഈ സന്ദർഭത്തിൽ ഐക്യമുന്നണിയും ഈ മന്ത്രി സഭയും രൂപം കൊള്ളുവാൻ ഇടയായ രാഷ്ട്രീയ പശ്ചാത്തലത്തെ സംക്ഷിപ്തമായെങ്കിലും സഭയുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

വിദേശാധിപത്യത്തിൽനിന്ന് ഭാരതം സ്വതന്ത്രമാക്കപ്പെട്ടതിനുശേഷം അധികാരത്തിൽ പ്രവേശിച്ച കോൺഗ്രസ്സിന് ഈ നാട്ടിലെ സാമാന്യ ജനങ്ങളുടെ ജീവിതാഭിലാഷങ്ങൾക്കു രൂപം കൊടുക്കുവാൻ കഴിയുകയില്ലെന്നും ജൻമി-മുതലാളി സ്ഥാപിത താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ ബാദ്ധ്യസ്ഥമായ അവരുടേതായ ഭരണകൂടം മാത്രമാണ് കോൺഗ്രസ്സ് ഭരണമെന്നും ഒരു സോഷ്യലിസ്റ്റു ഭരണ സംപ്രദായത്തിൽ മാത്രമേ ജനങ്ങളുടെ മൗലികമായ ക്ഷേമം കൈവരുത്തുവാൻ കഴിയുകയുള്ളുവെന്നും വിശ്വസിക്കുന്ന ഇടതുപക്ഷ സോഷ്യലിസ്റ്റു കമ്മ്യൂണിസ്റ്റു കക്ഷികൾ അന്നുമുതൽക്കുതന്നെ തെരഞ്ഞെടുപ്പു മൽസരങ്ങളിൽക്കൂടിയും നിയമസഭാതലത്തിലും പുറത്തും നടത്തിയ പ്രവർത്തനങ്ങൾ വഴിയും വെളിപ്പെടുത്തിയിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് ജനങ്ങൾക്ക് കോൺഗ്രസ്സിനോടും അതിന്റെ ഉന്നതൻമാരായ നേതാക്കൻമാരോടും ഉണ്ടായിരുന്ന ബഹുമാനാദരവുകളും വ്യാമോഹങ്ങളും ഏറ്റവും ശക്തമായിരുന്നതിനാൽ സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷമുള്ള ആദ്യകാലഘട്ടങ്ങളിൽ ഇടതു പക്ഷ ശക്തികൾ കോൺഗ്രസ്സിന് എതിരായി ഉന്നയിച്ച ആക്ഷേപങ്ങൾ ജനങ്ങൾ ശരിക്കും ചെവിക്കൊണ്ടിരുന്നില്ല. പ്രതിപക്ഷ ശക്തികൾ വളരെ ദുർബ്ബലമായിരിക്കുകയും ജനങ്ങളുടെ അന്ധമായ കോൺഗ്രസ്സ് സ്നേഹം ശക്തമായിരിക്കുകയും മൂലം കേന്ദ്രത്തിൽമാത്രമല്ല കേരളമൊഴിച്ച് മറ്റെല്ലാ സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് ഗവൺമെന്റുകൾക്ക് കഴിഞ്ഞ ഇരുപതു വർഷവും അവരുടെ ഭരണം അനുസ്യൂതമായി തുടരുവാൻ കഴിഞ്ഞു. ഇതിനിടയിൽ കോൺഗ്രസ്സ് ഗവൺമെന്റിനെതിരായി പല സംസ്ഥാനങ്ങളിലും ജനസംഘം, സ്വതന്ത്രാ, ഗണതന്ത്ര

LIBRARY ARCHIVES Kerala Legislative Assembly

പരിഷത്ത്, ശിവസേന തുടങ്ങിയ വിഭാഗീയപിൻതിരിപ്പൻ വർഗ്ഗീയ ശക്തികളും തല ഉയർത്തുകയും ശക്തി പ്രാപിക്കുകയും ചെയ്തു വന്നു.

കേരളത്തിൽ മാത്രമാണ് ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽനിന്നും വ്യത്യസ്തമായ രാഷ്ട്രീയ ബൻധങ്ങളും നിലവിലിരുന്നത്. ദേശീയപ്രക്ഷോഭണങ്ങളിൽ സംഘടിത തൊഴിലാളിവർഗ്ഗം ധീരോദാത്തമായ പങ്കുവഹിച്ചിരുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കു മുൻപുതന്നെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും ശക്തമായിരുന്നു. തിരു-കൊച്ചിയിൽ പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ ആദ്യം നടന്ന തിരഞ്ഞെടുപ്പിൽത്തന്നെ ഒരു ഗണനീയ പ്രതിപക്ഷമായി ഉയരുവാൻ ഇടതുപക്ഷങ്ങൾക്കു കഴിഞ്ഞു. രണ്ടാമത്തെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് അധികാരത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ടു. ആഭ്യന്തരമൽസരവും ഭരണരംഗത്തുള്ള അഴിമതിയും സ്വജനപക്ഷപാതവും സ്ഥാപിതതാൽപ്പര്യങ്ങളോടുള്ള പ്രീണനനയവും തൊഴിലാളികളുടേയും സാമാന്യജനങ്ങളുടേയും അവകാശസമരങ്ങളോടുള്ള സമീപനവും കോൺഗ്രസ്സിനെ കേരളത്തിലെ ജനങ്ങളിൽ നിന്നും ഒറപ്പെടുത്തി. കേരളപ്പിറവിക്കുശേഷം ആദ്യം നടന്ന തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുപാർട്ടിക്കു ഒറയ്ക്കുതന്നെ അധികാരത്തിൽ വരാൻ കഴിഞ്ഞു. 1960-ൽ നടന്ന തിരഞ്ഞെടുപ്പിലും കോൺഗ്രസ്സ് ഒറയ്ക്കായിരുന്നില്ല മൽസരിച്ചിരുന്നത്. ഒരു കൂട്ടുകക്ഷി ഗവൺമെൻറാണ് അധികാരത്തിൽ വന്നത്. ആ ഗവൺമെൻറും പിൽക്കാലത്ത് പരാജയപ്പെട്ടു. 1965-ൽ ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം കിട്ടിയില്ല. മന്ത്രിസഭാമാറ്റങ്ങളും പ്രസിഡൻറു ഭരണവും ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവന്നത് കേരള സംസ്ഥാനത്തിനാണ്. മറ്റുസംസ്ഥാനങ്ങൾക്ക് കോൺഗ്രസ്സ് ഭരണത്തിൽ നേടുവാൻ കഴിഞ്ഞ പുരോഗതിപോലും ഭരണസ്തംഭനങ്ങളും കേൻദ്രം കേരളത്തിനോടു കാണിച്ച അവഗണനയും മൂലം കേരളത്തിനുണ്ടായില്ല. ജനങ്ങളിൽ നിന്നും ഒറപ്പെട്ട കോൺഗ്രസ്സിന് കേരളത്തിൽ ഉറപ്പുള്ള ഒരു ഗവൺമെൻറു രൂപീകരിക്കുവാൻ സാധ്യമല്ലെന്നു വ്യക്തമായി. കോൺഗ്രസ്സേതര ഇടതുപക്ഷ പുരോഗമന ശക്തികളും യോജിക്കുക എന്നത് ഈ കാലഘട്ടത്തിന്റെ രാഷ്ട്രീയാവശ്യമായിരുന്നു. ജനങ്ങളുടെ ജനാധിപത്യാവകാശങ്ങളും സംരക്ഷിക്കുന്നതിനു മാത്രമല്ല, കേരളത്തിന് ഒരുറച്ച ഗവൺമെൻറ് പ്രദാനം ചെയ്യുന്നതിനും അഖിലേൻഡ്യാതലത്തിൽത്തന്നെ കോൺഗ്രസ്സിനെതിരായി വളർന്നുവന്ന ബഹുജനശക്തികളെ ഊട്ടി ഉറപ്പിക്കുന്നതിനു പ്രചോദനം നൽകുന്നതിനും ബഹുജനങ്ങളിലുണ്ടായിരുന്ന തീവ്രമായ അഭിലാഷത്തിന്റെ സാക്ഷാത്കാരമായിരുന്നു ഏഴുകക്ഷികളും കൂടി രൂപീകരിച്ച ഐക്യമുന്നണി. അധികാരത്തിൽ വന്നിരുന്നാൽ നടപ്പിലാക്കുന്നതിനുള്ള ഒരു മിനിമം പരിപാടി അംഗീകരിച്ച് തിരഞ്ഞെടുപ്പിൽ മൽസരിച്ച ഐക്യമുന്നണിയെ ജനങ്ങൾ സഹർഷം സ്വാഗതം ചെയ്തു. തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് നിലംപരിശാക്കപ്പെട്ടു. ഇതേ സമയത്ത് ഭാരതം ഒട്ടാകെ നടന്ന തിരഞ്ഞെടുപ്പിൽ കേരളത്തിലെ ഐക്യമുന്നണിയുടെ അന്തസ്സത്ത ഉൾക്കൊള്ളുന്ന ഐക്യമുന്നണികൾ ഉണ്ടാക്കി മൽസരിക്കുവാൻ കഴിഞ്ഞില്ല എങ്കിലും പല സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് അധികാരത്തിൽനിന്നും തുടച്ചുമാറ്റപ്പെട്ടു. കേരളത്തിൽ കോൺഗ്രസ്സിനെ എൽപിക്കുവാൻ കഴിഞ്ഞ പ്രഹരം ഭാരതത്തിലെ ഇടതുപക്ഷ പുരോഗമന ശക്തികൾക്കാകെ ആശയും ആവേശവും പകർന്നു.

1967 മാർച്ച് 6-ാം തീയതി ഐക്യമുന്നണി മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്തു. കേരളത്തിന്റെ തീരാരോഗമായിരുന്ന ഭരണസ്തംഭനവും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

പ്രസിഡൻറു ഭരണവും ഒഴിവാക്കപ്പെട്ടുവെന്നതിൽ എല്ലാ ജനങ്ങളും ആശ്വസിച്ചു. അന്നുവൈകുന്നേരം കോട്ടയ്ക്കകം മൈതാനത്തു തടിച്ചുകൂടിയ ജനങ്ങളോട് സ. ഇ. എം. എസ്. ഈ ഐക്യമുന്നണിയെ 'കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുമെന്നു' ഉറപ്പു നൽകി.

ഭരണം എറെടുത്ത് ഏതാനും ആഴ്ചകൊണ്ടുകം ഐക്യത്തിനെറ നേരെ ആദ്യത്തെ കല്ലേറ് നടന്നത് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി ജനറൽ സെക്രട്ടറി സ. സുന്ദരയ്യായിൽ നിന്നായിരുന്നു. പുരോഗമനപരമായ പല നടപടികൊണ്ടും ഘടക കക്ഷികൊണ്ടും വിഘാതമായി നിൽക്കുന്നു എന്ന ആക്ഷേപം അദ്ദേഹം ഉന്നയിച്ചു. തുടർന്നു തിരഞ്ഞെടുപ്പുകാലത്തു വളർത്തിയെടുത്ത ഐക്യത്തെ ഇല്ലായ്മ ചെയ്യുന്നതിന് ഐക്യമുന്നണിയിലെ പ്രമുഖരായ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയും സി. പി. ഐ. യും കിട്ടുന്ന എല്ലാ സൻദർഭങ്ങളും ഉപയോഗിച്ചിട്ടുണ്ട്. എസ്. എസ്. പി. യും ഒട്ടും പിറകിലായിരുന്നില്ല. ഇക്കാര്യത്തിൽ വളരെയേറെ ആത്മസംയമനം പാലിച്ചിട്ടുള്ളത് ആർ. എസ്. പി. യും മുസ്ലീം ലീഗുമായിരുന്നുവെന്നുള്ളത് ഏതാനും ആഴ്ചകൊണ്ടുക്കു മുൻപുവരെയുള്ള സംഭവങ്ങളെ പരിശോധിക്കുന്ന ആരും സമ്മതിക്കും. ഐക്യമുന്നണിയുടെ സുഗമമായ നടത്തിപ്പിനുവണ്ടി രൂപീകരിച്ച ഏകോപനസമിതി സൻദർഭത്തിനു് അനുസരിച്ച് ഒരുകാലത്തും പ്രവർത്തിച്ചിട്ടില്ല. പലപ്പോഴും ഒരു ചർച്ചാസമ്മേളനം എന്നതിൽ കവിഞ്ഞ കടമകൊണ്ടുക്ക് അനുസരിച്ച് അതിനുയരുവാനും കഴിഞ്ഞിട്ടില്ല. എടുത്തതീരുമാനങ്ങൊം തന്നെ കാറ്റിൽ പറത്തപ്പെട്ടു. കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെൻറിനെറ എന്നതിനേക്കാൊം ഓരോ വകുപ്പും ഓരോ കക്ഷികളുടേതായി തരംതാഴ്ത്തപ്പെടുകയുണ്ടായി. ഇതിനകം ചെയ്ത നല്ലകാര്യങ്ങൊം തന്നെ ഐക്യമുന്നണി ഗവൺമെൻറു ചെയ്തു എന്നതിനേക്കാൊം വകുപ്പുമന്ത്രിയുടെയോ തനെറ കക്ഷിയുടെയോ നേട്ടങ്ങളായി ചിത്രീകരിക്കുവാനും കോട്ടങ്ങൊം മറ്റുള്ളവരുടെ ചുമലിൽ ചാരുവാനുമുള്ള പ്രവണത സാർവ്വത്രികമായി പ്രത്യക്ഷപ്പെട്ടു. ഐക്യമുന്നണി നിയമസഭാകക്ഷിക്ക് ഒരു നിർവാഹകസമിതി ഉണ്ടായിരിക്കണമെന്നും ഏകോപനസമിതികൊം ജില്ലാ, താലൂക്ക്, വില്ലേജ് നിലവാരത്തിൽ സംഘടിപ്പിക്കണമെന്നുമുള്ള നിർദ്ദേശം മാർക്സിസ്റ്റു പാർട്ടി നിഷേധിച്ചതിനെറ ദുരന്തഫലമാണിത്. തിരഞ്ഞെടുപ്പിൽ മാർക്സിസ്റ്റു പാർട്ടിക്ക് ലഭിച്ച സീറ്റുകളുടെ എണ്ണവും പ്രബലമായ കക്ഷി എന്നുള്ള ചിന്തയും മറ്റു ഘടക കക്ഷികളെ അവഗണനയോടെ കാണുന്നതിലും പിൽക്കാലത്ത് മേധാവിത്വ മനോഭാവത്തിൽ അധിഷ്ഠിതമായ വിഭാഗീയപ്രവണതയിലും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിയെ എത്തിച്ചു. ഭരണയന്ത്രം ഒരു കക്ഷിയുടെ മാത്രം താൽപര്യങ്ങൊംക്കുവേണ്ടി ഉപയോഗിക്കപ്പെടുന്നു എന്ന ധാരണ പരക്കെ വളർന്നു. സാധാരണഗതിയിൽ ഇതിനെറ പ്രതിഫലനം രാഷ്ട്രീയ രംഗത്താണ് ആദ്യമായി പ്രത്യക്ഷപ്പെടുക. എന്നാൽ ഇവിടെ മറിച്ചാണ് ഉണ്ടായത്. ഭരണയന്ത്രം എങ്ങിനെ ഉപയോഗിക്കപ്പെട്ടു എന്നുള്ളതിനെറ വ്യക്തവും വിളിച്ചറിയിക്കുന്നതുമായ സൂചനയാണ് ആദ്യമായി എൻ. ജി. ഓ. സംഘടനകളിലും മറ്റു സർവ്വീസ് സംഘടനകളിലും ഉണ്ടായ ചേരിതിരിവ്. ഇത് ഒരു ചൂണ്ടുപലകയായി എടുക്കുവാൻ ഐക്യമുന്നണി കക്ഷികളോ ഗവൺമെൻറോ സന്നദ്ധമായില്ല.

ഐക്യമുന്നണിയേയും ഗവൺമെൻറിനേയും നേരിട്ട പ്രതിസന്ധിക്ക് പ്രധാനമായും ആക്കം വർദ്ധിപ്പിച്ചത് മന്ത്രിമാരുടെ പേരിലുണ്ടായ അഴിമതിയാരോപണങ്ങളാണ്. ഈ അപകടം വളരെ നേരത്തെതന്നെ ഐക്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

യുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആർ. എസ്. പി. ശ്രമിച്ചിരുന്നു. പത്രങ്ങളിൽ വന്നിരുന്ന ചില ആരോപണങ്ങളും ക്രോഡീകരിച്ച് ഏകോപന സമിതി മുൻപാകെ സഖാവ് ശ്രീകണ്ഠൻനായർ കൊണ്ടു വരികയുണ്ടായി. അല്ലാതെ സഖാവ് ശ്രീകണ്ഠനായരോ ആർ. എസ്. പി. യോ ആരുടേയും പേരിൽ ആരോപണങ്ങളും ഉന്നയിക്കയല്ല ചെയ്തത്. നിർഭാഗ്യവശാൽ ''ശ്രീകണ്ഠൻനായരുടെ ആരോപണങ്ങളും'' എന്ന പ്രസിദ്ധിയാണ് അതിനുലഭിച്ചത്. ഭരണതലത്തിലിരിക്കുന്നവരെപ്പറ്റിയുണ്ടാകുന്ന ആരോപണങ്ങളും കോ-ഓർഡിനേഷൻ കമ്മിറ്റി ശ്രദ്ധിക്കുകയും അന്വേഷിക്കുകയും ചെയ്യുമെന്നും അങ്ങനെ ഒരു ജാഗ്രത ഐക്യമുന്നണിക്കുണ്ടെന്നും വരുത്തി അഴിമതിക്ക് പ്രേരണ നൽകുന്ന സാഹചര്യങ്ങളും ഇല്ലാതാക്കുന്നതിനാണ് ഞങ്ങളും ശ്രമിച്ചത്. പക്ഷേ അനുഭവം മറിച്ചായിരുന്നു. ഞങ്ങളുടെ ഉദ്ദേശശുദ്ധി തന്നെ സംശയിക്കപ്പെട്ടു. അന്വേഷിക്കുവാൻ ഏർപ്പെടുത്തിയ സബ് കമ്മിറ്റി ഒരു നിർജ്ജീവ ഉപകരണമാണെന്ന് അനുഭവത്തിൽ തെളിഞ്ഞു. പിൽക്കാലത്ത് മന്ത്രിമാരുടെ പേരിലുള്ള അഴിമതിയാരോപണങ്ങളും ഉയർന്നുവന്നപ്പോഴും കോർഡിനേഷൻ സബ്കമ്മിറ്റി എന്ന മെഷിനറിക്ക് പൊതുവായ അംഗീകാരം ലഭിക്കാതെവന്നത് നേരത്തെ പറഞ്ഞ കമ്മിറ്റിയുടെ അനുഭവങ്ങളിൽ നിന്നാണ്.

പാർട്ടിബന്ധങ്ങളും മെച്ചപ്പെടുത്തുവാനുള്ള ഉഭയകക്ഷികളുടെ ചർച്ചാവേളയിലും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ശ്രദ്ധയിൽ അഴിമതി പ്രശ്നത്തിനു ആർ. എസ്. പി. പ്രാധാന്യം നൽകി. അഴിമതിക്കെതിരായ ഒരു പൊതുപ്രചരണ പരിപാടി കൊണ്ടു അതിനെ നേരിടാമെന്നാണ് അന്നുണ്ടായ പ്രതികരണം.

ഏറെനാളും കഴിഞ്ഞാണ് മൂന്നു മന്ത്രിമാരെപ്പറ്റി വ്യക്തമായ ആരോപണങ്ങളും നിയമസഭയിൽ വന്നത്. മുഖ്യമന്ത്രി ഇക്കാര്യത്തിലെടുത്ത നടപടിയേയും അതിനുള്ള അദ്ദേഹത്തിന്റെ അവകാശത്തേയും മറ്റു ചില ഘടകകക്ഷികളും ചോദ്യം ചെയ്തു. എങ്കിലും ആർ. എസ്. പി. മുഖ്യമന്ത്രിയുടെ തീരുമാനത്തെ അംഗീകരിക്കുകയാണു ചെയ്തത്. മുഖ്യമന്ത്രിയുടെ ഉത്തമവിശ്വാസത്തെ ചോദ്യം ചെയ്യുന്നത് ഐക്യമുന്നണി അടിത്തറയെത്തന്നെ ഇല്ലാതാക്കുമെന്നു ഞങ്ങൾക്ക് ബോധ്യമുണ്ടായിരുന്നു. ആരോഗ്യ മന്ത്രിയുടെ പേരിൽ വന്നിട്ടുള്ള എല്ലാ ആരോപണങ്ങളും അന്വേഷിക്കപ്പെട്ടിട്ടില്ലെന്നും അന്വേഷിച്ച കാര്യത്തിൽ കൂടുതൽ തെളിവുകളും നൽകാമെന്നും ഏകോപനസമിതിയിൽ ചില ഘടകകക്ഷികളും ചൂണ്ടിക്കാണിച്ചു. പുതിയ ആരോപണങ്ങളോ കൂടുതൽ തെളിവുകളോ ഉണ്ടെങ്കിൽ അന്വേഷിക്കുവാൻ തയ്യാറാണെന്നു മുഖ്യമന്ത്രി ഉറപ്പുനൽകി. ഐക്യമുന്നണി മന്ത്രിമാരെപ്പറ്റി നിയമസഭയിലോ പൊതുവേദിയിലോ പത്രങ്ങളിലോ ആരോപണങ്ങളും ഉന്നയിക്കരുതെന്ന് കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഈ പ്രശ്നങ്ങളും കൊണ്ടുവരണമെന്നും തീരുമാനിക്കപ്പെട്ടു.

അഴിമതിയാരോപണങ്ങളും അന്വേഷിക്കുന്നതിനുള്ള ഏർപ്പാടുകളെപ്പറ്റി ഏകോപനസമിതിയിലും ഘടക കക്ഷികളും തമ്മിലും ദീർഘമായ ചർച്ചകളും നടത്തിയെങ്കിലും യോജിച്ച തീരുമാനമായില്ല. ചർച്ചകളുടെ ഒരു ഘട്ടത്തിൽ നിയമസഭയുടെ പര്യാലോചനയിലിരിക്കുന്ന പബ്ലിക്മെൻ എക്വയറീസ് ബിൽ പാസാകുന്നതുവരെ യാതൊരു അന്വേഷണവും സാധ്യമല്ലെന്നും ബിൽ ആഗസ്റ്റ് 15-ാം തീയതിക്ക് അകംതന്നെ പാസാകുന്നതാണെന്നും ഏകോപനസമിതിയിൽ ഇക്കാര്യം ചർച്ചചെയ്യാൻ പാടില്ലെന്നും ഘടകകക്ഷികളും തമ്മിലുള്ള ബന്ധമാണ് മുഖ്യപ്രശ്നമെന്നും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി പ്രഖ്യാപിച്ചു. ഏതു പ്രശ്നമാണ് ചർച്ച ചെയ്യേണ്ടതെന്നതിനെപ്പറ്റി നടന്ന ചർച്ചകളും അവസാനം ഏകോപനസമിതിയുടെ പ്രവർത്തനത്തെത്തന്നെ കഴിഞ്ഞ ജൂലൈ മാസത്തിനു ശേഷം സ്തംഭിപ്പിച്ചു.

ഘടകകക്ഷികളും തമ്മിലുള്ള ബന്ധങ്ങളും ശിഥിലമായിരുന്ന ഈയവസരത്തിലാണ് മുഖ്യമന്ത്രി ചികിൽസാർത്ഥം ജർമ്മനിയിലേയ്ക്കു പോയത്. മുഖ്യമന്ത്രിയുടെ അഭാവത്തിൽ സ്വീകരിക്കേണ്ട ഇടക്കാല ക്രമീകരണങ്ങളെപ്പറ്റി കൂട്ടായി ചർച്ച ചെയ്യുന്നതിനുപോലും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി തയ്യാറായില്ല. ഇതിനു മുൻപുതന്നെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി പോളിറ്റ് ബ്യൂറോയും സ്റ്റേറ്റു കമ്മിറ്റിയും ഐക്യമുന്നണി തകർച്ചയുടെ വക്കിലാണെന്നും തകർന്നുകഴിഞ്ഞിരിക്കുന്നു എന്നും ഒന്നിലധികം തവണ പ്രസ്താവിച്ചിരുന്നു.

മുഖ്യമന്ത്രി സ്ഥലത്തില്ലായിരുന്ന അവസരത്തിൽ വളരെ വേഗം രാഷ്ട്രീയനിലയിൽ വലുതായ മാറ്റങ്ങളും ദൃശ്യമായി. മുൻകൂട്ടി തീരുമാനിച്ചിരുന്ന പരിപാടികളും ആവിഷ്ക്കരിക്കുവാൻ എന്നോണം എല്ലാ രംഗങ്ങളിലും ഒരു കക്ഷിയുടെ മേധാവിത്വം ഉറപ്പിക്കുവാനുള്ള നീക്കങ്ങളും ആരംഭിച്ചുകഴിഞ്ഞു. രണ്ടാം വായന നടന്നുകൊണ്ടിരുന്ന പഞ്ചായത്തിരാജ് ബില്ലിന്റെ ചർച്ചകളും നിറുത്തിവച്ചുപോലും ഭൂനയബിൽ ചർച്ചയ്ക്കെടുക്കണമെന്നു നിർബന്ധമായി. ഭൂനയബില്ല് പാസ്സാക്കുക, മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിക്ക് എതിർപ്പുകളുള്ള പബ്ലിക്മെൻ എൻക്വയറീസ് ബില്ലും പഞ്ചായത്തിരാജ് ബില്ലും പാസ്സാക്കാതിരിക്കുക, അതിനു മുൻപുതന്നെ ഭരണസ്തംഭനത്തിനു വഴിതെളിക്കുക എന്നതായിരുന്നു ആ പരിപാടി എന്ന് ഇന്നു വ്യക്തമായിരിക്കുന്നു. ഈ ആശങ്ക ചില കേന്ദ്രങ്ങളിൽനിന്നും പ്രകടിപ്പിച്ചിരുന്നു എങ്കിലും ഭൂനയബില്ലിനു മുൻഗണന കൊടുക്കുവാൻ അവസാനമായി തീരുമാനിക്കുകയുണ്ടായി.

ഇതിനകം ആരോഗ്യമന്ത്രി ശ്രീ. ബി. വെല്ലിംഗ്ടനെതിരായി തെളിവുകളോടുകൂടി പുതിയ അഴിമതിയാരോപണങ്ങളും ഉന്നയിക്കപ്പെട്ടു. ആരോഗ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ ഇതേപ്പറ്റി അന്വേഷണം വേണമെന്നു മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഒഴികെയുള്ള എല്ലാ ഘടകകക്ഷികളും ആവശ്യപ്പെട്ടു. മുഖ്യമന്ത്രി തിരിച്ചുവന്നതിനുശേഷം ആവശ്യമായ നടപടി എടുക്കുമെന്ന പല്ലവി മാത്രമാണ് ഗവൺമെൻറിനു വേണ്ടി സഭാനേതാവായ ശ്രീമതി ഗൗരിയമ്മ അവർത്തിച്ചത്.

ആഗസ്റ്റ് 22-ാം തീയതി ശ്രീ. ദേവസ്സിക്കുട്ടിയുടെ പ്രമേയത്തിന് അവതരണാനുമതി ലഭിച്ചു. ആ പ്രമേയത്തിന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടി അടക്കം ഐക്യമുന്നണിയിലെ എല്ലാ കക്ഷികളും ഭേദഗതികളും അയച്ചിരുന്നു. നടപടിക്രമങ്ങളും ഭരണഘടനയും ഉയർത്തിപ്പിടിച്ച് ആ പ്രമേയം അവതരിപ്പിക്കുന്നതിനുപോലുമുള്ള അവസരം നൽകാതിരിക്കുന്നതിന് അന്നു നിയമസഭയിൽ തൊഴിൽവകുപ്പു മന്ത്രിയും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയംഗങ്ങളും സ്വീകരിച്ച നടപടികളും ഈ സഭയുടെ ചരിത്രത്തിൽ മാത്രമല്ല നമ്മുടെ ജനാധിപത്യ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽത്തന്നെ കറുത്ത ഒരധ്യായമായി എല്ലാക്കാലത്തും നിലനിൽക്കും. അവതരിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കാത്ത ഒരു പ്രമേയത്തോടു മറ്റു ഘടകകക്ഷികളും എന്തു
ടുത്തു എന്നത് ഇന്ന് ഒരു വിവാദവിഷയമാകേണ്ടതില്ല. മുഖ്യ കൃാബിനറ്റു
ദിവസത്തെ സഭാനടപടികളും ഒന്നു പഠിക്കണമെന്നു മാത്രം ഞാൻ ഓർമ്മിപ്പിക്കുവാൻ
ത്ഥിക്കുന്നു. കമ്മ്യൂണി

പ്രതിപക്ഷ കക്ഷികളുടേയും ഭരണകക്ഷികളുടേയും നിയമസ നോടൊപ്പം
സാമാജികർക്ക് നിയമസഭയിൽ പോലും ജീവാപായശങ്ക കൂടാതെ സ്വതന്ത്ര ഉത്തര
മായി അഭിപ്രായങ്ങളും പറയാൻ സാധ്യമല്ലെന്നും സഭാനാഥനെപ്പോലും
സാമാന്യ മര്യാദയുടെ എല്ലാ സീമകളേയും ലംഘിച്ച് ധിക്കരിക്കുമെന്നും
സ്വന്തം തീരുമാനം നടപ്പിലാക്കുമെന്നും ബോധ്യമായതിനു ശേഷമാണ്
ആർ. എസ്. പി., ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടി, മുസ്ലീംലീഗ്, ഐ.
എസ്.പി. കക്ഷികളും ഒരുമിച്ച് ഈ സംഭവവികാസങ്ങളെപ്പറ്റി ആലോചി
ച്ചത്. ഐക്യമുന്നണിയിലെ 49 എം. എൽ. എ. മാർ ശ്രീ. വെല്ലിംഗ്
ടന്റെ പേരിൽ അന്വേഷണം നടത്തണമെന്നു ആഭ്യന്തര മന്ത്രിയോട് രേഖാ
മൂലം ആവശ്യപ്പെട്ടു.

ഈ ഘട്ടത്തിലും ഘടകകക്ഷികളുടെ അഭിപ്രായങ്ങളെ ആദരിക്കുവാ
നല്ല, മറിച്ച് ഐക്യമുന്നണിയെ പൊളിക്കുവാനും ഘടകകക്ഷികളുടെ
മന്ത്രിമാർക്കെതിരായി അഴിമതിയാരോപണങ്ങളും ഉന്നയിക്കുവാനുമാണ്
മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി തീരുമാനിച്ചത്. അവരുടെ
എം. എൽ. എ. മാർക്ക് മറ്റു മന്ത്രിമാരെപ്പറ്റി ആരോപണങ്ങളും തെളിവു
കളും ശേഖരിക്കുന്നതിന് പരസ്യമായ നിർദ്ദേശങ്ങളും നൽകി. അഴിമതി
യന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ താലൂക്ക് തല
സ്ഥാനങ്ങളിൽ കോൺഗ്രസ്സുകാർ സത്യഗ്രഹസമരം നടത്തുന്ന അതേ
ദിവസങ്ങളിലാണ് അവരുടെ പ്രക്ഷോഭണത്തിന് ശക്തി വർദ്ധിപ്പി
ക്കുന്നതിനും ഐക്യമുന്നണിയുടെ പ്രതിഛ നശിപ്പിക്കുന്നതിനും കോൺഗ്ര
സ്സുകാർക്ക് കൂടി വേണ്ടി ആരോപണാന്വേഷണങ്ങളുമായി മാർക്സി
സ്റ്റു കമ്മ്യൂണിസ്റ്റ് എം. എൽ. എ. മാർ ഊരുചുറ്റി നടന്നത്. നാലു
കക്ഷികളിലെ 49 എം. എൽ. എ. മാരും ആവശ്യപ്പെട്ടിട്ടും ആഭ്യന്തരമന്ത്രി
അതിൻമേൽ യാതൊരു നടപടി എടുക്കുകയോ അടുത്തു കൂടിയ കൃാബി
നറ്റു യോഗത്തിന്റെ ശ്രദ്ധയിൽ അതു പെടുത്തുകയോ ചെയ്തില്ല.
മന്ത്രിസഭായോഗത്തിൽ ഈ പ്രശ്നം ചർച്ച ചെയ്യണമെന്ന് കൃഷിവകുപ്പു
മന്ത്രി ആവശ്യപ്പെട്ടപ്പോഴും വകുപ്പുമന്ത്രിക്കല്ലാതെ ഈ പ്രശ്നം അവതരി
പ്പിക്കുവാൻ അവകാശമില്ലെന്ന തടസ്സവാദം ഉന്നയിക്കുകയാണ് മാർക്
സിസ്റ്റു മന്ത്രിമാർ ചെയ്തത്.

ആഗസ്റ്റ് 22-ാം തീയതിക്കും സെപ്റ്റംബർ ഒന്നാം വാരത്തിനുമിട
യിൽ ജില്ലാ തല്ലസ്ഥാനങ്ങളിലും മറ്റു കേന്ദ്രങ്ങളിലും മാർക്സിസ്റ്റു
കമ്മ്യൂണിസ്റ്റ് കക്ഷി നടത്തിയ റാലിയിൽ വിളിച്ചിരുന്ന മുദ്രാവാക്യ
ങ്ങളും ഐക്യമുന്നണിയിലെ ഘടകകക്ഷികളും ഒരുകാലത്തും യോജിച്ചു
പ്രവർത്തിക്കരുതെന്നും ഐക്യം തകർത്ത് ഒറ്റയ്ക്കു നീങ്ങണമെന്നുമുള്ള
രാഷ്ട്രീയതന്ത്രത്തിന്റെ ഉറച്ച പ്രഖ്യാപനമായിരുന്നു. മാർക്സിസ്റ്റു
കമ്മ്യൂണിസ്റ്റു പാർട്ടിയുടെ വക്താവായി അടുത്തകാലത്തായി അറിയ
പ്പെടുന്ന തൊഴിൽവകുപ്പുമന്ത്രി സ. മാണിക്യം ചെയ്തിട്ടുള്ള പ്രസംഗങ്ങ
ളും കെ. ടി. പി. നേതാവ് ഫാദർ വടക്കന്റെ പ്രസ്താവനകളും ഈ നാട്ടിൽ
സമുദായ സൗഹാർദ്ദത്തിന്റെ ആണിക്കല്ലുപോലും പറിച്ച് എറിയുവാൻ
ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു. ഭൂനയബിൽ ഒരു മറയായി ഈ വിഭാഗീയ
പ്രവർത്തനത്തിന് ഉപയോഗിക്കുവാനും മടിച്ചില്ല. പക്ഷേ അതു വളരെ
വേഗം പൊളിഞ്ഞുപോയി. ഐക്യത്തിനെതിരായിട്ടുള്ള മുദ്രാവാക്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

മാർക്സിസ്റ്റും തെരുവിലേയ്ക്കു വലിച്ചുകൊണ്ടുപോയത് മാർക്സിസ്റ്റ് പാർട്ടിതന്നെയാണ്. വികാരങ്ങളും പ്രകടനത്തിനു നിർബന്ധിതരായത്. ചില കേന്ദ്രങ്ങളിൽ സ്വാഭാവികമായും അതേ പ്രകടനങ്ങളിലും മുദ്രാവാക്യങ്ങളും ഈ കക്ഷികളുടെ പ്രകടനങ്ങളിലും ഉയർന്നു. നികത്താനാവാത്ത വിടവ് ഐക്യമുന്നണിയിൽ സൃഷ്ടിക്കുവാൻ മാത്രമേ ഈ ശക്തി പ്രകടനങ്ങളും ഉപകരിച്ചുള്ളൂ. സൂചികൊണ്ട് എടുക്കാമായിരുന്നത് തൂമ്പകൊണ്ടുമെടുക്കാൻ വയ്യാത്ത സ്ഥിതിയിലേക്ക് എത്തിച്ചതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം മുഖ്യമന്ത്രിയുടെ കക്ഷിക്ക് തന്നെയാണ്.

സംഭവഗതികളും ഇത്രയും നീങ്ങിയതിനുശേഷവും ശ്രീ. വെല്ലിംഗ്ടന്റെ കാര്യത്തിൽ അന്വേഷണം നടത്തുവാനുള്ള സന്നദ്ധത മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. ശ്രീ. വെല്ലിംഗ്ടനെതിരായി നിയമസഭയ്ക്ക് അകത്തും പുറത്തും നിരന്തരമായി ഉണ്ടായിക്കൊണ്ടിരുന്നതും പരക്കെ വിശ്വസിക്കപ്പെടുന്നതുമായ അഴിമതിയാരോപണങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിന് ക്യാബിനറ്റ് ഉൾപ്പെടെ എല്ലാ തലത്തിലും നടത്തിയ ശ്രമങ്ങളും പരാജയപ്പെട്ടതിനുശേഷമാണ് നാലു ഘടകകക്ഷികളിൽപ്പെട്ട മന്ത്രിമാർക്കെതിരായി നിയമസഭാ സാമാജികൻമാർ എഴുതിക്കൊടുത്തിട്ടുള്ള ആരോപണങ്ങളെപ്പറ്റി അന്വേഷിക്കണമെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് എം. എൽ. എ. മാരും അനൗദ്യോഗികപ്രമേയങ്ങളും അയച്ചിരുന്നത്. എന്നാൽ ബാലറ്റു ചെയ്തതിൽ ശ്രീ. വെല്ലിംഗ്ടനെതിരായുള്ള പ്രമേയമാണ് ചർച്ചയ്ക്കു വന്നത്. ഈ പ്രമേയത്തിന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എം. എൽ. എ. മാർ നാലു കക്ഷികളിലെ ചില മന്ത്രിമാരെക്കൂടി ഉൾപ്പെടുത്തണമെന്ന ഭേദഗതി കൂടി അവതരിപ്പിച്ചിരുന്നു. 'പ്രതിപക്ഷ പിന്തുണയില്ലാതെ പാസ്സാകുകയില്ലെന്നു വ്യക്തമായി അറിഞ്ഞിട്ടും' പ്രമേയം അവതരിപ്പിച്ചതിൽ രാഷ്ട്രീയ പ്രശ്നം കാണുന്ന സഖാവ് ഇ. എം. എസ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയംഗങ്ങളും നോട്ടീസ് നൽകിയിരുന്ന ഭേദഗതികളും പാസ്സാകുന്നതിന് ആരുടെ പിന്തുണയാണ് പ്രതീക്ഷിച്ചിരുന്നതെന്നുകൂടി വ്യക്തമാക്കണം. ഒക്ടോബർ 3-ാം തീയതി സി. പി. ഐ. എം. എൽ. എ. സ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ച പ്രമേയവും അവതരിപ്പിക്കുന്നതിന് എതിരായി പൊള്ളയായ നിയമ തടസ്സവാദങ്ങളുടെ പഴമുറം ഉയർത്തി പടപൊരുതി പരാജയപ്പെട്ടപ്പോഴും നിയമസഭാ നടപടികളും അലങ്കോലപ്പെടുത്തുവാൻ എല്ലാ അടവുകളും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളും പയറ്റി നോക്കി. അവസാനം പ്രമേയം എതിരുകൂടാതെ പാസ്സാകുകയുണ്ടായി. അപ്പോഴത്തെ വികാര വിക്ഷോഭത്തിൽ മാർക്സ്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തന്നെ സമ്മതമില്ലാതെ സ്പീക്കർക്കെതിരായി സി. പി. ഗോവിന്ദപ്പിള്ള എം. എൽ. എ. ഒരു പ്രമേയത്തിനു നോട്ടീസ് നൽകി കണ്ണടച്ച് ഇരുട്ടാക്കാനുള്ള ശ്രമവും നടത്തി. നിയമസഭയിൽ പ്രമേയം പാസ്സായതിനു ശേഷം സഭാനേതാവായിരുന്ന ശ്രീമതി കെ. ആർ. ഗൗരി നിമിഷങ്ങൾക്കകം ചെയ്തത് 6-ാം തീയതി കൂടുവാനിരുന്ന ക്യാബിനറ്റ് യോഗം മാറ്റിവയ്ക്കുകയായിരുന്നു. ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമായിരുന്നു. ഐക്യമുന്നണി ഗവൺമെന്റ് എന്നാൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തീരുമാനിക്കുന്ന കാര്യം മാത്രം നടത്തുവാനുള്ള ഒരു എക്സിക്യൂട്ടീവ് മാത്രമാക്കി മാറ്റുക. ഒരു മന്ത്രിയെപ്പറ്റി നിയമസഭ

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കിയ പ്രമേയത്തിന്റെ അനന്തര നടപടിപോലും കാബിനറ്റു കൂടി ആലോചിക്കില്ല. നിയമസഭയുടെ പ്രമേയം നടപ്പിലാക്കുവാൻ നിർബ്ബന്ധിതമാണെന്നു വന്നതോടെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പോളിറ്റ് ബ്യൂറോ കൂടി ശ്രീ. വെല്ലിംഗ്ടനോടൊപ്പം നാലു കക്ഷികളിലെ മന്ത്രിമാരെപ്പറ്റിയും കൂടി അന്വേഷണത്തിന് ഉത്തരവിടുവാൻ നിർദ്ദേശം നൽകി. ഇതു നടപ്പിലാക്കുവാൻ ആഭ്യന്തരമന്ത്രിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സ. എ. കെ. ജി. പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു.

എന്തുകൊണ്ടോ ഈ കൊലവാൾ മുഖ്യമന്ത്രിയെ ഏൽപ്പിക്കുവാനാണ് അവസാനം തീരുമാനിച്ചത്. തികച്ചും രാഷ്ട്രീയ പകപോക്കലിനും മറ്റു കക്ഷികളെ തേജോവധം ചെയ്യുന്നതിനും തീരുമാനമായി എന്നറിഞ്ഞുകൊണ്ടു തന്നെയാണ് നാലു കക്ഷികളും കോഴിക്കോട്ടു ചേർന്ന് ഐക്യമുന്നണിനേതാവായ മുഖ്യമന്ത്രിക്ക് ഇപ്പോൾ 'അന്ത്യശാസനം' എന്നു വ്യാഖ്യാനിക്കപ്പെടുന്ന പ്രമേയം നൽകുന്നതിനു തീരുമാനിച്ചത്. കക്ഷിരാഷ്ട്രീയ വിരോധത്തിന്റെ തിമിരം ബാധിച്ചിട്ടില്ലാത്ത ആർക്കും ആ പ്രമേയത്തിന്റെ സ്വരം, കൂടിയാലോചിക്കുക, എല്ലാ കക്ഷികൾക്കും സ്വീകാര്യവും തൃപ്തികരവുമായ രീതിയിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നാണെന്നു വ്യക്തമാകും. ശ്രീ. വെല്ലിംഗ്ടനെപ്പറ്റിയുള്ള അന്വേഷണം മാത്രമാണ് 18-ാം തീയതിക്ക് മുമ്പു ചെയ്യേണ്ടതായി ആവശ്യപ്പെട്ടിരുന്നത്. ഇതു ചെയ്യുവാൻ അല്പമെങ്കിൽത്തന്നെയും ഗവൺമെന്റ് ബാധ്യസ്ഥമാണ്.

മുഖ്യമന്ത്രി എന്നു വിരുമെന്നു സഹമന്ത്രിമാരെ അറിയിക്കുവാനുള്ള കേവല മര്യാദപോലും ചുമതലപ്പെട്ടവരിൽനിന്നുമുണ്ടായില്ല.

14-ാം തീയതി പ്രമേയം മുഖ്യമന്ത്രിയെ ഏൽപ്പിച്ചു. എന്നാൽ ആ പ്രമേയം ഐക്യമുന്നണിയെ വെട്ടിപ്പിളർക്കുവാനുള്ള ആയുധമായാണ് മുഖ്യമന്ത്രി ഉപയോഗിച്ചത്. ദീർഘനാളത്തെ ചികിൽസയ്ക്കു ശേഷം തിരിച്ചെത്തിയ മുഖ്യമന്ത്രിക്ക് ഈ സാഹസം ചെയ്യുന്നതിനു മുൻപായി സഹമന്ത്രിമാരോട് ഒരുമിച്ചിരുന്ന് ഇതേപ്പറ്റി ഒന്നു സംസാരിക്കുവാനുള്ള കേവല മായ മര്യാദപോലും ഉണ്ടായില്ല. പോളിറ്റ് ബ്യൂറോയുടെ തീരുമാനം നടപ്പിലാക്കുവാനുള്ള ബാധ്യത മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു ഐക്യമുന്നണി സംവിധാനത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത ക്രൂരമായ സംഭവമാണിത്. ഐക്യം കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കുമെന്നു ജനങ്ങളോട് ഉറപ്പു കൊടുത്ത സ. ഇ. എം. എസ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അംഗത്വം സ്വീകരിച്ച സഹമന്ത്രിമാരുടെ നേരെ സ്വന്തമായ വിവേചനം പോലും ഉപയോഗിക്കാതെ അന്വേഷണത്തിന് ഉത്തരവിടുമെന്നു പ്രഖ്യാപിച്ചു. മന്ത്രിസഭയിൽ തുടരുവാനുള്ള അനുവാദം അദ്ദേഹം ശ്രീ. വെല്ലിംഗ്ടനോടൊപ്പം മറ്റുള്ളവർക്കും ഔദാര്യപൂർവ്വം അനുവദിച്ചു. അപരാധബോധം ബാധിച്ച ഒരു കുറ്റവാളിയുടെ 'എന്നെ തല്ലുക, എന്നെ കൊല്ലുക' എന്ന മുറവിളിപോലെ 'അവിശ്വാസപ്രമേയം കൊണ്ടുവരിക' എന്ന പല്ലവി നിയമസഭയിൽ പലവുരു ആവർത്തിക്കുകയുണ്ടായി.

സഖാവ് ഇ. എം. എസ്സിന്റെ അഭാവത്തിൽ തന്റെ അനുയായികളും നിയമവാദങ്ങളും ഭരണഘടനയും ഉയർത്തിപ്പിടിച്ചു നടത്തിയ കോപ്രായങ്ങളെയെല്ലാം പരോക്ഷമായി അദ്ദേഹം തള്ളിപ്പറഞ്ഞു. എന്നാൽ അദ്ദേഹം ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ പ്രശ്നത്തിനു വഴിതെളിച്ച

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. ദിവാകരൻ]

സാഹചര്യങ്ങളും സ്വന്തം അണികളുടെ തെറ്റുകളിൽ നിന്നും ഉണ്ടായിട്ടുള്ള താണെന്ന് അദ്ദേഹം സൗകര്യപൂർവ്വം വിസ്മരിക്കുന്നു. തികച്ചും രാഷ്ട്രീയ പകയിൽനിന്നും ജന്മമെടുത്ത വിവേകരഹിതമായ പോളിറ്റ് ബ്യൂറോ തീരുമാനത്തിന് ഈ ഭാഷ്യമല്ലാതെ മറ്റൊന്നും നൽകുവാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല.

ആഭ്യന്തര മൽസരം മൂലം കോൺഗ്രസ്സ് തകർന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഇടതുപക്ഷ ജനാധിപത്യ ശക്തികളുടെ ഐക്യം ഒന്നുകൂടി അരക്കിട്ടുറപ്പിച്ച് ശക്തിപ്പെടുത്തുക എന്നതാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. അനുദിനം സാമ്പത്തിക തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ അവകാശ സമരങ്ങളെ ഒരു പടി കൂടി വളർത്തിക്കൊണ്ടുവരുന്നതിന് ഐക്യമുന്നണിയെ അവർ ആവേശ പൂർവ്വം ഉറ്റുനോക്കുന്നു. ജനലക്ഷങ്ങളുടെ ഈ അഭിലാഷത്തിന്റെ കഴുത്തിലാണ് സ. ഇ. എം. എസ്. വാളെടുത്തു വെട്ടിയത്. 'അഴിമതിയാരോപണത്തിനു വിധേയനായ ഒരു മന്ത്രിയെ രക്ഷിക്കുവാൻ വേണ്ടി താണ്ഡവം നടത്തിയിരിക്കുന്ന ഈ ക്രൂരമായ വിനോദം ഇൻഡ്യയിലെ കുത്തക മുതലാളിത്വത്തിനും സ്ഥാപിത താൽപ്പര്യങ്ങൾക്കും അവരുടെ സംഘടനയായ കോൺഗ്രസ്സിനും ഭാരതത്തിൽ തലയുയർത്തിവരുന്ന ഫാസിസ്റ്റു ശക്തികൾക്കും ആഹ്ലാദത്തിനു വകനൽകുന്നു. കേരളാ കോൺഗ്രസ്സ് കോൺഗ്രസ്സ് പിന്തുണയോടുകൂടി ഒരു പ്രമേയം പാസ്സായതിൽ കാണുന്ന രാഷ്ട്രീയ പ്രശ്നം നിങ്ങൾ ചെയ്ത ക്രൂരമായ കൃത്യവുമായി തട്ടിച്ചുനോക്കുമ്പോൾ എത്രയോ ലഘുവാണ്. കേരളത്തിലെ ജനങ്ങൾ നിറപറയും നിലവിളക്കുമായി കെട്ടിത്തന്ന ഐക്യമുന്നണി 'വരാംഗി'യെ കമ്മ്യൂണിസിസ്റ്റു വിരുദ്ധ മുന്നണിയെന്ന 'കൂടു'യെ കാമിച്ച് കൊന്നിരിക്കുന്നു.

ഈ ക്രൂര കൃത്യത്തിനു സാക്ഷ്യം വഹിക്കേണ്ടിവന്ന സഹപ്രവർത്തകരായ ഞങ്ങൾ മന്ത്രിസഭയിൽനിന്നു രാജിവയ്ക്കുവാൻ നിർബ്ബന്ധിതരായി. രാഷ്ട്രീയ വിദ്വേഷം കൊണ്ടും അഹന്തകൊണ്ടും രക്തദാഹം പൂണ്ടുനിൽക്കുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ മുമ്പിൽ ആറുതലകൾ ഞങ്ങൾ ബലിയർപ്പിക്കുന്നു. ദാഹം തീരുന്നില്ലെങ്കിൽ കൂടുതൽ തരാൻ ഇപ്പുറത്ത് ഇനി തലയില്ല. പക്ഷേ ഇവിടംകൊണ്ട് അവസാനിപ്പിച്ചില്ലെങ്കിൽ സ്വന്തം അണികളിൽ രക്തദാഹത്തിനുവേണ്ടി ഈ വാൾ ഉയർത്തപ്പെടുന്ന ദിവസം വിദൂരമല്ലെന്ന് ഞാൻ മുന്നറിയിപ്പു നൽകുന്നു. 18-ാം തീയതി ഞങ്ങളുടെ രാജിക്കത്തുകൾക്ക് സഖാവ് ഇ. എം. എസ്. എഴുതിയ കത്ത് ഒരു ഐക്യമുന്നണി നേതാവിന്റെ സ്വരത്തിലാണ്, ഒരു പാർട്ടിയുടെ തടവുകാരനായി അദ്ദേഹം ചെയ്തു മൂർച്ചയേറിയ വെട്ടിന്റെ ഫലം അദ്ദേഹത്തിൽത്തന്നെ വേദനയുണ്ടാക്കിയെന്നു തോന്നുന്നു. മുറിവിൽ വെണ്ണ പുരട്ടുവാൻ അദ്ദേഹം ശ്രമിച്ചു. ചോരയുടെ ചൂട് ആറും മുൻപ് അദ്ദേഹം സാന്ത്വനിപ്പിച്ചു. ''നാളെയും നമ്മൾ ഒരുമിച്ച് പോകേണ്ടവരാണ്, നമുക്ക് ഒരുമിച്ചിരുന്ന് ആലോചിക്കാം' എന്നെല്ലാം പറഞ്ഞു. പക്ഷേ അത് 'പുണ്ണിൽ വീണ്ടും കോലിട്ടു കുത്തുക'യല്ലായിരുന്നുവെന്ന് തെളിയിക്കേണ്ട അവസരം ഇനിയും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ മുമ്പിൽ തുറന്നുകിടപ്പുണ്ട്. ഭാരതത്തിന്റെ ഭാവിയെ ഓർത്ത് അതു ചെയ്യണമെന്നു ഞാൻ എന്റെ കക്ഷിയുടെ പേരിൽ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മന്ത്രിസഭയിലെ ഒരംഗമായിരുന്നകാലത്ത് ഔദ്യോഗിക മൺഷിത്തിൽനിന്നും നിയമസഭാ സാമാജികൻമാരിൽ നിന്നും സഹോദര മന്ത്രിമാരിൽ നിന്നും മുഖ്യമന്ത്രിയിൽ നിന്നും എനിക്കു ലഭിച്ച എല്ലാ സഹകരണങ്ങൾക്കും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു.

ശ്രീ. ടി. വി. തോമസ്: സർ, ഞാൻ വളരെ സൂക്ഷിച്ചു സംസാരിക്കേണ്ടതാണെന്ന് എനിക്കറിയാം. കാരണം ''മോങ്ങാനിരിക്കുന്ന 'നായ' . . . .'' എന്നൊരു പഴഞ്ചൊല്ലുണ്ട്. ഞാൻ എന്തെങ്കിലും പറഞ്ഞാൽ മോങ്ങാനിരിക്കുന്നവരാണ് അപ്പുറത്തിരിക്കുന്നതെന്ന് എനിക്കറിയാം. അതുകൊണ്ട് വളരെ സൂക്ഷിച്ച് സംസാരിക്കുകയാണ്. ഞങ്ങൾ ഇവിടെ ഇരുന്ന് ചിരിച്ചാൽ പോലും അവിശ്വാസമാണെന്നു പറഞ്ഞു രക്ഷപ്പെടാൻ ഇരിക്കുന്ന നമ്പൂതിരിപ്പാടിന്റെ മുമ്പിൽ സംസാരിക്കുമ്പോൾ വളരെ സൂക്ഷിക്കണം. പല പ്രാവശ്യവും അദ്ദേഹം ഞങ്ങളോടു പറഞ്ഞു അവിശ്വാസപ്രമേയം കൊണ്ടുവരാൻ. സർ, തൂങ്ങിച്ചത്തവരെ തൂക്കിലിടുമോ? അത്രയ്ക്കു വിഡ്ഢികളാണോ ഞങ്ങൾ? അതുകൊണ്ട് വളരെ സൂക്ഷിച്ച്, ഒരു അവിശ്വാസപ്രമേയമെന്ന് വ്യാഖ്യാനിച്ച് രക്ഷപ്പെടാൻ സാധ്യമല്ലാത്തനിലയിൽ വളരെ നിയന്ത്രിച്ചു സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിൽ എന്തെങ്കിലും പാകപ്പിഴകൾ വന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതു ദുരുപയോഗിക്കരുതെന്ന് അപേക്ഷയുണ്ട്.

സർ, എന്താണ് ഈ ആറു മന്ത്രിമാർ ഒന്നിച്ചു രാജിവച്ചത്. കഴിഞ്ഞ 17–ാം തീയതി മുഖ്യമന്ത്രി ഒരു പ്രസ്താവന ചെയ്തു. ആ പ്രസ്താവനയിൽ പറയുന്നത് ഞങ്ങൾ നാലു പാർട്ടികൾ സ്വീകരിച്ച ചില നടപടികൾ ഒരു പുതിയ രാഷ്ട്രീയ പരിതസ്ഥിതി ഉളവാക്കിയെന്ന്. ശരി. അങ്ങനെ ഉളവാക്കിയെങ്കിൽതന്നെയും മുഖ്യമന്ത്രി എന്താണ് ചെയ്തത്? അതിനെ നേരിട്ടത് ഈ രാജ്യത്തെ ലക്ഷക്കണക്കിന് ജനങ്ങൾ വമ്പിച്ച വിലകൊടുത്തു കെട്ടിപ്പടുത്ത ആ ഐക്യമുന്നണി സൗധം തകർത്തുകളഞ്ഞുകൊണ്ടാണ്. ചില പ്രേതബാധ—മന്ത്രവാദ കഥകൾ കേട്ടിട്ടുണ്ട്; ക്രൂരനായ പ്രേതത്തെ ശരീരത്തിൽനിന്ന് ഒഴിക്കുമ്പോൾ ഒഴിയുകയും പോകുന്നപോക്കിന് പുരയുടെ മേൽക്കൂര പൊളിച്ചുകൊണ്ടുപോകുകയും ചെയ്യുമെന്ന്. അതുപോലെ ഐക്യമുന്നണി സൗധത്തിന്റെ മേൽക്കൂരപോലും പൊളിച്ചുകൊണ്ടുപോവുകയാണ് ചെയ്തത്. എന്തായാലും ഒരു ആശ്വാസം, അടിത്തറ അവശേഷിച്ചിട്ടുണ്ട്. ഇവിടത്തെ ജനങ്ങൾ അതു കെട്ടിപ്പടുത്തുകൊള്ളുമെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ട്. ഞങ്ങൾ രാജിവച്ചത് അഴിമതിയന്വേഷണത്തെ ഭയന്നിട്ടാണോ? ചില മാർക്സിസ്റ്റു പാർട്ടി സ്നേഹിതന്മാരും അവർക്കുവേണ്ടി കൂലിക്കു കൊല്ലാൻ നടക്കുന്ന ചില പത്രപ്രവർത്തകരും അങ്ങനെ ഒരു ധാരണ വരുത്താൻ ശ്രമിച്ചു. സന്ദർഭം ഉണ്ടായപ്പോൾ അഴിമതിയാരോപണത്തിന് ഞങ്ങൾ എതിരല്ലെന്നല്ലേ പറഞ്ഞത്? എന്നാൽ ഇതുപോലെ ഒരു ധൈര്യം മാർക്സിസ്റ്റു മന്ത്രിമാരിൽ നിന്നും കാണാൻ സാധിച്ചോ? അങ്ങനെ ഒരു പ്രസ്താവന ചെയ്യുന്നതിനുമുമ്പ് മൂത്രാശയത്തിൽ നിന്നും മൂത്രം ഒലിച്ചുപോകും. അഴിമതിയാരോപണത്തിനു വിധേയരായിട്ടുള്ള എല്ലാ മന്ത്രിമാരെപ്പറ്റിയും അന്വേഷണം നടത്തുമെന്ന് ശ്രീമാൻ എ. കെ. ഗോപാലൻ ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചിട്ടും ഒരു മാർക്സിസ്റ്റു മന്ത്രി ഇവിടെ വന്നിട്ട് ഞാൻ അന്വേഷണത്തിനു തയ്യാറാണെന്ന് എന്തുകൊണ്ട് പറഞ്ഞില്ല സർ. അഴിമതിയാരോപണത്തെപ്പറ്റി അന്വേഷിക്കുന്നതിൽ ഞങ്ങൾക്ക് ആർക്കും ഭയമില്ല. എങ്കിലും ഒരു പരിഭവം എനിക്കുണ്ട്. ബഹുമാനപ്പെട്ട ശങ്കരൻ നമ്പൂതിരിപ്പാടിനു സമർപ്പിക്കാനുള്ള ഒരു പരിഭവമുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്]

സർ, സർ സി. പി. രാമസ്വാമി അയ്യർ എന്നുപറഞ്ഞ ഒരാൾ ഇവിടെ ഭരിച്ചിരുന്നു. അദ്ദേഹം പട്ടാളനിയമം ഏർപ്പെടുത്തി ഒരു ഭരണം നടത്തി. അതിൽ ഒന്നും രണ്ടും മൂന്നും പ്രതികൾ എം. എൻ., ടി. വി., ടി. കെ. എന്നിവരാണ്. കഴിഞ്ഞ 20–25 വർഷക്കാലമായി ഇവിടത്തെ ഇടതുപക്ഷ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച ഞങ്ങൾ, ഞങ്ങളെ തേജോവധം ചെയ്യാൻ മുഖ്യമന്ത്രിക്ക് പ്രകോപനമുണ്ടായിരിക്കാം, ന്യായം കാണുമായിരിക്കാം, പകയൊക്കെ ആയിരിക്കാം. പക്ഷെ, ഞങ്ങളെയും വിരുദ്ധ മുന്നണിക്കാരനെയും ഒരു കോടതിയുടെ മുമ്പിൽ നിരത്തി നിറുത്താൻ മുഖ്യമന്ത്രിയുടെ കൈ എങ്ങനെ അനങ്ങിയെന്നാണ് എനിക്കു ചോദിക്കാനുള്ളത്. ഞങ്ങൾ തെറ്റുകാരായിരിക്കാം, ഞങ്ങൾ റിവിഷനിസ്റ്റുകളായിരിക്കാം, ഞങ്ങൾ അഴിമതിക്കാരായിരിക്കാം. എങ്കിലും ഞങ്ങളും വിരുദ്ധമുന്നണിക്കാരനും ഒന്നിച്ച് മുള്ളയുടെ കോടതിയുടെ മുമ്പിൽ നിൽക്കത്തക്കവണ്ണമുള്ള, ഈ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കൈ ചലിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല. ഗാന്ധിജി ഇതുപോലെ ഒരവസരത്തിൽ പറഞ്ഞു, ഇതുപോലെ ഒരു ഉത്തരവിടാൻ ചെകുത്താനു മാത്രമേ സാധിക്കുള്ളൂ എന്ന്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഒരു ചോദ്യം.

ഡെ: സ്പീക്കർ: പാടില്ല.

ശ്രീ. ടി. വി. തോമസ്: എനിക്കറിയാം, ശ്രീ. രാമകൃഷ്ണനെ കുഴപ്പിക്കുമെന്ന് എനിക്കറിയാം. അതുകൊണ്ട് ഞാൻ വളരെ സൗമ്യമായി സംസാരിക്കുകയാണ്. ഞാൻ പറഞ്ഞല്ലോ വല്ലതും പാകപ്പിഴകൾ വന്നാൽ ക്ഷമിക്കണമെന്ന്. മാർക്സിസ്റ്റു പാർട്ടിയെന്നു പറഞ്ഞാൽ ഞങ്ങൾക്കു ഭയപ്പെടേണ്ട ഒരു സാഹചര്യമാണ്. ക്ഷമിക്കണം നിങ്ങൾ ക്രിസ്തുവിനെ തൂക്കിയപ്പോൾ രണ്ടു കള്ളന്മാരെ നിറുത്തി; ബറാബസ് അങ്ങനെ ഒരു തന്ത്രമുപയോഗിച്ചു മുന്നോട്ടുപോകുന്ന ,യഹൂദവർഗ്ഗത്തലപ്പെട്ടവരാണോ ഈ മാർക്സിസ്റ്റു പാർട്ടിക്കാർ എന്ന് ഞാൻ ചോദിക്കുന്നു. അതിന്റെ ഹൈപ്രീസ്റ്റാണോ ഈ മുഖ്യമന്ത്രി ? ശ്രീ. വില്ലിംഗ്ഡണെതിരായി . 12 ആരോപണങ്ങൾ വിഴുങ്ങിക്കളഞ്ഞു അദ്ദേഹം എന്താണ് ന്യായം പറഞ്ഞത് ? ഞാൻ സ്പീക്കറോടു ചോദിച്ചു, സ്പീക്കർ സമയത്തിന് അതുകൊടുത്തില്ലെന്നാണ്. അങ്ങനെയുള്ള തർക്കമാണ്. പണ്ടത്തെ ഒരു കഥ ഞാൻ ഓർക്കുന്നു. കണിയാനും നമ്പൂതിരിയും തമ്മിലുള്ള തർക്കം. നമ്പൂരി കണിയാനോടു പറഞ്ഞു, ഒരു കുട കെട്ടിത്തരണമെന്ന്; ഓലക്കുട. നമ്പൂരി പണം കൊടുക്കാത്ത ആളാണെന്ന് കണിയാന് അറിയാം. ഒഴിയാൻ വേണ്ടി പറഞ്ഞു, നമ്പൂരി ഒരു കാലു കൊണ്ടുവാ കുട കെട്ടിത്തരാം എന്ന്. അന്നുമുതൽ നമ്പൂരി കണിയാനെ കാണുമ്പോൾ ഒളിക്കും. അങ്ങ് കണിയാനാണെന്ന് ഞാൻ പറയുന്നില്ല. നമ്പൂരിയാണെന്നും പറയുന്നില്ല. നമ്പൂരി കണിയാരോടു പറഞ്ഞു ആരോ പണം തരണമെന്ന്. കണിയാര് നമ്പൂരിയോടു പറഞ്ഞു തെളിവുകൾ വന്നുകൊണ്ടുപോകാൻ. അന്നുമുതൽ നമ്പൂരി ഒളിച്ചു നടക്കുകയാണ്. 18–ാം തീയതിക്കുമുമ്പ് ഉത്തരവു പുറപ്പെടുവിക്കണമെന്നുള്ളതിന് 16–ാം തീയതിതന്നെ ഇത്ര വ്യഗ്രതകാണിച്ചത് എന്തിനാണ് ? 18–ാം തീയതി രാത്രിയായാൽ പോരെ, 19–ാം 20–ാം ഹാളീഡേയല്ലേ, 21–ാം തീയതി ആയാൽ പോരെ ? അപ്പോൾ ഒഴിഞ്ഞുമാറണമെന്നുള്ള ആഗ്രഹമാണ്. ഇത്ര ബാലിശമായ ഒരു ന്യായം ഇ. എം. എസ്. നമ്പൂതിരിപ്പാടിൽ നിന്നും ഞങ്ങൾക്കു പ്രതീക്ഷിക്കാവുന്നതല്ലെന്നു മാത്രമേ പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ സംഭവം, ഈ ആക്രമണം എന്റെ പാർട്ടിക്കും എ- എതിരായിട്ടുള്ള ഒരു മാസ്റ്റർ പ്ലാനിന്റെ ഫലമാണെന്ന് ഞാൻ പറയു ഗ്രഹിക്കുകയാണ്. അതിനുള്ള തെളിവുകളും ഞാൻ ഇവിടെ ഹാജരാക്കു പോവുകയാണ്. അഴിമതിയാരോപണം ചിലരെപ്പറ്റിയെല്ലാം വന്നു. ചിലരെപ്പറ്റി മാത്രം അന്വേഷണം; ബാക്കിയുള്ളവരെ സംബന്ധിച്ച് അന്വേഷണമില്ല. എങ്ങനെയാണ് സർ ഈ ഗൗരവം നിശ്ചയിക്കുന്നത്. തൂക്കിനോക്കി. ഒരാളുടേത് അര പലം കുറവാണെന്നും മറ്റുള്ളവരുടേത് അര പലം കൂടുതലാണെന്നും, അങ്ങനെയാണോ നിശ്ചയിക്കുന്നത്?

സർ, കേരളത്തിലെ മുഖ്യമന്ത്രി—കേരളം എന്നുപറഞ്ഞാൽ അതിൽ ഞാൻ വളരെയധികം അഭിമാനം കൊള്ളുന്നു—കേരളത്തിലെ മുഖ്യമന്ത്രി ഇതു പോലെ പരിഹാസപൂർവ്വമായ ഒരു നിലപാട് എടുക്കാൻ ഇടയായതിൽ എനിക്ക് വളരെ ലജ്ജയുണ്ട്. അതുകൊണ്ട് അദ്ദേഹം അതു തിരു ത്താൻ തയ്യാറാകണം; അദ്ദേഹം കേരളത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ. എനിക്കും എന്റെ പാർട്ടിക്കും എതിരായിട്ടുള്ള ആക്രമണത്തിന്റെ മാസ്റ്റർ പ്ലാൻ ഞാൻ വ്യക്തമാക്കാം. സർ, വ്യവസായ നയപ്രഖ്യാപനം ഓർക്കുന്നുണ്ടാവുമല്ലോ. ഗണപതിക്കു കുറിച്ചതാണ്. എല്ലാവരും കൂടി ഇരുന്നിട്ടു പറഞ്ഞു ടി. വി. തോമസ് ഒരു വ്യവസായ നയപ്രഖ്യാപനം എഴുതിയുണ്ടാക്കു. എഴുതിയുണ്ടാക്കി. ക്യാബിനറ്റു ഏകകണ്ഠം അംഗീ കരിച്ചു. ഏകോപനസമിതി ഏകകണ്ഠമായി അംഗീകരിച്ചു അതു പരസ്യം ചെയ്തു. അതിനുശേഷം ഇവിടെ പണം മുടക്കി വ്യവസായം നടത്താൻ തയ്യാറുള്ളവരിൽ അനുകൂലാഭിപ്രായക്കാരെ കണ്ടപ്പോഴാ മാർക്സിസ്റ്റ് പാർട്ടിക്ക് പൂതിയിളകി. വ്യവസായ നയപ്രഖ്യാപനത്തിനെതിരെ വിമർശനവും നടന്നു. മാർക്സിസ്റ്റു പാർട്ടിയിലെ നേതാക്കൻമാർ എ. കെ. ജി. മുതൽ കണാരൻവരെയുള്ള ആളുകളും വിമർശിച്ചു. മുഖ്യ മന്ത്രി നമ്പൂതിരിപ്പാടിന് അതിനെ പരസ്യമായി വിമർശിക്കാൻ ലജ്ജയും സങ്കോചവുമില്ലായിരുന്നല്ലോ. പാർട്ടികളും വിമർശിക്കട്ടെ. കോ-ഓർഡി നേഷൻ കമ്മിറ്റിയും ക്യാബിനറ്റും അംഗീകരിച്ച വ്യവസായനയം നടപ്പി ലാക്കാൻ പാവനമായ ബാധ്യസ്ഥതയുള്ള മുഖ്യമന്ത്രിയും അതിനെ വിമർശിച്ചു. അതു കഴിഞ്ഞിട്ടാണ് എന്റെ ജപ്പാൻ പര്യടനം. ആരാണ് സർ, എന്നെ ജപ്പാനിലേക്ക് അയച്ചത്? ശ്രീമാൻ ഇ. എം. എസ്. നമ്പൂ തിരിപ്പാടാണ് എന്നെ ജപ്പാനിലേക്ക് അയച്ചത്. ജപ്പാൻ പര്യടനം കഴിഞ്ഞ് വന്ന് ഞാൻ ഒരു റിപ്പോർട്ട് തയ്യാറാക്കി. ആ റിപ്പോർട്ടനുസരിച്ചുള്ള കാര്യങ്ങളും നടപ്പിലാക്കിയാൽ ഗുണമോ ദോഷമോ അപകടമോ എന്താണ് ഉണ്ടാകുക എന്നുപോലും കൂട്ടായ ചർച്ചനടത്താൻ ഈ മുഖ്യമന്ത്രി തയ്യാറാ യില്ല. അതുകഴിഞ്ഞാണ് ഏറ്റവും മറക്കാൻ പാടില്ലാത്ത ഒരു സംഭവം ഉണ്ടായത്. അതായത് നമ്മുടെ കോഴിക്കോട്ട് ഇരുമ്പയിര് നിക്ഷേപം. ലോകത്തിലെ ഏറ്റവും വിശിഷ്ടഗുണമുള്ള ആ ഇരുമ്പയിര് ഉപയോ ഗിച്ച് സ്റ്റീൽ പ്ലാന്റ് ഉണ്ടാക്കണമെന്ന് നമ്മളം തീരുമാനിച്ചു. അപ്പോഴാ ഇരുമ്പയിര് കയറ്റിക്കൊണ്ടുപോകാൻ ചില ''ഭൈമീ കാമുകൻമാർ'' അടു ത്തുകൂടി. അവസാനം മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയും പറഞ്ഞു നമുക്ക് സ്റ്റീൽപ്ലാന്റ് വേണ്ട എന്ന്. ''അയ്യപ്പനു എന്തിനാണ് പെണ്ണ് പശു പോരേ?'' അതുപോലെ കേരളത്തിനു എന്തിനാണ് സ്റ്റീൽ പ്ലാന്റ്? സ്റ്റീൽ പ്ലാന്റ് വേണമെങ്കിൽ അളിയൻ യൂഗോസ്ലാവിയക്ക് കൊടുത്താൽ പോരേ? ഉടനെ തർക്കമായി. ആ തർക്കത്തിൽ ഞാൻ പറഞ്ഞു, യൂഗോസ്ലാവിയായോടും റുമേനിയയോടും മാർക്സിസ്റ്റു പാർട്ടിക്കുള്ള ബന്ധവും എനിക്കറിയാം. അവർക്ക് നമ്മുടെ ഇരുമ്പയിര് സൗജന്യമായി കിട്ടണമെന്നുള്ള ആഗ്രഹവും എനിക്കറിയാം. എങ്കിലും കേരളത്തോടുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്]

പ്പാട് ഞാൻ മറക്കുകയില്ല എന്ന്. അങ്ങനെയൊരു നിലപാട് സ്വീകരിച്ചാൽ വരാവുന്ന ആപത്തിനെപ്പറ്റി എനിക്ക് മുന്നറിവ് കിട്ടി. 29-5-1969-ൽ നടന്ന പ്രസ്സ് കോൺഫറൻസിൽ ചെയ്ത പ്രസ്താവന അങ്ങയുടെ അനുവാദത്തോടുകൂടി ഞാൻ വായിക്കാം. ഇത് ഒക്ടോബർ 17-ാം തീയതി എഴുതിയതല്ല. ഇന്നും ഇന്നലെയും എഴുതിയതുമല്ല. 29-5-1969-ൽ എഴുതിയതാണ്. ''ഒരു സ്പെഷ്യൽ അലോയ് സ്റ്റീൽ പ്ലാന്റിനുപറ്റിയ മേൽത്തരം ഇരുമ്പയിര് ഇൻഡ്യയിൽ കേരളത്തിലല്ലാതെ മറ്റൊരിടത്തും കണ്ടുപിടിച്ചിട്ടില്ല. ഇരുമ്പയിരുണ്ടെന്നു കണ്ടുപിടിച്ചിരിക്കുന്ന ഭൂപ്രദേശം തികച്ചും സൗകര്യപ്രദവുമാണ്. ഇതെല്ലാം വിസ്മരിച്ചുകൊണ്ട് വളരെ പരിമിതമായ ഗുണം മാത്രമുള്ള ഗോവയിലെയും ഒറീസയിലെയും ഇരുമ്പയിര് മറ്റു രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതുപോലെ നമ്മുടെ ഇരുമ്പയിരും കയറ്റി അയയ്ക്കണമെന്നുള്ള നിർദ്ദേശം എത്ര സ്വാധീനമുള്ള കേന്ദ്രത്തിൽനിന്നാണെങ്കിൽത്തന്നെയും എന്റെ എല്ലാ കഴിവുകളുമുപയോഗിച്ച് എതിർക്കുകതന്നെ ചെയ്യും. യൂഗോസ്ലാവിയ, റുമേനിയ മുതലായ രാജ്യങ്ങളിൽ നിന്നും ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങളെല്ലാം തന്നെ ഈ വിധത്തിലുള്ളതാണ്. ഇരുമ്പയിര് ബില്ലറായോ സ്ലാബായോ കയറ്റിക്കൊണ്ടുപോകണമെന്ന് ഈ രാജ്യക്കാർ ആഗ്രഹിക്കുന്നു, വ്യവസായങ്ങളും സ്റ്റീൽപ്ലാന്റും പ്രസ്തുത രാജ്യങ്ങളിലായിരിക്കണമെന്ന് ഇവർ ഉദ്ദേശിക്കുന്നു. ഇതിനെ മാർക്സിസ്റ്റു പാർട്ടിയിലെ ചില പ്രവർത്തകർ അനുകൂലിക്കുന്നുണ്ട്. ഇന്നത്തെ ലോകരാഷ്ട്രീയ കൂട്ടുകെട്ടിന്റെ അടിസ്ഥാനത്തിൽ യൂഗോസ്ലാവിയ, റുമേനിയ എന്നീ രാജ്യങ്ങളുമായി സ്നേഹബന്ധം സ്ഥാപിക്കാനുള്ള മാർക്സിസ്റ്റു പാർട്ടിയുടെ ഉൽക്കടമായ ആഗ്രഹം എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. പക്ഷേ കേരളത്തോടുള്ള എന്റെ കടപ്പാട് മറക്കാൻ ഞാൻ തയ്യാറില്ല. ഒരുപക്ഷേ അതിനു ഭീമമായ വില ഞാൻ കൊടുക്കേണ്ടിവരുമായിരിക്കും. അതിനും ഞാൻ തയ്യാറാണ്''.

സർ, ഇനി എനിക്കു പറയാനുള്ളത് എനിക്ക് എതിരായി ഇവിടെ കൊണ്ടുവന്ന ആരോപണങ്ങളെപ്പറ്റിയാണ്. എനിക്കെതിരായി കൊണ്ടുവന്ന അഴിമതിയാരോപണങ്ങളും എന്റെ രാഷ്ട്രീയ ജീവിതത്തിൽ എനിക്കു കിട്ടിയ വീരശൃംഖലയാണ്. ഞാൻ അതിൽ അഭിമാനിക്കുന്നു. ഞാൻ കേരളത്തിനുവേണ്ടി പ്രവർത്തിച്ചു. മാർക്സിസ്റ്റുകാരും മുഖ്യമന്ത്രിയും അതിനെതിരായി പ്രവർത്തിച്ചു. ഒരു സ്റ്റീൽ പ്ലാന്റ് നമുക്കു വേണ്ടെന്നു വാദിച്ചിട്ട് അതു വേണമെന്നു പറയുന്നവനെ തേജോവധം ചെയ്യുന്ന മാർക്സിസ്റ്റുപാർട്ടി കേരളത്തെ സ്നേഹിക്കുന്നുണ്ടോ സ്നേഹിതൻമാരെ ? ഒന്ന് ആലോചിക്കൂ. മാർക്സിസ്റ്റുകാരെ കേരളത്തിൽ ആരെങ്കിലും സ്നേഹിക്കുന്നെങ്കിൽ അവർ വിഡ്ഢികളായിരിക്കും. ഞാൻ ഇതുപറയുമ്പോൾ ചില ആളുകൾ ചിരിക്കുന്നുണ്ട്. സർ, പ്രശസ്തനായ ഒരു പേർഷ്യൻ മഹാകവി അൽ അബുഹസ്സൻ ലോകം പൊറുക്കാത്ത ചില പാപങ്ങളെപ്പറ്റി പറഞ്ഞിട്ടുണ്ട്. ''മൂഢനു വയറു നിറഞ്ഞുകഴിഞ്ഞാലുള്ള ചിരി ലോകം സഹിക്കുകയില്ലെ''ന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. (സഭയിൽ ചിരി) ഇതുപോലെ പലതും അദ്ദേഹം പറയുന്നുണ്ട്. ഇനി ആ കാര്യങ്ങളെപ്പറ്റിയൊന്നും ഞാൻ സംസാരിക്കുന്നില്ല. സർ, ഇത്രയൊക്കെ എതിർപ്പുകളുണ്ടായിട്ടുപോലും മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ പാർട്ടിയുടേയും റവന്യൂ ഡിപ്പാർട്ടുമെന്റിന്റെയും ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെയും എല്ലാം എതിർപ്പുകളുണ്ടായിട്ടുപോലും കേരളത്തിലെ വ്യവസായവൽക്കരണത്തിനുള്ള പരിപാടി

കളിൽ കുറെയൊക്കെ വിജയകരമായി ചെയ്തുതീർക്കാൻ എനിക്കു സാധിച്ചിട്ടുണ്ട്. അതിന് എന്നെ സഹായിച്ച ഉദ്യോഗസ്ഥൻമാരോടും പൊതുപ്രവർത്തകരോടും എനിക്ക് അതീവമായ കൃതജ്ഞതയുമുണ്ട്. സുസ്ഥിരമായ ഒരു അടിത്തറ ഇവിടെ കെട്ടിയിട്ടുണ്ട്. ''താമരക്കുളത്തിൽ ആന ഇറങ്ങുന്നതു''പോലെ മാർക്സിസ്റ്റുപാർട്ടി അതിൽ ഇറങ്ങിയില്ലെങ്കിൽ അതു വളർന്നുകൊള്ളും. 46 കോടി രൂപയുടെ ടൈറാനിയം കോംപ്ലെക്സ്, ആറര കോടിരൂപയുടെ ടൈറാനിയം കമ്പനി എക്സ്പാൻഷൻ, മൂന്നരക്കോടി രൂപയുടെ കണ്ടിനന്യൂയിംഗ് കാസ്റ്റിംഗ് പ്രോസസ് (എന്നുപറഞ്ഞാൽ അത് വികസിച്ചുവരുമ്പോഴേ സ്റ്റീൽ പ്ലാൻറാണ്) മുതലായവയൊക്കെ ഇവിടെ വളർന്നുവരുന്നുണ്ട്. ഇതൊക്കെ വളർന്നുവന്നാൽ കേന്ദ്രത്തിന്റെ ഒരു പുല്ലുസഹായവും വേണ്ട. അത് രജിസ്റ്റർ ചെയ്തുകഴിഞ്ഞിരിക്കുകയാണ്. അല്ലെങ്കിൽ നാളെ രജിസ്റ്റർ ചെയ്യും. കൂടാതെ സ്മാൾ സ്കെയിൽ കോംപ്ലെക്സ്, കാഷ്യൂ കോർപ്പറേഷൻ, കയർ കോർപ്പറേഷൻ, ഹാൻഡ്ലൂം ഫിനാൻസ് കോർപ്പറേഷൻ, കണ്ണൂർ ബീഡി സൊസൈറ്റി, ബ്രൂവറീസ് ഓഫ് ഇൻഡ്യാ അതുപോലെ രണ്ടുകോടി രൂപ നിക്ഷേപിച്ചുകൊണ്ടുള്ള ആയിരക്കണക്കിനു ചെറുകിട യൂണിറ്റുകളും ഇവയൊക്കെ ഉണ്ടാക്കിയിട്ടുണ്ട്.

സർ, ഇനി എനിക്കെതിരായിട്ടുള്ള ആരോപണങ്ങളെ സബന്ധിച്ച് പറയാം. അതിന്റെ ഗുണദോഷങ്ങളെപ്പറ്റി നിയമപരമായി പറയുന്നത് ഇവിടെ അനുവദനീയമല്ല.

ഡെപ്യൂട്ടി സ്പീക്കർ: അനുവദനീയമല്ല.

ശ്രീ. ടി. വി. തോമസ്: അതുകൊണ്ട് ഞാൻ അതേപ്പറ്റി പറയുന്നില്ല. സർ, ഞാൻ നിയമം പഠിച്ചത് തെറ്റ് ചെയ്യാതിരിക്കാനാണ്. അല്ലാതെ തെറ്റു ചെയ്യുന്നവർക്ക് ന്യായം കണ്ടുപിടിക്കാനല്ല. എനിക്കെതിരായി ഇവിടെ ആരോപണം വന്നല്ലോ. വക്കൻ കമ്പനിയുടെ കാര്യത്തിൽ എനിക്കു മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത് 18-1-1968-ലും 16-9-1968-ലും ആ ഫയലിൽ അങ്ങുതന്നെ ഇട്ടിരിക്കുന്ന ഒപ്പ്.....

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ആരോപണങ്ങളെപ്പറ്റി നിയമപരമായി പറയുന്നത് അനുവദനീയമല്ലാത്തതുകൊണ്ട് പറയുന്നില്ലെന്നു പറഞ്ഞിട്ട് അദ്ദേഹം ഇപ്പോഴേ.....

ശ്രീ. ടി. വി. തോമസ്: ലാ കോളേജിന്റെ വാതിൽക്കൽ പോലും പോയിട്ടില്ലാത്ത രാമകൃഷ്ണൻ എനിക്ക് നിയമം പറഞ്ഞുതരേണ്ട കാര്യമില്ല.

ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം എറണാകുളത്തു താമസക്കാരനാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ലാ കോളേജിൽ പോയിട്ടില്ലാത്തത് ഒരു തെറ്റായി ഞാൻ കരുതുന്നില്ല. ഞാൻ വലിയ നിയമപണ്ഡിതനൊന്നുമല്ലെങ്കിലും സാമാന്യമര്യാദയുള്ളതുകൊണ്ട് മന്ത്രി പറഞ്ഞ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു എന്നേയുള്ളു.

ശ്രീ. ടി.വി. തോമസ്: സർ, എനിക്കു ഒരു അബദ്ധം പറ്റി. ഞാൻ പറഞ്ഞതു ഞാൻ പിൻവലിക്കുകയാണ്. ശ്രീ.രാമകൃഷ്ണൻ ലാകോളേജിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്]

വാതിൽക്കൽ പോയിട്ടുണ്ട്. മുഖ്യമന്ത്രി ചെന്നു പെട്ടിരിക്കുന്ന ഗതികേടിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രിയല്ലേ? 18-1-1968-ലും 16-9-1968-ലും അദ്ദേഹം ഇട്ടിരിക്കുന്ന ഒപ്പിൻമേൽ "മുള്ള" എന്തു വിധിക്കാനാണ്? ഞാൻ അഴിമതിക്കാരനാണെന്നാണോ വിധിക്കുന്നത്? അതോ നമ്പൂതിരിപ്പാട് വിശ്വാസഘാതകനും തിരുമണ്ടനും ആണെന്നു വിധിക്കുമോ?

പാർവ്വതി മില്ലിനെപ്പറ്റിയാണ് മറ്റൊരാരോപണം. അതായത് ലോൺ കൊടുത്തതിനെപ്പറ്റി. ലോൺ കൊടുക്കാനല്ലേ പണം എന്നെ ഏൽപിച്ചിരിക്കുന്നത്? അല്ലാതെ വീട്ടിൽ കൊണ്ടുപോകാനാണോ? ലോൺ കൊടുത്തതിനെപ്പറ്റിയുള്ള ഫയൽ നോക്കിയാൽ ലോൺ കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ലേബർ മന്ത്രിയുടെ കത്തും, ഇക്കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ടുള്ള സെക്രട്ടറി നാഗരാജന്റെ കത്തും ശ്രീകണ്ഠൻ നായർ എം. പി. യുടെ കത്തും കാണാം. ഇവർക്കെതിരായിട്ട് അന്വേഷണം നടത്താനാണോ "മുള്ള"യെ ഏൽപിച്ചിരിക്കുന്നത്? തൊഴിലാളികളും പണിമുടക്കിയാൽ ആ തർക്കം പരിഹരിക്കാനായിട്ട് മുതലാളിക്കു പണം കൊടുത്തുകൊള്ളാമെന്ന് ഗവൺമെന്റ് പറയുക പതിവില്ല. എന്നാൽ നമ്മുടെ ലേബർ മന്ത്രി അങ്ങനെ പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന്റെ മാനംകാക്കാൻ ഞാൻ വളരെ ആലോചിച്ചു. ഗവൺമെന്റിന് പണമില്ല. ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷനിൽനിന്ന് കൊടുത്തുകൊള്ളൂ എന്നു ഞാൻ പറഞ്ഞത് അഴിമതിയാണോ? അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മത്തായി മാഞ്ഞൂരാനാണല്ലോ ഏറ്റവും വലിയ അഴിമതിക്കാരൻ. അദ്ദേഹത്തെ തൂക്കിനോക്കിയപ്പോൾ അരപലം കുറവായിരിക്കും. അതുകൊണ്ടായിരിക്കും അഴിമതിയില്ലാത്തത്.

അടുത്തതായിട്ടുള്ളത് തോഷിബാ ആനന്ദ് കമ്പനിക്ക് 90 ലക്ഷം രൂപ കൊടുത്തതിനെപ്പറ്റിയാണ്. "വാനരൻമാരെന്തറിയുന്നു വിഭോ" എന്ന വരികളാണ് എനിക്ക് ഈയവസരത്തിൽ ഓർമ്മവരുന്നത്. എൽ. ഐ. സി., ഐ. ഡി. ബി. ഐ., ഐ. എഫ്. സി. ഐ. ഇങ്ങനെയുള്ള ഇൻസ്റ്റിറ്റ്യൂഷൻസ് നമ്മുടെ രാജ്യത്തെ വ്യവസായവികസനത്തിനാവശ്യമായ പണം തരുന്നില്ലെന്നുള്ളതാണല്ലോ നമ്മുടെ പരാതി. 90 ലക്ഷം രൂപാ തോഷിബാ ആനന്ദ് കമ്പനിക്ക് തരാമെന്ന് സമ്മതിച്ചു. അതോടൊപ്പം തന്നെ അവർ പറഞ്ഞു നിങ്ങൾ ഒരു ഗാരൻറി തരണമെന്ന്. ഗാരൻറി കൊടുക്കുമ്പോൾ ഒന്നര ശതമാനം കമ്മീഷൻ ഈടാക്കണമെന്ന് നിയമമുണ്ട്. അതുകൊണ്ട് ഒന്നര ശതമാനം കമ്മീഷൻ വേണമെന്നുള്ള കണ്ടീഷനു വിധേയമായി ഗാരൻറി കൊടുത്തു. അപ്പോൾ അവർ പറഞ്ഞു നിങ്ങൾ കമ്മീഷൻ വാങ്ങിക്കുന്നത് അധാർമ്മികമാണ്. അതുകൊണ്ട് വാങ്ങാൻ പാടില്ല എന്ന്. അങ്ങനെ ഒന്നര വർഷക്കാലം ഐ. ഡി. ബി. ഐ. യുമായി കമ്മീഷൻ വേണമെന്നതിനെക്കുറിച്ചു സമരം നടന്നു. അവസാനം അവരുടെ നിലപാട് ന്യായീകരിക്കാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ അവർ എന്തു ചെയ്തു എന്നറിയാമോ? അവർ ഗാരൻറി ഒഴിവാക്കി. പിന്നെ ഞാനെങ്ങനെയാണു സർ, കമ്മീഷൻ വാങ്ങിക്കുന്നത്? അപ്പോൾ ഐ. ഡി. ബി. ഐ. ചെയർമാൻ ബക്ഷിക്ക് എതിരായിട്ടാണോ മുള്ളയെ വരുത്തിയിരിക്കുന്നത്?

സർ, ആരാണ് ഈ മുള്ള? നമ്മുടെ രാജ്യത്തെപ്പറ്റി ഈ മുഖ്യമന്ത്രിക്ക് അഭിമാനമില്ലേ? ഏറ്റവും വലിയ ആളാണോ മുള്ള? ഒന്നുമില്ലെങ്കിലും മുഖ്യമന്ത്രിയെക്കാൾ നിയമപാണ്ഡിത്യം കൊണ്ടും അന്തർദ്ദേശീയ പ്രശസ്തികൊണ്ടും അദ്ദേഹം മിടുക്കനായിരിക്കും. പക്ഷേ കേരളത്തെ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി അപമാനിച്ചു. കേരളത്തിൽ നിഷ്പക്ഷമതികളായ ജഡ്ജിമാർ ഇല്ലെന്നു പ്രഖ്യാപനം നടത്തിയ മുഖ്യമന്ത്രി കേരളത്തിലെ മുഖ്യമന്ത്രിയായിരിക്കാൻ യോഗ്യനാണോ ? കേരളത്തിലെ മുഖ്യമന്ത്രിക്ക് കേരളത്തെക്കുറിച്ച് സ്വൽപമൊരഭിമാനമൊക്കെ വേണ്ടേ ? സർ, ഇനി ഞാൻ കൂടുതലൊന്നും പറയണമെന്നുദ്ദേശിക്കുന്നില്ല. എങ്കിലും ഒരു കാര്യം: മുഖ്യമന്ത്രി രാജിവയ്ക്കാതിരിക്കാൻ എന്തോ താൽക്കാലിക തീരുമാനമുണ്ടെന്നു കേട്ടു. മാത്രമല്ല കുൽസിതമാർഗ്ഗം സ്വീകരിക്കുകയുമില്ല. അങ്ങനെ രാജിവയ്ക്കാനല്ല തീരുമാനിക്കുന്നതെങ്കിൽ അവിടെയിരുന്ന് രണ്ടുമൂന്ന് ഉത്തരവിടണം. പൂട്ടിക്കിടക്കുന്ന കണ്ണൂർ സ്പിന്നിംഗ് മില്ലും തിരുവണ്ണൂർ കോട്ടൺ മില്ലും തുറന്ന് പ്രവർത്തിപ്പിക്കാനും എഫ്. എക്സ്. പി. മിനറൽസ് ഗവൺമെൻറ് ഏറെറടുക്കാനുമുള്ള ഡ്രാഫ്റ്റ് ഉത്തരവ് തയ്യാറായിരിപ്പുണ്ട്. അതിന്റെ പുറത്ത് ഒരൊപ്പിട്ടിട്ടു വേണം പോകാൻ.

ഏതായാലും എനിക്ക് പരിഭവമുണ്ടെങ്കിലും നമസ്ക്കാരം. നമുക്കിനി അടുത്തുതന്നെ കുരുക്ഷേത്രത്തിൽവച്ചു കാണാം. നമ്മെ കോൺഗ്രസ്സിനെ എതിർത്തു തോൽപിച്ചത് 20 കൊല്ലത്തെ ഭഗീരഥപ്രയത്നം കൊണ്ടാണ്. കേരളത്തെ എതിർക്കുന്ന മാർക്സിസ്റ്റു പാർട്ടിയെ എതിർത്തു തോൽപിക്കുന്നതിന് അഞ്ചുവർഷം എടുത്താൽപോലും അതു കൂടുതലായിപ്പോകുകയില്ല. എനിക്ക് വേണ്ടത്ര ആത്മവിശ്വാസമുണ്ട്; കുരുക്ഷേത്രത്തിൽവച്ചു കാണാം. നമസ്കാരം.

[11 a.m.]

ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി: സർ, ഈ കഴിഞ്ഞ 17-ാം തീയതി മന്ത്രിസഭയിൽനിന്നു ഞാൻ രാജിവയ്ക്കുകയുണ്ടായി. അതുസംബന്ധിച്ച്, എന്റെ പാർട്ടിയുടെ നേതാവും രാജിവച്ച വിദ്യാഭ്യാസമന്ത്രിയുമായ ശ്രീ. സി. എച്ച്. മുഹമ്മദുകോയാ സാഹിബ് ചെയ്ത പ്രസംഗത്തോട് എനിക്ക് അധികമൊന്നും കൂട്ടിച്ചേർക്കാനില്ല. പരമമായ അപഗ്രഥനത്തിൽ ഞങ്ങളുടെ വഴക്ക് വൻപാർട്ടിമേധാവിത്വത്തോടാണെന്നു സഭ മനസ്സിലാക്കിയിരിക്കും. മാർക്സിസ്റ്റ് പാർട്ടി വലിയ കക്ഷിതന്നെ. അതുകൊണ്ട് അവർക്ക് നിയമസഭയിലും മന്ത്രിസഭയിലും അധികം അംഗത്വവുമുണ്ട്. ഇതിന്റെ ബലത്തിൽ എല്ലാം അവർ അടക്കി വാഴുകയും അവർക്കെതിരായി ഒന്നും നടക്കുകയില്ലെന്നുള്ള ബോധം നാട്ടിൽ പരത്തുകയും ചെയ്തിരിക്കുകയാണ്. അവരെ അനുകൂലിച്ചാൽ ഏതു റൗഡിക്കും പോലീസ് സംരക്ഷണമുണ്ട്; അവരെ എതിർത്താൽ ഏതു മാന്യനും സംരക്ഷണമില്ലതാനും. കക്ഷിയോ രാഷ്ട്രീയമോ നോക്കാതെ എല്ലാവർക്കും നിയമത്തിന്റെ സംരക്ഷണം ലഭിക്കണമെന്നതാണ് ഞങ്ങളുടെ അഭിപ്രായം. അവർ ഭൂമി കൈയേറിയാൽ ഇറക്കാൻ പോലീസിനെ കിട്ടുകയില്ല. ഇതല്ലേ കോടഞ്ചേരിയിലും മറ്റു പല സ്ഥലങ്ങളിലും നടന്നത് ? കാഞ്ഞങ്ങാട്ട് ട്രാക്ടർ കത്തിച്ച സംഭവം ഈയിടെ നടന്നതാണ്. പോലീസ് നിശ്ചലമായി നോക്കിനിന്നു. ഇനിയും എത്ര ഉദാഹരണം വേണം? ഈ സഭയുടെ സമയം പരിമിതമായതിനാൽ ഞാൻ നീട്ടുന്നില്ല.

സർ, ഞാൻ ഐക്യമുന്നണിയിൽ ചേർന്നത് ഐക്യമുന്നണി അംഗീകരിച്ച മിനിമം പരിപാടികളും നടപ്പിലാക്കണമെന്നുദ്ദേശിച്ചാണ്. എന്നാൽ മാർക്സിസ്റ്റു പാർട്ടി അവരുടെ പോളിറ്റ്ബ്യൂറോയുടെ പരിപാടികളും, അക്രമങ്ങളും അരക്ഷിതാവസ്ഥയും അഴിച്ചുവിടുന്ന രണദിവേപ്ലാനും നടപ്പിലാക്കാനാണ് പരിശ്രമിച്ചത്. അതിനു കൂട്ടുനിൽക്കാൻ ഞാൻ തയ്യാറില്ലാത്തതുകൊണ്ടാണ് മന്ത്രിസഭയിൽനിന്നു വിട്ടുപോരേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. അവുക്കാദർകുട്ടി നഹ ഹാജി]

വന്നത്. 17–ാം തീയതി മുഖ്യമന്ത്രി ഇവിടെ ചെയ്ത പ്രഖ്യാപനംപോലും ഐക്യമുന്നണിനേതാവിനേറതല്ല; അത് അവരുടെ പോളിറ്റ് ബ്യൂറോ വളരെ മുൻപുതന്നെ എടുത്ത തീരുമാനമാണെന്ന് എനിക്കു ബോദ്ധ്യമുണ്ട്.

സർ, അഴിമതിയന്വേഷണത്തിന്റെ കഥ എന്റെ നേതാവു വിവരിച്ചു കഴിഞ്ഞു. ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ ആത്മാർഥമായി ഒരു അഴിമതിയന്വേഷണത്തിന് ഉത്തരവിടാൻ ഇന്നും മുഖ്യമന്ത്രിക്ക് സാധിച്ചിട്ടില്ല. ആരുടെയെല്ലാം കണ്ണിൽ പൊടിയിടാനാണ് അദ്ദേഹം പരിശ്രമിച്ചത്? ഒരേ പന്തിയിൽ രണ്ടുതരത്തിൽ വിളമ്പുന്നതിന് ഇത് ഉദാഹരണമല്ലേ? അല്ലെങ്കിൽ, മുഖ്യമന്ത്രിയടക്കമുള്ള മാർക്സിസ്റ്റു മന്ത്രിമാരെപ്പറ്റി അന്വേഷണം നടത്താതിരുന്ന അദ്ദേഹത്തിന്റെ നയമെങ്കിലും അതിനുദാഹരണമാണെന്നു ഞങ്ങളുടെ മാർക്സിസ്റ്റ് സുഹൃത്തുക്കളെ മനസ്സിലാക്കുമെന്നു ഞാൻ കരുതുന്നു.

എന്തെല്ലാം നല്ല കാര്യങ്ങളും ചെയ്യണമെന്നുദ്ദേശിച്ചാണ് ഈ ഗവൺമെന്റിൽ ഞങ്ങളും വന്നത്. എന്റെ പ്രഗൽഭനായ മുൻഗാമി ഈ സഭയുടെ സഹായത്തോടെ മിനുക്കുപണികളും നടത്തിയ പഞ്ചായത്തുരാജ് ബിൽ ഇന്ത്യയ്ക്കാകെ മാതൃകയായിരുന്നു. അതിനെ പ്രശംസിക്കാത്തവരില്ല. എന്നാൽ ഈ ബില്ലിനെ തുരങ്കംവയ്ക്കാനാണ് മാർക്സിസ്റ്റ് പാർട്ടിയും അവരുടെ സ്റ്റേറ്റ് സെക്രട്ടറി ശ്രീ. എ. കെ. ഗോപാലനും റവന്യൂ മന്ത്രി ശ്രീമതി ഗൗരിയും ഇക്കാലമത്രയും ശ്രമിച്ചത്. റവന്യൂ മന്ത്രി മലപ്പുറത്തു വച്ചുപോലും, ഈ ബിൽ പാസ്സാക്കുകയില്ലെന്നു പ്രസ്താവിക്കുകയുണ്ടായി. ശ്രീ. ഗോപാലൻ, ഇവിടത്തെ ജനങ്ങളും ഈ ബില്ലു നടപ്പാക്കാനും മാത്രം വളർന്നിട്ടില്ലെന്നാണ് പ്രസ്താവിച്ചത്. ഇതുമൂലം അദ്ദേഹം ഈ ബില്ലിനെ തുരങ്കംവയ്ക്കുക മാത്രമല്ല കേരളത്തിലെ ജനങ്ങളെ അവഹേളിക്കുകകൂടിയാണ് ചെയ്തത്.

സർ, എന്റെ കക്ഷി ഭൂപരിഷ്കരണ ബില്ലിനു എതിരാണെന്നു മാർക്സിസ്റ്റുകാർ നാടുനീളെ പ്രചരണം നടത്തുകയുണ്ടായി. എന്നാൽ മിനിമം പരിപാടിയിലുള്ള ഏതൊരു സംഗതിയോടാണ് ഞങ്ങൾ എതിർപ്പു കാണിച്ചിട്ടുള്ളത് എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു ഞാൻ ചോദിക്കുകയാണ്. അദ്ദേഹം അതു വ്യക്തമാക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. സർ, ഈ സഭയിൽ ഒന്നാം വായന കഴിഞ്ഞ് രണ്ടാം വായനയ്ക്കെടുത്ത പഞ്ചായത്തുരാജ് ബില്ലുപോലും മാറ്റിവച്ചുകൊണ്ട് ഭൂപരിഷ്കരണ ബിൽ എടുക്കാൻ അനുവദിച്ച ഞങ്ങളുടെ കക്ഷി ഭൂപരിഷ്കരണ ബില്ലിനു എതിരായിരുന്നുവെന്നു പറഞ്ഞു വീമ്പിളക്കിയാൽ അതു വിശ്വസിക്കാൻ ഈ നാട്ടിൽ ആളുകളെ കിട്ടുകയില്ലെന്നാണ് എനിക്കു പറയാനുള്ളത്.

കേൾപ്പോരും കേൾവിയുമില്ലാതിരുന്ന രണ്ടു വകുപ്പുകളാണ് പഞ്ചായത്തും ഫിഷറീസും. അവയെ എന്റെ മുൻഗാമിയുടെ പ്രാഗൽഭ്യംകൊണ്ട് ഉടലെടുത്ത പഞ്ചായത്തുരാജ് ബില്ലും ഫിഷറീസ് മാസ്റ്റർ പ്ലാനും വഴി കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു വകുപ്പുകളായി മാറ്റാനുള്ള ഞങ്ങളുടെശ്രമം, വേണ്ടത്ര സാമ്പത്തിക സഹായം ലഭിക്കാത്തതിനാൽ പൂർണ്ണമായി വിജയിപ്പിക്കാൻ സാധിച്ചിട്ടില്ല. വേണ്ടത്ര പണമില്ലാതെ ജനോപകാരപ്രദമായ പല പ്രവർത്തികളും നടപ്പാക്കാൻ സാധിക്കാതെ വിഷമിക്കുന്ന ഫിഷറീസ് വകുപ്പിൽനിന്ന് ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

നീക്കിവെച്ച 44 ലക്ഷം രൂപ ഞാനോ എന്റെ വകുപ്പുദ്യോഗസ്ഥൻമാരോ അറിയാതെ റവന്യൂ ഡിപ്പാർട്ടുമെന്റിലെ സർവേയ്ക്കുവേണ്ടി മാറാൻ ഇടയിടെ പ്ലാനിംഗ് വകുപ്പും ധനകാര്യവകുപ്പും കൂടി തീരുമാനിക്കുകയാണുണ്ടായത്. ഇതുസംബന്ധിച്ചുള്ള എന്റെ എതിർപ്പു രേഖപ്പെടുത്തിയ പ്പോഴും പ്രസ്തുത വകുപ്പുകളുടെ അഭിപ്രായം ശരിവച്ചുകൊണ്ടുള്ള മറുപടിയാണ് ധനകാര്യമന്ത്രിയുടെ ചാർജ്ജ് വഹിച്ചിരുന്ന ബഹുമാനപ്പെട്ട ഗൗരിയിൽനിന്ന് എനിക്കു ലഭിച്ചത്. മൽസ്യബന്ധനവികസനത്തിനും, പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ഉന്നമനത്തിന് അവശ്യം ആവശ്യമായ ഒട്ടേറെ നിരത്തുകളും കോളനികളും ഹാർബറുകളും നിർമ്മിക്കാനും, മറൈൻ ഡീസൽ എഞ്ചിൻ വാങ്ങിക്കാനും പണമില്ലാതെ നട്ടംതിരിയുകയും, 87 ലക്ഷം രൂപയുടെ സപ്ലിമെന്ററി ഡിമാൻഡ് അസംബ്ലിയിൽ അവതരിപ്പിക്കുന്നതിനുപോലും ധനകാര്യവകുപ്പും പ്ലാനിംഗ് വകുപ്പും പ്രതികൂലമായി നിൽക്കുകയും ചെയ്യുന്ന അവസരത്തിലാണ് ഇത്തരമൊരു കൈകടത്തൽ നടന്നതെന്ന് ആലോചിക്കുമ്പോഴും മറ്റു പാർട്ടികളോടുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ സമീപനം മനസ്സിലാക്കാവുന്നതാണ്.

അതുപോലെതന്നെ സാമൂഹ്യവികസന പ്രോക്കുകളിലെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനപ്രീതിയാർജ്ജിച്ചതും വളരെ ഉപകാരപ്രദവുമായ റൂറൽ മാൻപവർ പദ്ധതിയും പ്രയുക്ത പോഷകാഹാര പദ്ധതിയും നടപ്പാക്കുന്നതിനു പണമില്ലാതെ വിഷമിക്കുമ്പോഴും അതിനുവേണ്ടി കൂടുതൽ പണം നീക്കിവയ്ക്കാനാവശ്യപ്പെടുമ്പോഴും വളരെ അനുഭാവശൂന്യമായ നിലപാടാണ് പ്ലാനിംഗ് വകുപ്പും ധനകാര്യവകുപ്പും അനുവർത്തിച്ചുവരുന്നത്.

ഇത്രയൊക്കെ പ്രതികൂലസാഹചര്യങ്ങളുണ്ടായിരുന്നിട്ടും ഈ കാലഘട്ടത്തിൽ പല നല്ലകാര്യങ്ങളും എന്റെ വകുപ്പിനു ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക പരാധീനതയനുഭവപ്പെടുന്ന പഞ്ചായത്തുകൾക്ക് നിർലോഭം ഗ്രാന്റും കടവും നൽകുകവഴി സ്റ്റേറ്റിലെ ഭൂരിപക്ഷം പഞ്ചായത്തുകൾക്കും അവരുടേതായ ആഫീസ് കെട്ടിടങ്ങളും പഞ്ചായത്തുകൾക്കു മുതൽക്കൂട്ടാകാവുന്ന ചന്ത, മാർക്കറ്റ്, ബസ് സ്റ്റാൻഡ് മുതലായ മറ്റു സ്ഥാപനങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പഞ്ചായത്തുദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും ജീവിത നിലവാരവും സേവന വ്യവസ്ഥകളും മെച്ചപ്പെടുത്തുന്നതിന് പല നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

ഇൻഡ്യയിലാകെ മൽസ്യബന്ധനത്തിൽനിന്നു ലഭിക്കുന്നതിന്റെ 80 ശതമാനം വിദേശനാണ്യം നേടിക്കൊടുക്കുന്നത് കേരളമാണ്. ആധുനിക സംപ്രദായങ്ങളുപയോഗിച്ച് ആഴക്കടലിലെ അളവറ്റ മൽസ്യസമ്പത്ത് ആവോളം ചൂഷണംചെയ്തു നമ്മുടെ മൽസ്യവിപണനം അഭിവൃദ്ധിപ്പെടുത്തുവാനും അങ്ങനെ നമ്മുടെ ഭക്ഷ്യപ്രശ്നം ഒരളവുവരെ പരിഹരിക്കാനും കാലാകാലങ്ങളായി അടിമത്തത്തിനും ചൂഷണത്തിനും വിധേയരായിക്കഴിയുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ ഇടത്തട്ടുകാരിൽനിന്നു രക്ഷപ്പെടുത്തി സഹകരണസംഘങ്ങളുടെ വരുതിയിൽ കൊണ്ടുവരാനും, അവർക്കു വേണ്ട യന്ത്രവൽക്കൃത ബോട്ടുകളും നൽകിയും കോളനികളും സ്ഥാപിച്ചും റോഡുകളും വെട്ടിയും അവരുടെ ജീവിതനിലവാരമുയർത്താനും എന്റെ വകുപ്പ് ഒട്ടേറെ ശ്രമിച്ചിട്ടുണ്ട്. കൂടാതെ, വീടില്ലാത്ത മൽസ്യത്തൊഴിലാളികളെ ഉദ്ദേശിച്ച് ഒരു ലക്ഷത്തോളം വീടുകളും പണിയാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക ന്യൂനത കാരണം അതു നിറുത്തിവച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. അവുക്കാദർകുട്ടി നഹ]

ഫിഷറീസ് കോർപ്പറേഷനെക്കുറിച്ചുകൂടി ഒരുവാക്ക് ഇത്തരുണത്തിൽ പറയുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. കോർപ്പറേഷന്റെ ആദ്യ കാലഘട്ടത്തിൽ അതിന്റെ നടത്തിപ്പിൽ ഭീമമായ നഷ്ടമുണ്ടായിരുന്നുവെങ്കിലും ഞാൻ അധികാരമേറ്റെടുത്തശേഷം കാര്യക്ഷമമായ പല നടപടികളും കൈക്കൊണ്ടതിന്റെ ഫലമായി നഷ്ടം കുറഞ്ഞിട്ടുണ്ടെന്നു മാത്രമല്ല, ഇപ്പോഴും ലാഭത്തിലാണ് നടക്കുന്നതെന്നുംകൂടി പറയാൻ എനിക്കു സന്തോഷമുണ്ട്. ഇങ്ങനെ ഒട്ടേറെ കാര്യങ്ങളും എടുത്തുപറയാനുണ്ടെങ്കിലും സമയദൗർലഭ്യംമൂലം പറയുന്നില്ല.

എന്റെയും എന്റെ വകുപ്പിന്റെയും പ്രവർത്തനങ്ങളിൽ നിർലോഭമായ സഹായസഹകരണങ്ങളും നൽകിയ ഈ സഭയോടും എന്റെ വകുപ്പിലെ ഉദ്യോഗസ്ഥൻമാരോടും എനിക്കുള്ള നൻദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞ് : സർ, കുറേ താമസിച്ചുപോയി; നേരത്തെതന്നെ ഈ മാതിരി ഒരു കൃത്യം നിർവ്വഹിക്കേണ്ട ചുമതല എനിക്കുണ്ടായിരുന്നു. ഒരു മന്ത്രി, സ്ഥാനം രാജിവച്ചൊഴിഞ്ഞതിനുശേഷം, ആദ്യമായി നിയമസഭയിൽ സന്നിഹിതനാകുന്ന അവസരത്തിൽ, മന്ത്രിസ്ഥാനം രാജിവയ്ക്കുന്നതിനു പ്രേരകമായ സാഹചര്യങ്ങളും എന്തൊക്കെയായിരുന്നു എന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സഭാംഗങ്ങളെയും അതുവഴി ഈ രാജ്യത്തെ ബഹുജനങ്ങളെയും അറിയിക്കുന്നതിന് ഒരു പ്രസ്താവന പുറപ്പെടുവിക്കുന്ന കീഴ്വഴക്കമുണ്ട്. ആ കീഴ്വഴക്കം അനുസരിച്ച് പ്രവർത്തിക്കുന്നതിന് ഒരു സന്ദർഭം ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. പക്ഷേ, എന്റെ അന്നുമുതൽക്കേയുള്ള ആ പ്രതീക്ഷ എന്നിൽമാത്രം ഒതുങ്ങി നിൽക്കുന്നതല്ലായിരുന്നു. ശ്രീ. ടി. കെ. ദിവാകരൻ പറഞ്ഞതുപോലെ 'മാർക്സിസ്റ്റുപാർട്ടി മുഖ്യമന്ത്രിയായ ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്' ഇനിയും ചിലരുടെമേൽ എന്റെ നേരെ നീട്ടിയ ആ വാൾ തുടർന്നു മറ്റുള്ളവരുടെമേലും പ്രയോഗിക്കുമെന്നു നേരത്തെ എനിക്കറിയാമായിരുന്നു. അതിനു അധികം താമസമില്ലെന്നുകൂടി ഞാൻ പ്രത്യാശിച്ചിരുന്നു. മുഖ്യമന്ത്രിയുടെ സഹപ്രവർത്തകരായ മറ്റു ചിലരുടെമേൽ എന്റെമേൽ ഉപയോഗിച്ച അതേ ഖഡ്ഗം പതിക്കുന്നതിനു അധികകാലതാമസം ഉണ്ടാകുകയില്ലെന്നു ഞാൻ സ്വയം വിചാരിച്ചിരുന്നു. ഇന്നു രാജിവച്ച എന്റെ സ്നേഹിതൻമാർ, അവരുടെമേൽ ഈ ഖഡ്ഗം ഇത്ര വേഗം വീഴുമെന്നു വിചാരിച്ചിരുന്നില്ലെന്നു ഞാൻ വിശ്വസിക്കുകയാണ്. എന്നാൽ തങ്ങളുടെ മേലുണ്ടായ ആരോപണം ശരിയായാലും തെറ്റായാലും ആരോപണവിധേയരായപ്പോഴും അഭിമാനപൂർവ്വം, അന്തസ്സോടുകൂടി മന്ത്രിസഭയിൽ ഇനി തുടരുന്നതു പന്തിയല്ലെന്നു മനസ്സിലാക്കി രാജി വച്ചതിൽ ഞാൻ അവരെ അഭിനന്ദിക്കുകയാണ്. അതോടൊപ്പം ശ്രീ. ഇ. എം. എസ്സിനെയും ഞാൻ അഭിനന്ദിക്കുന്നു. കാരണം സഹപ്രവർത്തകരെ പുറത്താക്കിക്കൊണ്ട്, ഐക്യമുന്നണി കക്ഷിയുടെ ബന്ധപ്പെട്ട മറ്റാരും ഇല്ലാതെതന്നെ മാർക്സിസ്റ്റു പാർട്ടിയുടേതായ ഒരു മന്ത്രിസഭയുടെ മുഖ്യമന്ത്രിയായിരിക്കുന്നതിനുള്ള ശ്രമത്തിൽ അദ്ദേഹം വിജയിച്ചിരിക്കുകയാണ്. അതിന് അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല. ഐക്യമുന്നണി മന്ത്രിസഭയിൽ 13 മന്ത്രിമാരുണ്ടായിരുന്നു. ഇപ്പോഴത് 8-ം പോയി, ഇനി 5 മന്ത്രിമാർ മാത്രം ബാക്കിയായിരിക്കുകയാണ്. ഈയൊരു നില വളരെ അപമാനകരമല്ലേ? വളരെ ഹീനമായ, അപഹാസ്യമായ ഒരു നിലയല്ലേ ഇത്? എന്തിനു നിങ്ങൾ ഇനിയും ഇങ്ങനെ അധികാര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ തൂങ്ങിനിൽക്കുന്നു ? ഇപ്പുറത്തുവരിക; ഞങ്ങളോടൊപ്പം ഈ ഭാഗത്തു വന്നിരിക്കുക; ആ കസേരകളിൽ വേറേ ആരെങ്കിലും യോഗ്യതയുള്ളവർ കയറി ഇരിക്കട്ടെ. വളരെ നല്ലയാളുകൾ, ശുദ്ധമായ ഭരണം നടത്തിയ ആളുകൾ ഇരുന്ന കസേരയാണത്. എന്തൊരു ഗതികേടാണ്, അപമാനമാണ് നിങ്ങൾ ഇനിയും അവിടെ ഇരിക്കുന്നത്. ആ കസേരകൾ അശുദ്ധമാക്കാതെ, അർഹരായ ആളുകളെ അതിൽ കയറി ഇരുത്താൻ കേരളത്തിലെ ജനങ്ങളെ അനുവദിക്കുക. ഈ രാജ്യത്തോടു കൂറുണ്ടെങ്കിൽ, മനുഷ്യത്വമുണ്ടെങ്കിൽ, അഭിമാനത്തിന്റെ കണികയെങ്കിലുമുണ്ടെങ്കിൽ അതു ചെയ്താൽ മതി. നിങ്ങൾക്കു ലജ്ജയുണ്ടെങ്കിൽ അതു ചെയ്താൽമതി. എങ്ങനെ ലജ്ജ കാണും ? വെല്ലിംഗ്ടനെ താങ്ങുന്നവരല്ലേ ? അഭിമാനത്തോടുകൂടി നിങ്ങൾ രാജി വയ്ക്കുക. ഇതു രാജ്യത്തിന്റെ ആവശ്യമായിത്തീർന്നിരിക്കുകയാണ്. ഭൂരിപക്ഷം സഹപ്രവർത്തകരായ മന്ത്രിമാർ രാജി വച്ചു കഴിഞ്ഞിട്ടും, 'അവിശ്വാസപ്രമേയംമൂലം ഇറക്കുക' എന്ന വെറും സാങ്കേതികത്വത്തിന്റെ മറ പിടിച്ചു അധികാരത്തിൽ തുടരാനാണു ഭാവമെങ്കിൽ, അതു കേട്ടാൽ കൊച്ചു പിള്ളാരുപോലും ചിരിക്കും; റോഡേ സഞ്ചരിച്ചാൽ വിദ്യാഭ്യാസമില്ലാത്ത, രാഷ്ട്രീയബോധമില്ലാത്തവർ പോലും,ചിരിക്കും,അപഹസിക്കും. ഇനിഎന്തിനാണ് അവിശ്വാസപ്രമേയം നിയമസഭയിൽ ഭൂരിപക്ഷം പേർ ഒരു നിശ്ചയം പാസ്സാക്കിക്കഴിഞ്ഞില്ലേ ? ഞങ്ങളൊടൊത്തു ഗവൺമെന്റിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഭൂരിപക്ഷം ആളുകളും രാജിവച്ചു പിരിഞ്ഞില്ലേ ? ഇനി സ്വന്തം കക്ഷിയിൽ പെട്ടവരും, പിരിഞ്ഞുപോകാൻ കഴിയാത്ത ബന്ധം പുലർത്തുന്നവരുമല്ലേ ബാക്കി ഉള്ളൂ ? നാലും ഒന്നും അഞ്ചുപേർ മാത്രം. ഈ രാജ്യത്തു രാഷ്ട്രീയബോധമുള്ള ജനങ്ങളുണ്ട്; അവരുടെ മുഖത്തുനോക്കി അഭിമാനത്തോടുകൂടി പറയൂ: 'ഞങ്ങൾ രാജിവച്ചു പുറത്തു പോകുകയാണ്, ഐക്യമുന്നണിയിലെ നാലു ഘടകകക്ഷികൾ പുറത്തുപോയിരിക്കുന്ന നിലയ്ക്ക് ഐക്യമുന്നണി മന്ത്രിസഭ തുടരാൻ സാധ്യമല്ലെ'ന്ന്. അതു ചെയ്യാതെ ഭൂരിപക്ഷമുണ്ടാക്കാൻ ഇപ്പോൾ 'ചാക്കിടീൽ' തുടങ്ങിയിരിക്കുകയാണ്. ഇതൊന്നും അന്തസ്സുള്ളവർക്കു പറ്റിയതല്ല; രാജ്യസ്നേഹമുള്ളവർക്കു യോജിച്ചതല്ല. പാരമ്പര്യമുള്ള രാഷ്ട്രീയപാർട്ടിക്കു പറ്റിയതല്ല. മനുഷ്യത്വത്തോടെ, കാപട്യങ്ങൾ ഇല്ലാതെ നല്ല രീതിയിൽ ഈ വയസ്സുകാലത്തെങ്കിലും കഴിയാൻ ശ്രമിക്കണം. സുഖക്കേടു കഴിഞ്ഞ് ആരോഗ്യം വീണ്ടെടുത്തു വന്നതിൽ സന്തോഷമുണ്ട്. ഞാനും ഒരു സുഖക്കേടുകാരനാണ്. വയസ്സുകാലത്തു ഞാൻ ഒരു ഭഗ്നനായി കഴിയുകയാണ്. മരിച്ചു പോകുന്ന ആളുകളാണല്ലോ. കുറെയൊക്കെ സത്യസന്ധതയോടുകൂടി കഴുത്തറുപ്പൻ പണി നടത്താതെ ജീവിക്കണമെന്നു ഞാൻ പ്രത്യേകം പറയുകയാണ്. കഴുത്തറുപ്പൻപണി നിറുത്തി, രാജ്യത്തിന് നല്ലതൊന്നും ചെയ്യാൻ കഴിയാത്ത ഈ പരിതഃസ്ഥിതിയിൽ എല്ലാം മനസ്സിലാക്കി പ്രവർത്തിച്ചാൽ കൊള്ളാം. ഇതു എന്റെ ഒരഭ്യർത്ഥനയാണ്; സ്നേഹപൂർവ്വമുള്ള അഭ്യർത്ഥനയാണ്. ശ്രീ. ഇ. എം. എസ്. സുഖക്കേടായിരുന്നപ്പോൾ ഞാൻ കാണാൻ പോയിരുന്നു. കണ്ടു നിന്നവർക്കു സംശയം തോന്നിയിരിക്കും, എന്തോ ബന്ധം പുലർത്താൻ പോയതാണെന്ന്. അങ്ങനെയൊന്നുമല്ല മനുഷ്യത്വത്തിന്റെ പേരിൽ സുഖക്കേടു വിവരം അന്വേഷിച്ചുപോയി എന്നു മാത്രം. രാഷ്ട്രീയമായ ഒരു ബന്ധത്തിലുമല്ല പോയത്.

സർ, 1969 മേയ് മാസം 13—ാം തീയതിയാണ് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭയിൽനിന്നു ഞാൻ രാജിവച്ചത്. അന്നുമുതൽ മന്ത്രിസഭയുടെ നിലനിൽപ് എങ്ങനെയെന്നു ചിലർക്കു ആശങ്കയുണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞ്]

രിക്കും. ലീഗുകാർ പലതും കണ്ടുമടുത്തു: ആർ. എസ്. പി. യ്ക്കും സി. എസ്. പി. യ്ക്കും പലതും അനുഭവബോദ്ധ്യമായി; പ്രഥമ ദൃഷ്ടിയിൽ കേസുണ്ടോ എന്നു പരിശോധിക്കാതെ തന്നെ സഹപ്രവർത്തകരെ അന്വേഷണത്തിനു വിധേയരാക്കിയിരിക്കുകയാണ്. എന്നാൽ 1969 മേയ് മാസം 13-ാം തീയതി ഞാൻ രാജി വച്ചതിനെ തുടർന്നുണ്ടായ ചില കാര്യങ്ങൾ ഈയവസരത്തിൽ പറയാനാഗ്രഹിക്കുന്നു. 1969 മേയ് മാസം 10-ാം തീയതി എനിക്കു കിട്ടിയ കത്തിൽ ആവശ്യപ്പെട്ടിരുന്നതു രാജിവയ്ക്കുന്നതിനായിരുന്നു. സർവ്വശ്രീ പി. പി. വിൽസനും, കെ. ടി. ജോർജും ഉന്നയിച്ച ആരോപണങ്ങൾ നിങ്ങൾ വളരെ ശക്തിയായി നിയമസഭയിൽ നിഷേധിച്ചെങ്കിലും, എന്റെ വീക്ഷണകോണിൽ കൂടി നോക്കുമ്പോൾ, അതിൻമേൽ ഒരന്വേഷണം ആവശ്യമാണെന്നു കാണുകയാൽ, അങ്ങനെ അന്വേഷണം തുടങ്ങുന്ന അവസരത്തിൽ നിങ്ങൾ മന്ത്രിയായി തുടരുന്നതു ശരിയായിരിക്കുകയില്ല. അതുകൊണ്ടു കത്തു കിട്ടിയ വിവരം എന്നെ അറിയിക്കണം. അതിനു നിങ്ങളുടെ വകുപ്പുകൾ പുനർവിഭജനം നടത്തേണ്ടിയിരിക്കുന്നു. അതിനുള്ള നടപടികൾ ഞാൻ സ്വീകരിക്കുന്നുണ്ട് എന്നു മുഖ്യ മന്ത്രി എനിക്കെഴുതുകയുണ്ടായി. അന്നത്തെ ധനകാര്യമന്ത്രിയായിരുന്ന എന്റെ ചുമതലയിലിരുന്ന വകുപ്പുകൾ വിഭജിക്കുന്നതിൽ വ്യഗ്രത കാണിച്ച അദ്ദേഹം, ഞാൻ രാജി വച്ചിട്ടു 5 മാസം കഴിഞ്ഞിട്ടും ധനകാര്യവകുപ്പിന്റെ വിതരണം നടത്തിയിട്ടില്ല. അദ്ദേഹത്തിന്റെ കയ്യിൽതന്നെ ഇന്നും ധനകാര്യവകുപ്പ്. വളരെ നേരത്തെ അദ്ദേഹത്തിനും പാർട്ടിക്കും ഉണ്ടായിരുന്ന ഒരു ആഗ്രഹമായിരുന്നു, ഉദ്ദേശമായിരുന്നു ധനകാര്യ വകുപ്പ് എന്റെ കയ്യിൽ നിന്ന് പിടിച്ചെടുക്കണമെന്ന്, എന്റെ കയ്യിൽ നിന്നു ധനകാര്യവകുപ്പ് പിടിച്ചെടുക്കണമെന്നുള്ള മോഹം മാസങ്ങൾക്കു മുൻപല്ല, വർഷങ്ങൾക്കു മുൻപുതന്നെ ഉണ്ടായിരുന്നതാണ്. അതു സംബന്ധിച്ചുള്ള പരസ്യപരാമർശമുണ്ടായിട്ടുണ്ട്, ധനകാര്യം റവന്യുമന്ത്രിയെ ഏൽപിക്കാൻ പോകുന്നുവെന്ന്. എന്റെ വകുപ്പിൽപെട്ട ഉദ്യോഗസ്ഥൻമാരെ സ്വാധീനം ചെലുത്തി, കൂട്ടുത്തരവാദിത്വമുണ്ടെന്നു പറയുന്ന മന്ത്രിസഭയിലെ മറ്റൊരു മന്ത്രി എന്റെ വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ പ്രലോഭിപ്പിച്ചു, അർഹതയില്ലാത്ത വാഗ്ദാനങ്ങൾ നൽകി അവരെക്കൊണ്ടു പ്രചാരവേല എനിക്കെതിരായി നടത്തിച്ചിട്ടുള്ള കുൽസിതമായ നടപടികളെപ്പറ്റി ഞാൻ അധികം വിവരിക്കുന്നില്ല. ഇതിനു മുൻപു ആ കാര്യങ്ങളെപ്പറ്റി ഇവിടെ പരാമർശിച്ചിട്ടുള്ളതാണ്.

സർ, എനിക്കു അങ്ങനെയൊരു കത്തു കിട്ടാൻ പോകുന്നതായി നേരത്തെ അറിയാമായിരുന്നു. സെൻട്രൽ ഇൻറലിജൻസു വകുപ്പിൽ നിന്നു തന്നെ ആ വിവരം എന്നോടാരാഞ്ഞിരുന്നു. പെൻഷൻ പറ്റാൻ പോകുന്ന ഉദ്യോഗസ്ഥനെ എനിക്കെതിരായി പ്രവർത്തിപ്പിക്കാൻ വകുപ്പു മാറ്റി നിയമിച്ചതും മറ്റും പത്രദ്വാരാ മുൻപു സൂചിപ്പിച്ചിട്ടുള്ളതാണ്. ഇതെല്ലാം ഞാൻ പറയുന്നത് തെളിയിക്കാൻ കഴിയുമെന്ന ഉത്തരവാദിത്തത്തോടുകൂടിയാണ്. എനിക്കു കത്തു കിട്ടുന്നതിനു മുൻപു തന്നെ, ഒരു മുൻവിധിയെന്നോണം ആന്ധ്രാക്കാരനായ ശ്രീ. പി. സുന്ദരയ്യാ പ്രഖ്യാപിച്ചതാണ് എന്റെ പേരിൽ അന്വേഷണം വരാൻ പോകുന്നു, എനിക്കു മന്ത്രിസ്ഥാനം ഇല്ലാതാകാൻ പോകുന്നു എന്ന്. ഇവിടെ വച്ചു മാത്രമല്ല ആലപ്പുഴെ വച്ചും ആ കാര്യം സൂചിപ്പിച്ചിരുന്നു. സഖാവു എ. കെ. ഗോപാലൻ ഇപ്പോൾ പറയുന്നു, മന്ത്രിസഭ രാജിവയ്ക്കാതെ അന്വേഷണം നടത്താമെന്നാന്ന്. ഇപ്പോൾ അങ്ങനെയല്ലേ മുഖ്യമന്ത്രിയുടെ പ്രഖ്യാ

LIBRARY ARCHIVES Kerala Legislative Assembly

പനവും ഉണ്ടായത്. എന്റെ കാര്യത്തിൽ, അന്വേഷണം വേണം, രാജി വയ്ക്കണം എന്ന നിലപാടാണ് സ്വീകരിച്ചത്. ശ്രീ. ഇ. എം. എസ്. മുഖ്യ മന്ത്രിയായിരുന്ന മുൻപൊരവസരത്തിൽ ശ്രീ. കെ. സി. ജോർജ്ജിന്റെ പേരിൽ ഒരാരോപണമുണ്ടായി. ഇന്നത്തെ ചീഫ്ജസ്റ്റിസ്ശ്രീ.പി. ടി. രാമൻ നായർ അന്നു ഹൈക്കോടതി ജഡ്ജിയായിരിക്കുമ്പോഴും ഉണ്ടായ ഒരു വിധിയുടെ അടിസ്ഥാനത്തിൽ ഒരു കേസുൽഭവിച്ചു. അന്നത്തെ മന്ത്രി സഭയുടെ കൂട്ടുത്തരവാദിത്വത്തിൽ, ഒഴിവാക്കാമായിരുന്ന മൂന്നുലക്ഷം രൂപയുടെ നഷ്ടം ഗവൺമെന്റിന് ആന്ധ്രാ അരിക്കച്ചവടംമൂലം ഉണ്ടായതായി വിധിയുണ്ടായതിനെതുടർന്ന് അന്നത്തെ മന്ത്രി രാജിവച്ചില്ല. അന്വേഷണം നടന്നു. അന്നു മന്ത്രി രാജിവയ്ക്കാതെ തന്നെ അന്വേഷണം നടത്തിയിരുന്നു. ഇങ്ങനെങ്കിൽ ഞാൻ രാജിവച്ചേ തീരൂ എന്നായി വാദം. ഇന്നത്തെ രീതിയെപ്പറ്റി പറഞ്ഞാൽ, സാമാന്യമര്യാദയ്ക്കു നിരക്കാത്ത, സത്യസന്ധതയ്ക്കു അൽപമെങ്കിലും നിരക്കാത്ത, ആരും ഇതിനകം സ്വീകരിച്ചിട്ടില്ലാത്ത ഒരു നടപടിയാണിത്. ഞാൻ ഉൾപ്പെട്ട എന്റെ പാർട്ടിയേയോ, പാർലമെന്ററി പാർട്ടി നേതാവിനെയോ, ഐക്യമുന്നണിയിലെ ബന്ധപ്പെട്ട കക്ഷികളെയോ, ഐക്യമുന്നണി ഘടകകക്ഷി നേതാക്കൻമാരെയോ ഈ വിവരം അറിയിക്കാതെയാണ്, 'ഐക്യം കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കും' എന്നു പ്രഖ്യാപിച്ചിരുന്ന മുഖ്യമന്ത്രി. ആർക്കും അലോഹ്യമുണ്ടാക്കാതെ, അഭിപ്രായ വ്യത്യാസമുണ്ടാകാത്തവിധത്തിൽ ബന്ധപ്പെട്ട എല്ലാ കക്ഷികളുമായും കൂടിയാലോചിക്കാതെയാണ് ഈ മാതിരി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ തീരുമാനിച്ചത്. ഒരു പോലീസ് കാൺസ്റ്റബിളിനെ സസ്പെൻഡു ചെയ്യുന്ത്ര ലാഘവബുദ്ധിയോടെയാണ് മുഖ്യമന്ത്രി തന്റെ സഹപ്രവർത്തകനായ എന്നെ രായ്ക്കുരാമാനം പറഞ്ഞയയ്ക്കാൻ തീരുമാനിച്ചത്. മുഖ്യമന്ത്രിയപ്പോലെതന്നെ എന്നെയും ജനങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളതാണ്. മുഖ്യമന്ത്രിയുടെ സ്നേഹത്തിൽ എനിക്കു ലഭിച്ച സംഭാവനയല്ല മന്ത്രിസ്ഥാനം. എന്റെ പാർട്ടിയുടെ നിർദ്ദേശവും തീരുമാനവും അനുസരിച്ചാണ് ഞാൻ മന്ത്രിയായത്. മറിച്ചു ഇന്നത്തെ മുഖ്യമന്ത്രി അന്നുമുതൽ അക്കാര്യത്തിൽ എതിരായിരുന്നു. ഘടകപാർട്ടി നേതാക്കൻമാരോടോ ഏകോപനസമിതിയോടോ, 'ഞാൻ ഇന്ന നടപടി സ്വീകരിക്കാൻ പോകുന്നു, ഇന്ന മന്ത്രി രാജി വയ്ക്കാൻ ആവശ്യപ്പെടാൻ പോകുന്നു' എന്നൊന്നും പറയാതെ ഒന്നും ആരേയും അറിയിക്കാതെ സ്വയം തീരുമാനം എടുക്കുകയാണുണ്ടായത്. മന്ത്രിസഭയോടെങ്കിലും ഈ കാര്യം ആലോചിക്കാമായിരുന്നു. ഇതു ഒരു ഘാതകത്വമായിപ്പോയി. 'ഘാതകത്വം' എന്നു അർത്ഥമില്ലാതെ പറയുന്നതല്ല. ധനകാര്യമന്ത്രിയായ ഞാൻ രാജി വയ്ക്കാൻ അടിസ്ഥാനപരമായ കാരണം എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ. സഹപ്രവർത്തകരായ മറ്റു മന്ത്രിമാരോട് ആ കാര്യം പറയുകയും, അവരുമായി ആലോചിക്കുകയും ചെയ്യാമായിരുന്നു. അതിനുശേഷമല്ല അങ്ങനെ ഒരു തീരുമാനം എടുത്തത്. കേവലം മര്യാദയെങ്കിലും ഉണ്ടായിരുന്നെങ്കിൽ, ക്യാബിനറ്റിൽ ഈ പ്രശ്നം ഉന്നയിക്കേണ്ടതായിരുന്നു. ഈ കാര്യത്തിൽ ഒരു ആർഡർ പുറപ്പെടുവിച്ചതോടൊപ്പം അതിന്റെ 12 കോപ്പികളും മറ്റു മന്ത്രിമാർക്കു അയച്ചുകൊടുക്കുകയാണുണ്ടായത്. മുഖ്യമന്ത്രിയുടെ സഹപ്രവർത്തകരായ ശ്രീ. പി. ആർ. കുറുപ്പിനും, ശ്രീ. എം. എൻ. ഗോവിന്ദൻ നായർക്കും മറ്റുള്ളവർക്കും വീട്ടിൽ എത്തിക്കുകയായിരുന്നു ഇതിന്റെ കോപ്പികളും. സഹമന്ത്രിമാരോടു കാര്യമായിട്ടാലോചിക്കാതെ ഇങ്ങനെ കൃത്രിമമായി നടപടിക്രമങ്ങൾ സ്വീകരിച്ചതിനുശേഷമാണ് എന്നോടു രാജിവയ്ക്കാൻ നിർദ്ദേശിച്ചതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞ്]

സർ, എന്റെമേൽ നടപടിയെടുക്കാൻ ഉള്ള കാരണമെന്താണ് ? എനിക്കു തന്ന കത്തിൽ, നിയമസഭയിൽ സർവ്വശ്രീ പി. പി. വിൽസനും, കെ. ടി. ജോർജ്ജും ഉന്നയിച്ച ആരോപണങ്ങളുടെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തുന്നതെന്നു പറഞ്ഞിട്ടുണ്ട്. നിയമസഭയിൽ ശ്രീ. കെ. എം. മാണിയുടെ ഒരു ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി പറഞ്ഞത്, 'മക്കത്തുപോയിരിക്കുന്ന ധനകാര്യമന്ത്രി തിരിച്ചു വന്നിട്ടു, വിശദവിവരം അദ്ദേഹത്തിനു ലഭിച്ചതിനുശേഷം വേണ്ട നടപടി എടുക്കാം' എന്നായിരുന്നു. അങ്ങനെയായിരുന്നു സഭയ്ക്കു ഉറപ്പു നൽകിയിരുന്നത്. ഞാൻ മക്കത്തുനിന്നു വന്നിട്ട് 5 മാസക്കാലം എന്നെ കാണുകയോ അതിനെപ്പറ്റി അന്വേഷിക്കുകയോ ഉണ്ടായില്ല. ഈ സഭയിൽ ഉന്നയിച്ച ആരോപണത്തെ സംബന്ധിച്ചു എടുക്കേണ്ട നടപടിയെ കുറിച്ച് ഈ സഭയ്ക്കു അറിയേണ്ട അവകാശമുണ്ട്. അതു ചെയ്യാതെ, അതെല്ലാം മറച്ചു വച്ചുകൊണ്ട്, തികച്ചും അവഗണനയെന്ന നിലയിൽ തികച്ചും സോഫരാപരമായ രീതിയിൽ സ്വന്ത നിലയിൽ ഒരു തീരുമാനമെടുക്കുകയാണു ചെയ്തത്. അതിനു ശേഷവും ധനകാര്യവകുപ്പു ബന്ധപ്പെട്ട കക്ഷിയെ ഏൽപിക്കാതെ, മുഖ്യമന്ത്രി തന്നെ കൈകാര്യം ചെയ്യുകയാണ്. ധനകാര്യവകുപ്പ് കയ്യടക്കി വച്ചുകൊണ്ട് ഇഷ്ടാനുസരണം പലതും ചെയ്യാനുള്ള അവസരം ഉപയോഗിക്കുന്നുമുണ്ട്.

സർ, ഞാൻ ധനകാര്യവകുപ്പ് കൈകാര്യം ചെയ്തിരുന്നപ്പോഴും, ഈ രാജ്യത്തെ സാമ്പത്തികമായ നില പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി, സാമ്പത്തികശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി കാര്യമായ പല പദ്ധതികളും സ്വീകരിച്ചിരുന്നു. എന്റെ പദ്ധതികളും ഒന്നും തന്നെ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള സഹകരണമോ ആത്മാർത്ഥമായ പരിശ്രമമോ മാർക്സിസ്റ്റു പാർട്ടിയിൽ നിന്നുണ്ടായിട്ടില്ല. ലോട്ടറീസ്, ഇൻഷ്വറൻസ്, ചിട്ടി എന്നിങ്ങനെ പലതും നടപ്പാക്കാൻ കാലതാമസം മാത്രമല്ല തടസ്സം ഉണ്ടാക്കിയിട്ടുണ്ട്. ലോട്ടറിയുടെ പ്രവർത്തനം ഇപ്പോഴും കാര്യമായിട്ടു പുരോഗമിക്കുന്നുണ്ട്. ഇന്നലെയോ മറ്റോ പത്രത്തിൽ കാണുകയുണ്ടായി, ലോട്ടറി വകുപ്പിൽ ടിക്കറ്റു അച്ചടിപ്പിക്കുന്നതിനും മറ്റുമായി ഒരു സെക്യൂരിറ്റി പ്രസ്സ് ഉടനെ സംഘടിപ്പിക്കുമെന്ന്. സർ, ഇതു കേട്ടാൽ തോന്നും പുതിയതായി ആരോ ഇങ്ങനെ സർക്കാരിനു ലാഭം ഉണ്ടാകുന്ന ഒരു നല്ല കാര്യം കണ്ടുപിടിച്ചതാണെന്ന്. അഞ്ചാറു വർഷമായി ഗവൺമെന്റു ലക്ഷക്കണക്കിനു രൂപാ മുടക്കി, സർവെ ഡിപ്പാർട്ടുമെന്റിലേക്ക് ഒരു പ്രസ്സു വാങ്ങിയത് വെറുതെ ആവശ്യമില്ലാതെ ഇട്ടിരിക്കുകയായിരുന്നു. അതു അവിടെ ഇട്ടു തുരുമ്പു പിടിക്കുകയാണ് എന്ന് പത്തുമാസത്തിനു മുൻപ് റവന്യൂ സെക്രട്ടറിക്കു എന്റെ പ്രൈവറ്റു സെക്രട്ടറി എഴുതി, ലോട്ടറി ടിക്കറ്റടിക്കുന്നതിനു ഒരു സെക്യൂരിറ്റി പ്രസ്സ് സ്ഥാപിക്കുന്ന പക്ഷം വളരെ സൌകര്യവും ലാഭവുമായിരിക്കും. അന്യ സംസ്ഥാനത്തു ലോട്ടറി ടിക്കറ്റുകളും അച്ചടിപ്പിക്കുന്നതിനുവേണ്ടി മാസം തോറും 25,000ക. വരെ ചെലവാകുന്നതു ലാഭപ്പെടുത്താൻ ആ പ്രസ്സ് ഒരു സെക്യൂരിറ്റി പ്രസ്സ് ഇവിടെ സ്ഥാപിക്കാൻസാധിക്കും. ഇന്നു ടിക്കറ്റു പ്രിൻറു ചെയ്യിക്കുന്ന ഇനത്തിൽ ഗവൺമെന്റു നേരിടേണ്ടിവരുന്ന അമിതമായ ചെലവു ലാഭിക്കാൻ കഴിയുമെന്ന്. എന്റെ ആ നിർദ്ദേശം അവഗണിച്ചു. ഒരു മറുപടി പോലും ലഭിച്ചില്ല. ഇപ്പോഴും ചിലരുടെ പ്രത്യേക കണ്ടുപിടിത്തമോ സ്വന്തം വകയോ ആയി വീമ്പിളക്കാൻ കാരണമായിത്തീർന്നിട്ടുള്ള പ്രസ്സിന്റെ കഥ. എതായിരുന്നാലും എല്ലാ രംഗത്തും തടസ്സമുണ്ടാക്കാനാണ് മാർക്സിസ്റ്റു പാർട്ടി ശ്രമിച്ചിരുന്നതുയെന്നുള്ളതിനു ഇതു ഒരുദാഹരണമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ഇന്ത്യയിൽ, പ്രശസ്തനും സാമ്പത്തിക വിദഗ്ദ്ധനുമായ ശ്രീ. തവരാജ് കമ്മറിയെ ഞാൻ നിയമിച്ചു. ആ കമ്മറിയിൽ, എല്ലാ കക്ഷിയുടെയും പ്രതിനിധികളും മുൻ ധനകാര്യമന്ത്രിമാരും—ശ്രീമാൻമാർ ആർ. ശങ്കറും, സി. അച്യുത മേനോനും—അംഗങ്ങളായിരുന്നു. ഇൻഡ്യയിൽ ആദ്യത്തേതാണ്, ഇൻഡ്യയ്ക്കു മുഴുവൻ അതു ഇപ്പോഴും മാതൃകയായിരിക്കുകയാണ്. അതുപോലെ ലോട്ടറിയും ഇൻഡ്യയിൽ മുഴുവൻ മാതൃകയാണ്. ഗുണകരമായ ഈ പദ്ധതികളെ ക്യാബിനറ്റിൽ എതിർത്തവർ ഉണ്ട്. എന്നാൽ ഈ സംരംഭങ്ങൾക്കും പല തടസ്സങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ലോട്ടറി ടിക്കറ്റ് വില്പനയ്ക്കു പ്രചരണം നടത്തിക്കൊണ്ടിരുന്ന വാഹനം റോഡേ ഓടുവാൻ ട്രാഫിക്ക് ഡിപ്പാർട്ടുമെൻറു സമ്മതിക്കാതെയിരുന്നു. ശ്രീ. തവരാജ് കമ്മറിയുടെ നിഗമനമനുസരിച്ചു തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ മുപ്പത്തിയഞ്ചുകോടി രൂപയോളം അഡീഷണൽ ടാക്സ് സാധാരണക്കാരനു് ഒരു ബാദ്ധ്യതകളും ബുദ്ധിമുട്ടും ഉണ്ടാക്കാതെ ലഭിക്കുന്നതാണ്. ആ റിപ്പോർട്ടിനെ സംബന്ധിച്ച് ക്യാബിനറ്റിൽ ചർച്ച നടത്തുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ചു മുപ്പത്തിയഞ്ചുകോടി രൂപ എന്നു പറയുമ്പോൾ ആണ്ടിൽ ഏഴു കോടി രൂപ. ഒരു രണ്ടുകോടി കുറച്ചാലും അഞ്ചുകോടി രൂപ നിശ്ചയമായും പ്രതിവർഷം വരുമാനമാർഗ്ഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ പറഞ്ഞാൽ പന്ത്രണ്ടുകോടി രൂപ നമ്മുടെ രാജ്യത്തു സ്ഥിരമായി ലഭിക്കത്തക്കവിധമുള്ള എല്ലാ പദ്ധതികളും സ്വീകരിച്ചു അതിനുവേണ്ടിമാത്രം പ്രവർത്തിക്കുകയായിരുന്നു. ആ എൻെറ പേരിലാണ് അഴിമതി ആരോപണം കൊണ്ടു വന്നിട്ടുള്ളത്. ചില മെമ്പറൻമാർ ഇവിടെനിന്നും അവരുടെ നാട്ടിൽ എത്തിയാൽപിന്നെ ഈമാതിരി അഴിമതികൊം എൻെറ പേരിൽ ഉണ്ടെന്നു വീടുതോറും നടന്നു പ്രചരണം നടത്തുകയാണ് ജോലി. ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യരെ പോലെയുള്ളവർ അവിടെ വന്നാൽ ഇതാണ് ചെയ്യാറുള്ളത്. എന്താണ് എൻെറ പേരിലുള്ള അഴിമതി ? ശ്രീ. വിൽസൺ അദ്ദേഹത്തിൻെറ ആരോപണത്തിൽ പറഞ്ഞിട്ടുള്ളത്, ഇതു സംബന്ധിച്ചു അദ്ദേഹം സ്പീക്കർക്കു എഴുതിയ ലറ്ററിൽ വ്യക്തമാക്കിയിട്ടുണ്ട്. ആ ലറ്ററിൽ അവസാനമായി എൻെറ അഴിമതിയായി പറഞ്ഞിരിക്കുന്നത് ഒരു കാശും ഞാൻ കൈക്കൂലി വാങ്ങിച്ചു എന്നല്ല. Illegal ആയിട്ടൊ irregular ആയിട്ടോ ഒരു കാശുപോലും വാങ്ങിച്ചുവെന്നു പറയുന്നില്ല. മിലാദി ഷെരീഫ് കോളേജിനു ഞാൻ സംഭാവന ചെയ്ത വസ്തുക്കളിൽ മുമ്പുണ്ടായിരുന്ന കടം വീട്ടുന്നതിനു എൻെറ സ്വാധീനം ഉപയോഗിച്ചു പണം പിരിച്ചു ആ പണം കോളേജിൻെറ കണക്കിൽ വരവു വയ്പിച്ചു കടം വീട്ടി എന്നുള്ളതാണ്. വരവു വയ്പിച്ചു എന്നു പറഞ്ഞതു ചാരിതാർത്ഥ്യജനകമാണ്. വരവു വയ്ക്കാതെ എടുത്തു എന്നു പറഞ്ഞില്ലല്ലോ ? എന്തായാലും സർ, ഇതിനൊരു മറിച്ച കഥയുണ്ട്. എൻെറ മന്ത്രിസ്ഥാനം ഉപയോഗിച്ച് ഈ സംസ്ഥാനത്തുനിന്നു ഞാൻ മന്ത്രിയായതിനുശേഷം ഒരു കാശുപോലും കാളേജിനുവേണ്ടി പിരിച്ചിട്ടില്ല. മന്ത്രിയാകുന്നതിനുമുമ്പ് സംസ്ഥാനത്തിനകത്തും പുറത്തുംനിന്നു പണം പിരിച്ചിട്ടുണ്ട്. ഈ ആരോപണം അതേപടി സ്വീകരിച്ചാലും മന്ത്രിയായതിനുശേഷം യാതൊരു പണവും പിരിച്ചിട്ടില്ല. മന്ത്രി അല്ലാതിരുന്ന കാലത്തു ഇങ്ങനെ കളക്ഷൻ ചെയ്തിട്ടുണ്ട്. അത് രണ്ടും മൂന്നും രൂപ വച്ചിട്ടല്ല. അയ്യായിരവും അമ്പതിനായിരവും ഒക്കെ എന്നെ അറിയാവുന്നവർ തന്നിട്ടുണ്ട്. അതിനെല്ലാം കണക്കുകൊം ഉണ്ട്. ഒരു മാനേജിംഗ് ബോഡിതന്നെ അതിലേക്കുണ്ട്. എൻെറ കയ്യിൽനിന്നും ഞാൻ ബാദ്ധ്യത തീർത്താൽ ആ വസ്തു എനിക്കു കിട്ടുകയില്ല. കോളേജിനു സ്ഥലം വേണമെന്നുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞ്]

അതിലെ കടം കോളേജു പണം കൊടുത്തു തീർത്തുകൊള്ളണം. ട്രസ്റ്റിനു വസ്തുവില്ലെങ്കിൽ കോളേജു നടത്താൻ സാധിക്കുകയില്ല. ആ നിലയ്ക്കു കടം തീർക്കാനുള്ള ബാദ്ധ്യത അവരുടേതാണു എന്നാണ് ഞാൻ വിശ്വസിക്കുന്നത്. മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം ഉണ്ട്. ആഡിറ്റു റിപ്പോർട്ടുണ്ട്. ഇതെല്ലാം പരിശോധിക്കണം. മന്ത്രിയാകുന്നതിനു മുമ്പാണ് ഇതെല്ലാം ചെയ്തത്. 1964-ലാണ് ഇതെല്ലാം നടക്കുന്നത്. ഞാൻ മിനിസ്റ്റർ ആയിട്ടു വരുന്നത് 1967-ലാണ്.

ഡെപ്യൂട്ടി സ്പീക്കർ: ഇതെല്ലാം നേരത്തെ പറഞ്ഞിട്ടുള്ള കാര്യങ്ങളല്ലേ?

ശ്രീ. പി. കെ. കുഞ്ഞ്: ശ്രീ. വെല്ലിംഗ്ടന്റെ ടേംസ് ഓഫ് റെഫറൻസ് കണ്ടപ്പോഴാ എന്റെ ടേംസ് ഓഫ് റെഫറൻസുംകൂടി ഓർത്തുപോയതാണ്. എന്റെ പ്രവർത്തനംകൊണ്ട് അല്ലെങ്കിൽ എന്റെ കീഴിലുള്ള ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനംകൊണ്ട് പൊതുതാല്പര്യം സ്പർശിച്ചിട്ടുള്ള എന്തെങ്കിലും കാര്യം എപ്പോഴെങ്കിലും ചെയ്തുപോയിട്ടുണ്ടെങ്കിൽ അതും അന്വേഷണവിഷയമാക്കണമെന്നാണ് എന്റെ ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞിരിക്കുന്നത്. ഈ വ്യവസ്ഥ മറ്റാരുടേയും ടേംസ് ഓഫ് റഫറൻസിൽ ഇല്ല. മുഖ്യമന്ത്രി ഇതേപ്പറ്റി എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഞാൻ അഴിമതി ചെയ്തിരിക്കുകയാണെന്നു പറഞ്ഞിരിക്കുകയാണ്. കമ്മീഷൻ ഓഫ് എൻക്വയറി ആക്റ്റു സെക്ഷൻ മൂന്നുപ്രകാരം സ്പെസിഫിക് ആയിട്ടുള്ള അലിഗേഷൻ വരികയാണെങ്കിൽ അന്വേഷണം നടത്തണം എന്നുണ്ട്. ഇതു അതല്ല. യാതൊരു തെളിവും ഇല്ലാത്ത ആരോപണത്തെ സംബന്ധിച്ചു അന്വേഷിക്കണമെന്നാണ്. യാതൊരുവിധത്തിലും ബന്ധമില്ലാത്ത കാര്യത്തെ സംബന്ധിച്ച ആരോപണങ്ങളാണ് അന്വേഷണവിധേയമാക്കിയിരുന്നത്. ഇതു വ്യക്തിവൈരാഗ്യം അല്ലാതെ മറെന്താണ്. മന്ത്രിയല്ലാത്ത കാലത്തു ഞാൻ നടത്തിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചു മാർക്സിസ്റ്റു പാർട്ടിയുടെ മുഖ്യമന്ത്രിയോടു ഞാൻ സമാധാനം പറയണമെന്ന്. എന്റെമേലുള്ള എൻക്വയറിയ്ക്കു ഗവൺമെന്റിനു ഒരു ലക്ഷത്തി അമ്പതിനായിരത്തോളം രൂപ ചെലവു വരാൻ പോകുകയാണ്. അഡ്വക്കേറ്റിനെ നിയോഗിക്കുവാൻ 20,000 രൂപ ചെലവു വരികയാണ്. Enquiry Commission-നു consolidated remuneration ആയി 20,000 രൂപാ നഷ്കണംപോലും. അതിലൊന്നും എനിക്കു പരാതിയില്ല. ആരോപണങ്ങളും ഈവിധമാണ്. മറ്റൊരു ആരോപണം എന്റെ സൺ ഇൻ ലായെ പറ്റിയാണ്.

ഡെപ്യൂട്ടി സ്പീക്കർ: അതെല്ലാം ഇവിടെ വിശദീകരിച്ചിട്ടുള്ള കാര്യമല്ലേ? അതിനെപ്പറ്റി ഒന്നും പറയേണ്ടാ.

ശ്രീ. പി. കെ. കുഞ്ഞ്: അതിനുശേഷമുള്ള കാര്യങ്ങളും പറയുവാൻ എനിക്കവകാശമില്ലേ? ഒരു ഓട്ടോണമസ് ബോഡിയായ ഫൈനാൻഷ്യൽ കോർപ്പറേഷൻ ഡയറക്ടേഴ്സ് ബോഡികൂടി നിയമനം നടത്തിയതും എൻക്വയറി കമ്മീഷന്റെ പരിശോധനക്കായി അതെസംബന്ധിച്ചു അഫിഡവിറ്റു ഫയൽ ചെയ്തിട്ടുള്ളതുമാണ്. മന്ത്രി എന്ന നിലയിൽ അവിഹിതമായി ഞാനൊന്നും ചെയ്തിട്ടില്ലെന്നവർ പറയുന്നു. എവിടെയാണ് തെറ്റു ചെയ്തത്? പിന്നെയുള്ളതു ലോട്ടറി ഡിപ്പാർട്ടുമെന്റിന്റെ കാര്യമാണ്. പക്ഷേ ശ്രീ. ഇമ്പിച്ചിബാവയെപ്പോലെ അപേക്ഷയും അനുവാദവും

LIBRARY ARCHIVES Kerala Legislative Assembly

ഒന്നും കൂടാതെ 243 പേരെ അപ്പോയിൻറുചെയ്ത കഥയൊന്നും ഈ ഡിപ്പാർട്ടുമെൻറിൽ കാണുകയില്ല. അതു വളരെ ക്ലീൻ ആണ്. അങ്ങനെയുള്ള അപ്പോയിൻറുമെൻറു ഒന്നും ഞാൻ ചെയ്തിട്ടില്ല. വല്ലവരെയും അപ്പോയിൻറു ചെയ്തിട്ടുണ്ടെങ്കിൽ ഡിപ്പാർട്ടുമെൻറു മേധാവികളം ചെയ്തിട്ടുള്ളതാണ്. അതു പുറമേനിന്നും എടുക്കുകയല്ല, സർവ്വീസിൽ ഉള്ളവരെതന്നെയാണ് എടുത്തിട്ടുള്ളത്. കഴിവുള്ളവരെ നോക്കി—സത്യസന്ധത ഉള്ളവരെ മാത്രമേ നിയമിച്ചിട്ടുള്ളു. ലോട്ടറി ഡിപ്പാർട്ടുമെൻറിൽ ഇന്നയിന്ന തസ്തികകളം വേണമെന്നു ക്യാബിനറിൽ നേരത്തെ തീരുമാനിച്ച ശേഷം ഒരു വർഷത്തേയ്ക്കു ഒരു നിയമനവും നടത്താതെയിരുന്നു. ചെലവു കുറയ്ക്കുവാൻവേണ്ടി. അങ്ങനെ നിയമനം നടത്താതെ ജോലി മുഴുവൻ ട്രഷറി ഡിപ്പാർട്ടുമെൻറിനെകൊണ്ടു നടത്തി. അങ്ങനെ ചെയ്ത സ്റ്റോപ്പം ആളുകളംക്കു ടിക്കറ്റു കിട്ടാൻ പ്രയാസം നേരിട്ടു. അവർ 10 മണി മുതൽ അഞ്ചു മണിവരെയേ ജോലി നോക്കുകയുള്ളൂ. അവരെ ഹോളിഡേ സിൽ കിട്ടുകയില്ല. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് കൂടുതൽ ആളുകളം വേണമെന്നു മനസ്സിലാക്കിക്കൊണ്ടു ക്യാബിനറു അംഗീകാരം ലഭിച്ചിട്ടുള്ള നിയമനങ്ങളം നടത്തിയിട്ടുള്ളത്. സർ, ഇതിൽ എവിടെയാണ് സ്വജനപക്ഷപാതമുള്ളത്. എൻെറ സൺ ഇൻ ലായുടെ പ്രമോഷൻ അഴിമതിയാണെന്നു പറയുമ്പോളം മുഖ്യമന്ത്രിയുടെ സ്യാലനായ ഭട്ടതിരിപ്പാടിൻെറ നിയമനം അഴിമതിയല്ലെന്നു മുഖ്യമന്ത്രിയ്ക്കു ബോദ്ധ്യമുണ്ടോ ? ശ്രീ. സി. എച്ച്. കണാരൻെറയും, ശ്രീ. എ. കെ. ഗോപാലൻേറയും ബന്ധുക്കളം 'എ' ക്ലാസ്സ് പൗരൻമാരാണെങ്കിൽത്തന്നെയും നിയമപ്രകാരമല്ലാതെ നിയമനം നടത്തുന്നതു സ്വജനപക്ഷപാതമല്ലെന്നു വിശ്വസിക്കുകയാണൊ മുഖ്യമന്ത്രി. എന്തു അന്വേഷണമാണ് ഇക്കാര്യത്തിൽ മുഖ്യമന്ത്രി ചെയ്തിട്ടുള്ളത് ? അഴിമതി നിറഞ്ഞ ഈ കാര്യങ്ങളിൽ എൻെറ നേർക്കുണ്ടായ മുഖ്യമന്ത്രിയുടെ പ്രഥമദൃഷ്ടി ഈ കാര്യത്തിലില്ല. എൻകയറി ഉത്തരവിടുന്നതിന് മറ്റ് ആറു മന്ത്രിമാരുടെമേൽ പ്രഥമദൃഷ്ടി നോക്കേണ്ടതില്ല. ഈ രാജ്യത്തു കോൺഗ്രസ്സ് അധികാരത്തിൽ നിന്നും പോയതിനുശേഷം ജനങ്ങളം ഇടതുപക്ഷ ഗവൺമെൻറു രൂപീകരിക്കണമെന്നു ആഗ്രഹിച്ചു, അതിനുവേണ്ടി പരിശ്രമിച്ചു, അതു വിജയിച്ചു. ഇന്നത്തെ ഈ രാജ്യത്തിൻെറ സാഹചര്യം വച്ചു നോക്കുമ്പോളം പല കക്ഷികളുമായി ചേർന്നു മാത്രമേ അതു സാദ്ധ്യമാകൂ എന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടു അതിനുവേണ്ടി പലരും ശ്രമിച്ചതിൻെറ ഫലമായിട്ടാണ് ഈ ഗവൺമെൻറു രൂപംകൊണ്ടിട്ടുള്ളത്. ഈ രാജ്യത്തു ഈ ഗവൺമെൻറു വഴി ജനക്ഷേമകരങ്ങളായ ഒട്ടേറെ കാര്യങ്ങളം ചെയ്യാൻ കഴിയുമെന്നു അന്നു ആഗ്രഹിച്ചിരുന്നു. പക്ഷേ അങ്ങനെ വല്ലതും ചെയ്യുന്നതിനു ഈ ഗവൺമെൻറിനു സാധിച്ചിട്ടുണ്ടോ ? എന്തായാലും ഈ കൂട്ടുഗവൺമെൻറിൻെറ അടിത്തറ തെറിപ്പിച്ചുകഴിഞ്ഞു മാർക്സിസ്റ്റു പാർട്ടിയുടെ മുഖ്യമന്ത്രി. ആദ്യം എന്നെ പുറത്താക്കി. അവസാനം കുഴിച്ചുമൂടാൻ തീരുമാനിച്ചിരുന്നതു ലീഗിനെയാണെന്നാണ് എൻെറ വിശ്വാസം. അതു മനസ്സിലാക്കിക്കൊണ്ടു അവർ നേരത്തെ രാജിവച്ചുപോരേണ്ടിയിരുന്നു. എന്തായാലും എല്ലാ കക്ഷികളേയും അകറ്റി പിണക്കി. അതിനു സ്വീകരിച്ചിരുന്ന മാർഗ്ഗങ്ങളം വളരെ മോശപ്പെട്ടതാണ്. ഫൈനാൻസിൻെറ കൺകറൻസ് കൂടാതെ എത്ര നിയമനങ്ങളാണ് തെറ്റായി നടത്തിയിട്ടുള്ളത് ? ചില നിയമനങ്ങളെ സംബന്ധിച്ചു—നിയമരഹിതമായി നടത്തിയിട്ടുള്ള നിയമനങ്ങളെ സംബന്ധിച്ചു ഔദ്യോഗികമായി നിയമന ഉത്തരവുകളം ഇടരുതെന്നു ഫൈനാൻസ് ഡിപ്പാർട്ടുമെൻറു നിർദ്ദേശിച്ചതിനുശേഷവും അതു വകവയ്ക്കാതെ ഉത്തരവുകളം ഇട്ടിട്ടുണ്ട്, അങ്ങനെ എണ്ണിയെണ്ണി പറഞ്ഞാൽ പൊതുജനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞ്]

ളുടെ ദൃഷ്ടിയിൽ കാണിക്കാൻ പാടില്ലാത്ത അഴിമതി നിറഞ്ഞ നിർദ്ദേശങ്ങളും തീരുമാനങ്ങളുമായിട്ടാണ് മന്ത്രിസഭയിലെ ഒരു വിഭാഗം നിലകൊണ്ടത്. 1967-ൽ കോട്ടയത്തുവച്ചു ചെയ്ത ഒരു പ്രസ്താവനയിൽ ഈ മന്ത്രിസഭ അഴിമതി കാണിക്കുകയാണെങ്കിൽ ആദ്യം പുറത്തുപോകുന്നതു ഞാനായിരിക്കുമെന്നു ഞാൻ ഒരു പ്രസ്താവന ചെയ്തു.

ശ്രീ. എ. വി. ആര്യൻ: സർ, ഒരു ചോദ്യം.....

ശ്രീ. പി. കെ. കുഞ്ഞ്: സർ, ഇതുപോലുള്ളവർക്കു വഴങ്ങാൻ സാധിക്കുകയില്ല. ഞാൻ നട്ടെല്ലുള്ളവനാണ്, നിഷ്കളങ്കഹൃദയനുമാണ്. അതു ആർക്കും വഴങ്ങാനുള്ളതല്ല. എനിക്കു ശരിയെന്നു തോന്നിയാൽ ഞാൻ ചെയ്യും. അതു മറ്റാരുടെയും സമ്മതത്തിനു കാത്തുനിലയ്ക്കുവാൻ ഉള്ളതല്ല. മാർക്സിസ്റ്റു പാർട്ടിയിൽ വലിയ വിശ്വാസമുണ്ടായിട്ടല്ല ഞങ്ങളും അങ്ങയുടെ മന്ത്രിസഭയിൽ ചേർന്നത്. കാപട്യത്തിൽ വിശ്വാസമില്ല, കഴുത്തറുപ്പൻ പണിയിൽ വലിയ വിശ്വാസമില്ല. എന്തും പറഞ്ഞു ആളുകളെ കളിപ്പിക്കാം എന്നും എന്തും ചെയ്യാം എന്നുമുള്ള തത്വത്തിലും വിശ്വസിക്കുന്നില്ല. മുഖ്യമന്ത്രി ആ കസേരയിൽ ഇരിക്കുവാൻ യോഗ്യനല്ല. അതുകൊണ്ടു അവിടെനിന്നും ഇറങ്ങിപോരുകയാണ് നല്ലത്. വല്ല അന്തസ്സുള്ള കഴിവുള്ള ആരെങ്കിലും ഉണ്ടെങ്കിൽ അവിടെ ഇരിക്കുന്നതിനു രാജ്യനൻമയ്ക്കുവേണ്ടി അനുവദിക്കണം. ഇത്രമാത്രമേ ഈ അവസരത്തിൽ ഞാൻ പറയുന്നുള്ളൂ.

ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട വെല്ലിംഗ്ടൺ ഇവിടെ പ്രസ്താവന ചെയ്യുന്നതിനുവേണ്ടി റൂളനുസരിച്ച് എഴുതിതരേണ്ടതാണ്. ശ്രീ. വെല്ലിംഗ്ടൺ എഴുതി തരാത്ത സ്ഥിതിക്ക് പ്രസ്താവന ചെയ്യാൻ പാടില്ലെങ്കിലും, രാജിവെച്ച ഒരു മന്ത്രിയെന്നുള്ള നിലയിൽ പ്രസ്താവന ചെയ്യാനുള്ള അവകാശത്തെ ഞാൻ നിഷേധിക്കുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന് പറയുവാനുള്ളത് പറയാം.

ശ്രീ. ബി. വെല്ലിംഗ്ടൺ: സർ, രാജിവെച്ച എല്ലാ മന്ത്രിമാർക്കും ചൊവ്വാഴ്ച പ്രസ്താവന ചെയ്യുന്നതിനുള്ള അവസരം തരുമെന്ന് പറഞ്ഞിരുന്നതുകൊണ്ടാണ് ഞാൻ റൂളനുസരിച്ച് എഴുതിത്തരാതിരുന്നത്. ഞാൻ രാജിവയ്ക്കാൻ ഇടയായ സാഹചര്യത്തെ പരാമർശിച്ചുകൊണ്ട് ചില കാര്യങ്ങൾ മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ.

സർ, ഈ സഭയിലെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ എന്നിൽ അഴിമതി ആരോപിച്ചതിനെ തുടർന്നു മുഖ്യമന്ത്രി എന്റെ പേരിൽ കമ്മിഷൻ ഓഫ് ഇൻക്വയറീസ് ആക്ട് പ്രകാരം അന്വേഷണ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. സംസ്ഥാനത്തിലെ മന്ത്രിമാരുടെ പേരിൽ അഴിമതിയാരോപണമുണ്ടായാൽ അതു പ്രഥമദൃഷ്ട്യാ കേസുണ്ടോയെന്ന് മുഖ്യമന്ത്രി നോക്കുക എന്നതാണ് കീഴ്വഴക്കം. ആദ്യം എന്റെ പേരിൽ ചില ആരോപണങ്ങൾ ചില മെമ്പറൻമാർ ഉന്നയിച്ചു. അവയിൽ പ്രഥമദൃഷ്ട്യാ കേസുണ്ടോയെന്ന് മുഖ്യമന്ത്രിനോക്കി. എന്റെ പേരിൽ ഉന്നയിച്ച ആരോപണം തിരുവനന്തപുരം ശാന്തിനഗറിൽ ഒന്നരലക്ഷത്തോളം രൂപാ ചിലവാക്കി ഒരു മണിമൻദിരം പണിതു എന്നാണ്. അതെല്ലാംതന്നെ മുഖ്യമന്ത്രി നോക്കിയിട്ട് അവിടെ മണിമൻദിരമൊന്നും കണ്ടില്ല, ഒരു കെട്ടിടത്തിന്റെ അടിത്തറമാത്രം അവിടെ കണ്ടു. ആ അടിത്തറ കെട്ടുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പണം സമ്പാദിക്കാൻ ന്യായമായ മാർഗ്ഗമുണ്ടെന്നും അദ്ദേഹത്തിന് ബോദ്ധ്യം വന്നു. ഞാൻ നിരപരാധിയാണെന്ന് അദ്ദേഹം സഭയെ അറിയിച്ചു. മുഖ്യമന്ത്രിയുടെ തീർപ്പിൽ പ്രതിപക്ഷം തൃപ്തിയടഞ്ഞില്ല. അതിലെനിക്ക് കുറഞ്ഞ അൽഭുതമേയുള്ളു. എന്നാൽ മുഖ്യമന്ത്രിയുടെ ആ തീർപ്പിനു ഭരണകക്ഷിയിലെത്തന്നെ ചില ഘടകങ്ങളും കക്ഷിഭരണ മര്യാദകളും ലംഘിച്ച് എതിർത്തു തുടങ്ങി. അതാണ് കൂടുതൽ എന്നെ അൽഭുതപ്പെടുത്തിയത്. എന്റെ പേരിലുള്ള അഴിമതിയന്വേഷണത്തിൽ മന്ത്രിസഭയെ ഇന്നു ഉലയ്ക്കുന്ന മറ്റു പല പൊട്ടിത്തെറികൾക്കും കാരണമാക്കിയ സംഭവശൃംഖലയുടെ ആദ്യത്തെ കണ്ണിയായിരുന്നു അത്.

ഐക്യമുന്നണി ഒരു മിനിമം പരിപാടിവെച്ചാണ് ഭരണം തുടങ്ങിയത്. ആ മിനിമം പരിപാടിക്ക് അനുസൃതമായപുരോഗമനപരങ്ങളായ നിയമനിർമ്മാണങ്ങൾക്ക് മുന്നണിമന്ത്രിസഭ തയ്യാറായി. ഭൂപരിഷ്ക്കരണബിൽ, കടനിവാരണബിൽ, വ്യവസായബന്ധബിൽ, മുതലായവ ഈ മിനിമം പരിപാടിയുടെ നാലതിരിനുള്ളിൽ ഒതുങ്ങിയവതന്നെയാണ്. എന്നാൽ ഈ ബില്ലുകളും നിയമമാക്കുന്നതും, നടപ്പിൽ വരുത്തുന്നതും ചതുർമുന്നണി എന്നറിയപ്പെടുന്ന ഉൽമുന്നണിയിലെ പ്രമുഖഘടകങ്ങളും യഥാർത്ഥത്തിൽ ഇഷ്ടപ്പെട്ടിരുന്നില്ല. പ്രതിപക്ഷം സ്വാഭാവികമായിത്തന്നെ ഈ നിയമനിർമ്മാണങ്ങളെ തുരങ്കം വയ്ക്കാൻ പ്ലാനിട്ടു. അവരുടെ കൂടാരത്തിൽ ചതുർമുന്നണിയിലെ പ്രമുഖഘടകങ്ങളും അഭയം പ്രാപിക്കുകയും ചെയ്തു. പുരോഗമനപരങ്ങളായ ഈ സാമ്പത്തിക പരിഷ്ക്കരണസംരംഭങ്ങളിൽ മാർക്സിസ്റ്റുപാർട്ടി ശരിയായ തീക്ഷ്ണത കാണിച്ചതിനാൽ കെ. ടി. പി. യും, ഞാനും ആ പാർട്ടിയുടെ നീക്കങ്ങളെ കലവറകൂടാതെ പിൻതുണകൊടുത്തു. എസ്. എസ്. പി. യും, കെ. എസ്. പിയും ഈ നിലപാടുതന്നെ സ്വീകരിച്ചു. പ്രതിപക്ഷ പാർട്ടികളും ഐക്യമുന്നണിയിലെ വിഘടിത ഗ്രൂപ്പുകളും ഞങ്ങളെ വിശേഷവിധിയായി വെറുക്കാനും അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളും ഉന്നയിക്കാനും ഇടയാക്കിയ പ്രധാനസാഹചര്യം ഇതാണ്. എന്നെ ആദ്യം തന്നെ പുകച്ചു പുറത്തു ചാടിച്ചാൽ മാർക്സിസ്റ്റു പാർട്ടിയെ ക്രമേണ ഒറ്റപ്പെടുത്തി മന്ത്രിസഭയിലും അസംബ്ലിയിലും വച്ച് വിരട്ടാമെന്ന് തൽപരകക്ഷികളും മനസ്സിലാക്കിയിരുന്നു. നാഷണൽ കോൺഗ്രസ്സുകാരും, കേരളാകോൺഗ്രസ്സുകാരും ചതുർമുന്നണി സ്ഥാപിതതാൽപര്യക്കാരുടെ ഈ തന്ത്രത്തെ ഉൽസാഹിപ്പിച്ചും ഉദ്ദീപിപ്പിച്ചും പിന്നിൽനിന്നിരുന്നു. നിയമസഭയിൽ എനിക്കെതിരായി പൊങ്ങിയ അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളും ഈ ആവിഷ്കൃതതന്ത്രത്തിന്റെ അടവുകളായിരുന്നു. ഐക്യമുന്നണിയിലെ ചതുർമുന്നണി സ്ഥാപിതതാൽപര്യക്കാരും കോൺഗ്രസുകാരും ഒരേ സ്വരത്തിലും, ഒരേ ശൗര്യത്തിലും എനിക്കെതിരായ ആരോപണം അഴിച്ചുവിട്ടതുകൊണ്ട് പുരോഗമനപരങ്ങളായ നിയമനിർമ്മാണങ്ങളെ വിറങ്ങലിപ്പിക്കുക എന്നതായിരുന്നു തന്ത്രത്തിന്റെ ഏകലക്ഷ്യം.

ആദ്യം കെ. ടി. പി. യെ, പിന്നെ കെ. എസ്. പി. യെ, പുറകെ എസ്. എസ്. പി. യെ. അവസാനം മാർക്സിസ്റ്റു പാർട്ടിയെ എന്നതായിരുന്നു ആക്രമണത്തിന്റെ ആസൂത്രിതലക്ഷ്യം. വലിയ പ്രത്യാശകളോടെ ഒരു കോൺഗ്രസ്സിതര ഗവൺമെന്റ് രൂപീകരിക്കാൻ മാൻഡേറ്റ് നൽകിയ കേരളത്തിലെ ലക്ഷക്കണക്കിന് കുടികിടപ്പുകാരേയും ലക്ഷക്കണക്കിന് മലയോരകർഷകരേയും അനേകലക്ഷം ക്ഷീണബാധിതരേയും ലക്ഷോപലക്ഷം ഭൂരഹിതരായ കർഷകത്തൊഴിലാളികളേയും നിർദ്ധനരേയും മറന്നുകൊണ്ടും, മറികടന്നുകൊണ്ടും കോൺഗ്രസ്സിന്റെ സഹായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബി. വെല്ലിംഗ്ടൺ]

ത്തോടെ വൻകിട ജൻമികളേയും മുതലാളികളേയും പണമിടപാടുകാരേയും സ്ഥാപിതതാൽപര്യക്കാരേയും സ്ഥാപനാധികൃതരേയും സഹായിക്കാനുള്ള സുചിന്തിതമായ നീക്കമായിരുന്നു ഇത്. കുത്തകപത്രങ്ങളെയെല്ലാം ഇവർ സ്വാധീനിച്ചു. ഞാൻ വമ്പിച്ച അഴിമതികൻ നടത്തുന്നുവെന്നു ആ പത്രങ്ങൻ നിത്യേനസത്യവിരുദ്ധമായി പ്രചരണംനടത്തി. കോൺഗ്രസ്സുകാർ എന്റെ അഴിമതികളെപ്പററി പല യക്ഷികഥകളും പറഞ്ഞുപരത്തി, ഞാൻ രമ്യഹർമ്മ്യം നിർമിച്ചു, തൊഴിലാളിപത്രത്തിന് പണം ശേഖരിച്ചുകൊടുത്തു, കെ. ടി. പി. ഭീമമായ സംഖ്യകൻ കയ്യടക്കി എന്നൊക്കെയായിരുന്നു ആ പെരുമ്പറയടികൻ. കോൺഗ്രസ്സിന്റെ ഈ വ്യാജച്ചരക്കുകൻ ചതുർമുന്നണിയുടെ ചന്തയിൽ വിൽപന നടത്താനും തുടങ്ങി. ഈ അഴിമതി ആരോപണങ്ങളെ നിവർന്നുനിന്നു നേരിടാൻ ഞാൻ ഇതാ തയാറായിരിക്കുന്നു. പ്രഥമ അന്വേഷണം നടത്താത്തതിനാൽ മന്ത്രിപദം രാജിവയ്ക്കേണ്ടതില്ലെന്ന ജനാധിപത്യവഴക്കം പാലിക്കണമെന്ന് മുഖ്യമന്ത്രി എന്നോട് ആവശ്യപ്പെട്ടെങ്കിലും ഞാൻ ഇതാ രാജിവെച്ചിരിക്കുന്നു. മൂന്ന് മന്ത്രിമാരുടെ പേരിൽ അന്വേഷണ ഉത്തരവിട്ടപ്പോൾ, അതിൽ പിണങ്ങി ഐക്യമുന്നണി മന്ത്രിസഭയെ പൊളിക്കാൻ പകപോക്കൽ മനോഭാവത്തോടെ കൂട്ടടക്കം രാജിവച്ച ആ ആറു ചതുർമുന്നണി മന്ത്രിമാരുടെ നിലവാരമല്ല ഞാൻ സ്വീകരിക്കുന്നത്. ഈ അന്വേഷണം എന്റെ പാർട്ടിക്കും എനിക്കും ഒരു പ്രശ്നമേയല്ല. ഈ അന്വേഷണത്തിലൂടെ നിരപരാധിത്വം തെളിയിച്ച് കൂടുതൽ നിശ്ചയദാർഢ്യത്തോടെയും ചങ്കൂറത്തോടെയും ജനസേവനം നടത്താൻ ഞാൻ മന്ത്രിസഭയിലേക്ക് തിരിച്ചുവരുമെന്ന് ഈ വഞ്ചന നടത്തിയ അധമശക്തികളെ ഓർമ്മിപ്പിക്കുന്നു.

കുററമില്ലാത്ത ഞാനിന്ന് നടുക്കിലെ കുരിശിലാണ് തൂങ്ങിക്കിടക്കുന്നത്. എന്റെ അപ്പുറത്തും ഇപ്പുറത്തും ചില അറുകളളൻമാർ തൂങ്ങിക്കിടക്കുന്നുണ്ട്. അവരിൽ മനഃസ്ഥാപപ്പെടുന്നവർക്ക് പൊറുതികിട്ടും. മനസ്താപപ്പെടാത്തവർ പാതാളക്കുഴിയിലേക്ക് തുള്ളപ്പെടുകയും ചെയ്യും.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഈ നിയമസഭയിൽ വന്നുനിന്നുകൊണ്ട് അറുകളളൻമാർ എന്നുപറയുന്നത് ശരിയാണോ ? ഓർഡറിലാണോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: മലയോരകർഷകരുടേയും കടലോരത്തൊഴിലാളികളുടേയും കണ്ണുനീർ തുടയ്ക്കാനാണ് ഞാൻ കൂടുതൽ വേലചെയ്തിട്ടുള്ളത്. സ്വകാര്യവനദേശസാൽക്കരണം, സർക്കാർ വനഭൂമി വിതരണം; മലനാട്ജില്ലാ രൂപീകരണം, ചുരളി–കീരിത്തോടു പുനരധിവാസം, കുട്ടനാടു ജലവിതരണപദ്ധതി മുതലായ പരിപാടികൻ മന്ത്രിസഭയിലിരിക്കവെ മുഴുവനായും നിർവഹിക്കണമെന്നായിരുന്നു കെ.ടി.പി. യുടേയും എന്റെയും തീവ്രമായ ദാഹം. മന്ത്രിസഭയുടെ പുറത്തുനിന്നുകൊണ്ടാണെങ്കിലും മേൽപ്പറഞ്ഞ ഈ ക്ഷേമപദ്ധതികൻക്കായി ഞാൻ അവിശ്രമം പടപൊരുതിക്കൊണ്ടിരിക്കും.

ആരോഗ്യമന്ത്രി എന്നനിലയിൽ ആരോടും വിവേചനം കാണിക്കാതെ ഭരണകക്ഷി, പ്രതിപക്ഷകക്ഷി വ്യത്യാസം കാണിക്കാതെ കക്ഷികൻക്കും, ജാതിമത ചിന്തകൻക്കും അതീതമായി നിന്നുകൊണ്ട് എന്റെ കൃത്യം ഞാൻ നിർവ്വഹിച്ചിട്ടുണ്ടെന്ന് എന്റെ മനസ്സാക്ഷി ചാഞ്ചല്യമില്ലാതെ ഇതാ എന്നോടു വിളിച്ചു പറയുന്നു. എതെങ്കിലും ഒരു കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഞാൻ എന്തെങ്കിലും അഴിമതിയോ അനീതിയോ നടത്തിയിട്ടുണ്ടോ യെന്ന് പ്രതിപക്ഷത്തും ചതുർമുന്നണിയിലും ഉള്ള ബഹുമാനപ്പെട്ട മെമ്പർമാരോട് പലരോടും ഞാൻ ഒറ്റക്കൊറ്റയ്ക്കു ചോദിച്ചിട്ടുണ്ട് ''എന്റെ വെല്ലിംഗ്ടാ, ഒരു അഴിമതിയെപ്പറ്റിയും ഞങ്ങൾക്കറിഞ്ഞുകൂടാ, ഇതെല്ലാം രാഷ്ട്രീയമല്ലേ'' എന്നാണ് അവരിൽ പലരും എന്നോടു പറഞ്ഞിട്ടുള്ളത്.

സർ, ഒരു മന്ത്രിയുടെ പേരിൽ അഴിമതിയാരോപണം കൊണ്ടുവരുന്നതിന് വ്യക്തമായ നടപടിക്രമങ്ങളുണ്ട്. അതിന് പ്രത്യേകമായിട്ട് റൂളുണ്ട്. റൂൾ 262 അനുസരിച്ച് അഴിമതിയാരോപണം വ്യക്തമായി ഉന്നയിക്കാനുണ്ടെങ്കിൽ, എഴുതികൊടുത്തിട്ട് ഉന്നയിക്കണമെന്നാണ്. അങ്ങനെ എഴുതിക്കൊടുത്ത എന്റെ പേരിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെപ്പറ്റി മേശപ്പുറത്തു കടലാസു വരികയും അതിൽ പറയുന്നതനുസരിച്ച് മുഖ്യമന്ത്രി പരിശോധിക്കാമെന്ന് പറയുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ടി. ജോർജ്ജ്: റൂൾ 262 പ്രകാരം ഉള്ള കാര്യങ്ങളെപ്പറ്റി മുൻമന്ത്രി പറഞ്ഞത് ശരിയല്ല. 262–ൽ പറയുന്നത് ''No allegation of a defamatory or incriminatory nature shall be made by a member against any person unless the member has given previous intimation to the Speaker and also to the Minister concerned so that the Minister may be able to make an investigation into the matter for the purpose of reply:

Provided that the Speaker may at any time prohibit any member from making any such allegation if he is of opinion that such allegation is derogatory to the dignity of the Assembly or that no public interest is served by making such allegation.'' എന്നാണ്. ഇതിൽ പറഞ്ഞിട്ടുള്ള ഡിഫമേറ്ററിയും ഇൻക്രിമിനേറ്ററിയുമായിട്ടുള്ള കാര്യങ്ങളെപ്പറ്റി ഈ സഭയിൽ ഉന്നയിക്കുന്നതിന് പ്രത്യേകം എഴുതിക്കൊടുക്കണമെന്നാണ്. അതല്ലാതെ സത്യമായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ബോദ്ധ്യമുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ആരോപണം ഉന്നയിക്കുന്നതിന് ഈ റൂളനുസരിച്ച് എഴുതിക്കൊടുക്കണമെന്നില്ല.

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, മുൻ ആരോഗ്യമന്ത്രി പറയുകയുണ്ടായി റൂൾ 262 അനുസരിച്ച് എഴുതികൊടുത്തു അദ്ദേഹത്തിനെതിരായി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ചു മുഖ്യമന്ത്രി പരിശോധിച്ചുവെന്നാണ്. റൂൾ 262 അനുസരിച്ച് ഞാൻ എഴുതിക്കൊടുത്ത് ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ ഉന്നയിച്ചിട്ടുള്ള ആരോപണമാണ് ആലപ്പുഴ റ്റി. ഡി. മെഡിക്കൽകോളേജിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തെപ്പറ്റി. അതിനെക്കുറിച്ച് മുഖ്യമന്ത്രി അന്വേഷിക്കുകയോ, ടേംസ് ഓഫ് റഫറൻസിൽ വയ്കുകയോ ചെയ്തിട്ടില്ലെന്നറിയാമോ? അങ്ങനെ ചെയ്യാത്തത് ശരിയാണോ?

ഡെപ്യൂട്ടി സ്പീക്കർ: അതിനെല്ലാം മറുപടി മുഖ്യമന്ത്രി പറയും,

ശ്രീ. ബി. വെല്ലിംഗ്ടൺ: അഴിമതിയാരോപണങ്ങളെപ്പറ്റി പരിശോധിക്കുന്നതിനുവേണ്ടി ഇവിടെ ഒരു അസംബ്ലി സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി പരിശോധിച്ചാണ് മേശപ്പുറത്തു വയ്ക്കുന്നത്. അതനുസരിച്ചാണ് മുഖ്യമന്ത്രി അന്വേഷണം നടത്തുന്നത്. എന്റെ പേരിൽ ഉന്നയിച്ചിട്ടുള്ള അഴിമതിയാരോപണങ്ങളെക്കെല്ലാംതന്നെ ഞാൻ വിശദീകരണം നൽകിയിട്ടുണ്ട്. എന്റെ പേരിൽ അഴിമതിയാരോപണങ്ങളും ഉന്നയിച്ച

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബി. വെല്ലിംഗ്ടൺ]

തല്പാതെ, ഇന്നയിന്ന കാര്യങ്ങളിലാണ് അഴിമതിയുള്ളതെന്ന് പ്രത്യേകമായി എടുത്തുപറഞ്ഞിട്ടില്ല. പക്ഷപാതപരമായി ചെയ്തതിനു ഒരുമന്ത്രിയുടെ നടപടിക്രമത്തിൽ വന്ന അപാകതളെപ്പറ്റി അന്വേഷിക്കുന്നതിനെപ്പറ്റിയുള്ള കാര്യങ്ങളാണ് പത്രത്തിൽ വന്നിട്ടുള്ളത്. ഏതായാലും അക്കാര്യങ്ങളെക്കുറിച്ച് കൂടുതലായി പറയാൻ ഞാനാഗ്രഹിക്കുന്നില്ല.

ശ്രീ. കെ. എം. മാണി: ഈ നിയമസഭയിൽ രാജിവച്ച മറ്റുമന്ത്രിമാരുടെ പ്രസ്താവന പോലെയല്ല ഈ മന്ത്രിയുടെ പ്രസ്താവന. ശ്രീ. വെല്ലിംഗ്ടനെ സംബന്ധിച്ചിടത്തോളം, അദ്ദേഹം ചെയ്തിട്ടുള്ള അഴിമതികളെ സംബന്ധിച്ചിടത്തോളം ഈ സഭയിൽ പൊന്തിവന്നിട്ടുള്ള ആരോപണങ്ങളും അന്വേഷണവിധയമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെപ്പറ്റി അറിയുന്നതിന് ഒരു നിയമസഭാ കമ്മിറ്റിയെ നിയമിക്കുകയും ആ കമ്മിറ്റി നിയമസഭാറിക്കാർഡുകളും നോക്കിയും പിക്കപ്പ് ചെയ്ത് ഒരു റിപ്പോർട്ടു തയാറാക്കിക്കൊണ്ടുവരികയും ചെയ്യുകയുണ്ടായി. ആ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അവഗണിക്കുന്ന തരത്തിൽ, അതിന്റെ ഡിവിഷനെ എതിർക്കുന്നതരത്തിൽ സംസാരിക്കുന്നത് ശരിയാണോ ?

ശ്രീ. ടി. കെ. കൃഷ്ണൻ: രാജിവച്ച മന്ത്രിമാർക്കു സംസാരിക്കാനുള്ള അവകാശം കൊടുത്തിരിക്കുമ്പോൾ, അതിനിടയ്ക്ക് ഒരു മന്ത്രിയുടെ സംസാരത്തെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള സംസാരം ഉണ്ടാകുന്നത് ശരിയാണോ ?

ശ്രീ. ബേബിജോൺ: ഈ നിയമസഭയിൽ ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിച്ച്, ആ കമ്മിറ്റി പരിശോധിച്ച് ആരോപണങ്ങളെന്നു കണ്ടത് മുഖ്യമന്ത്രിക്ക് അയച്ചുകൊടുത്തു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിനെ വിമർശിക്കുന്നത് ഓർഡറിലാണോ ? അത് നിയമസഭയോടുള്ള അവഹേളനമല്ലേ?

ഡെപ്യൂട്ടി സ്പീക്കർ : അതിനെപ്പറ്റിയൊന്നും ഇപ്പോൾ പറയേണ്ട ആവശ്യമില്ല. പ്രിവിലേജ് കമ്മറ്റിയൻ വരുമ്പോൾ അക്കാര്യങ്ങളെപ്പറ്റിയെല്ലാം സംസാരിക്കാവുന്നതാണ്.

ശ്രീ. ബി. വെല്ലിംഗ്ടൺ: സർ, ശവത്തിൽ കുത്തുന്ന രീതിയിലുള്ള പെരുമാറ്റമാണ് ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട മെമ്പറൻമാർക്കുള്ളതെന്നുതോന്നുന്നു. രാജിവച്ച ഒരു മന്ത്രി പറയുന്നത് കേൾക്കാനുള്ള സഹിഷ്ണുതയെങ്കിലും ബഹുമാനപ്പെട്ട മെമ്പർമാർക്കുണ്ടായിരിക്കേണ്ടതല്ലേ.

സത്യനിഷ്ഠയ്ക്കും വസ്തുനിഷ്ഠമായ നിഷ്പക്ഷതയ്ക്കും മുഖ്യം കൽപിക്കാത്ത രാഷ്ട്രീയം ജയിക്കാൻ പോകുന്നില്ല. പണ്ഡിറ്റ്ജി പറഞ്ഞതുപോലെ ,'ചരിത്രം വലിയൊരു സ്റ്റീംറോളറാണ്. അത് അതിശീഘ്രം ഉരുണ്ടുവരുമ്പോൾ തടസ്സം സൃഷ്ടിക്കാമെന്ന് വ്യാമോഹിച്ചുനിൽക്കുന്ന ചെറിയ മൺകൂനകളും നിലംപരിശാകുന്നു. നിർദ്ധന കോടികളുടെ പൊതുക്ഷേമം മാത്രം ലക്ഷ്യമാക്കി രാഷ്ട്രീയ രംഗത്തു

LIBRARY ARCHIVES Kerala Legislative Assembly

ഇറങ്ങിയ ഞങ്ങൾ ഈ സ്റ്റീംറോളാണെന്ന് പ്രതിപക്ഷബഞ്ചിലെ ബഹുമാനപ്പെട്ട അംഗങ്ങളും ഇപ്പോൾ ബ്ലോക്കുതിരിഞ്ഞിരിക്കുന്ന ചതുർമുന്നണിയിലെ മുക്കാൽമുന്നണിക്കാരും ഓർത്തിരിക്കുക. മൺകൂനകൾ അരയുന്നതുപോലെ നിങ്ങൾ അരഞ്ഞുമാറാൻ അധികതാമസമില്ല. ചരിത്രത്തിന്റെ പ്രാഥമികജ്ഞാനമെങ്കിലുമുള്ളവർ ഇത് മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ശത്രുനിര എന്നെ ഒറ്റതിരിച്ചു ബലിയാടാക്കുന്നതിന്റെ നിഗൂഢ രാഷ്ട്രീയോദ്ദേശം ശരിയായി മനസ്സിലാക്കി തത്വദീക്ഷയുടേയും സത്യനിഷ്ഠയുടേയും പേരിൽ എനിക്കുവേണ്ടി ധീരധീരം ശബ്ദിച്ചവരിൽ പ്രമുഖർ മാർക്സിസ്റ്റുകളാണ്. കൃതജ്ഞത നിറച്ച ഒരു പൂക്കൂട ഞാൻ അവർക്കു സമ്മാനിക്കുന്നു. എസ്.എസ്.പി. ക്കാരും, കെ.എസ്.പി. ക്കാരും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ എന്റെ നിരപരാധിത്വത്തിന്റെ ശബ്ദസാക്ഷികളോ മൂകസാക്ഷികളോ ആയി എന്നും നിലകൊണ്ടിരുന്നു. അവർക്കും എന്റെ സ്നേഹാഞ്ജലികൾ. ചതുർകക്ഷിയിലും പ്രതിപക്ഷത്തിലും ഒക്കെയാണെങ്കിലും കൃത്യനിർവ്വഹണത്തിൽ ചെറിയ തോതിലെങ്കിലും സഹായിക്കാത്ത ആരും തന്നെ ഈ സഭയിലില്ല. അവരോടുള്ള അകൈതവമായ നൻദിയും ഈ സന്ദർഭത്തിൽ ഞാൻ പ്രകാശിപ്പിക്കട്ടെ. മനുഷ്യൻ മൃദുലഹൃദയനാണ്. അവന് വിചാരവീചികളുണ്ട്. ഞാനും ഒരു മനുഷ്യനാണ്. എന്റെ ഈ വികാരവീചികൾ ചിലപ്പോൾ കടലോരമണൽത്തിട്ടകളെ നൊമ്പരപ്പെടുത്തിയിട്ടുണ്ട്. ആയതിനു എല്ലാവരും എനിക്ക് മാപ്പുതരണമെന്നും, ഈ വിടവാങ്ങൽവേളയിൽ ഞാൻ അപേക്ഷിക്കുകയാണ്.

''വിവിധ പ്രത്യയശാസ്ത്രക്കാരുടെ സംയുക്തസേവനം'' എന്നതാണ് എന്റെ പാർട്ടിയുടെ മുദ്രാവാക്യം. എം. എൽ. എ. സീറ്റിലിരുന്ന് ഈ മഹനീയസേവനം നടത്താനാണ് ഞാൻ ഇപ്പോൾ നീങ്ങുന്നത്. ഈശ്വരാനുഗ്രഹത്താൽ മന്ത്രിസഭയിലിരുന്ന് ഇതേസേവനം തുടരാനായി കാലവിളംബമന്യേ ഞാൻ തിരിച്ചു വരികയും ചെയ്യും. കൂപ്പുകൈ.

[12 noon]

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്): സർ, ഞാൻ ഇതുവരെ വന്നിട്ടുള്ള സ്റ്റേറ്റ്മെന്റുകളും മറ്റുമെല്ലാം കാണുമ്പോൾ വളരെ കുറച്ചു സമയം മാത്രം എടുത്ത് ഇതു ചർച്ച ചെയ്താൽ പോരാ, ഞാൻ മാത്രം മറുപടി പറഞ്ഞാൽ പോരാ എന്നാണ്. എന്തുകൊണ്ടെന്നാൽ ഈ മന്ത്രിസഭയിലെ ആദ്യകാല പ്രവർത്തനം മുതൽക്കുള്ള കാര്യങ്ങളെല്ലാം ഇവിടെ ചർച്ചക്കും വിമർശനത്തിനും വിഷയമായിരിക്കുകയാണ്. അതുകൊണ്ട് ഞാൻ നിർദ്ദേശിക്കുന്നത് കുറേക്കൂടി ദീർഘവും പൂർണ്ണവുമായ ഒരു ചർച്ച വേണമെന്നാണ്. വെള്ളിയാഴ്ചത്തെ എന്റെ പ്രസ്താവനയിലും, ഇന്നിവിടെ വായിച്ച മന്ത്രിമാർ ചെയ്തിട്ടുള്ള പ്രസ്താവനകളിലും അടങ്ങിയിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചും അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറൻമാരിൽ വളരെയധികം ആളുകൾക്ക് പറയാൻ സൗകര്യമുണ്ടാക്കത്തക്ക നിലയിലുള്ള ഒരു ചർച്ച വേണമെന്നുള്ളത് സഭയിലെ എല്ലാ ഭാഗത്തുനിന്നുമുള്ള മെമ്പറൻമാർ സമ്മതിക്കുമെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ട് ഞാൻ സജസ്റ്റു ചെയ്യുന്നത് ഇതു സംബന്ധിച്ചുള്ള ചർച്ചയുടെ വിശദാംശങ്ങളും എല്ലാം തീരുമാനിക്കുന്നനിനുവേണ്ടി ഇപ്പോൾ സഭ പിരിഞ്ഞിട്ട് ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുകയും സഭ നാളെ കാലത്ത് എട്ടു മണിക്ക് വീണ്ടും കൂടുകയും ചെയ്യുന്നത് നല്ലതായിരിക്കുമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

III. MOTION UNDER RULES 128 AND 252

DISCUSSION ON THE STATEMENT OF THE CHIEF MINISTER

ശ്രീ. ടി. എ. മജീദ് : ഞാൻ ഒരു മോഷൻ അവതരിപ്പിച്ചിരുന്നു. അതിന്റെ ഗതി എന്തായി ?

ഡെപ്യൂട്ടി സ്പീക്കർ : അജണ്ടയിൽ അടുത്ത ഐറ്റം റൂൾ 128 അനുസരിച്ചുള്ള ചർച്ചയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് അത് നാളെയാക്കാമെന്നാണ്. വളരെ വിശദമായി അതനുസരിച്ച് നാളെ ചർച്ച ചെയ്യാമെന്നു അദ്ദേഹം പറഞ്ഞു. ആ ചർച്ചയുടെ അവസാനത്തിൽ മൂവ് ചെയ്യേണ്ട പ്രമേയം ശ്രീ. മജീദ് തന്നിട്ടുണ്ട്. ചർച്ചയ്ക്കുശേഷം സാധാരണ നടന്നുവരാറുള്ള കീഴ്വഴക്കമനുസരിച്ച് പ്രമേയം മൂവ് ചെയ്യാം, വോട്ടിനിടാം. ഈ കാര്യങ്ങളെല്ലാം ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി ചർച്ച ചെയ്യാമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി : വോട്ടിനിടുന്ന പ്രമേയം സബ് സ്റ്റാൻറീവ് പ്രമേയമായിരിക്കും. അത് അവസാനം കൊണ്ടുവന്നാൽ പോരാ. അത് നേരത്തേ അവതരിപ്പിക്കേണ്ടതാണ്.

ഡെപ്യൂട്ടി സ്പീക്കർ : ഈ സഭയിൽ ഇതനുസരിച്ചുള്ള ചർച്ചകൾ നടത്തുകയും ചർച്ചയുടെ അവസാനത്തിൽ പ്രമേയം അവതരിപ്പിക്കുകയും, പ്രമേയത്തിന് ഭേദഗതികൾ കൊണ്ടുവരികയും വോട്ട് ചെയ്യുകയും ചെയ്തിട്ടുള്ള കീഴ്വഴക്കമുണ്ട്. അതനുസരിച്ചാണ് ചെയ്തിട്ടുള്ളത്.

ശ്രീ. ടി. വി. തോമസ് : Having discussed such and such issue I move.....

ഇങ്ങനെയായിരിക്കും പ്രമേയത്തിന്റെ രൂപം. അത് ചർച്ച കഴിഞ്ഞതിനുശേഷം മൂവ് ചെയ്യാം.

ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെ ഇവിടെ ചർച്ച നടത്തിയിട്ടുണ്ട്, അതാണ് കീഴ്വഴക്കം.

ശ്രീമതി കെ. ആർ. ഗൗരി : കീഴ്വഴക്കം എങ്ങനെയാണെങ്കിലും റൂളിൽ ഇങ്ങനെയാണു പറയുന്നത്.

"A motion that the policy or situation or statement or any other matter be taken into consideration shall not be put to the vote of the Assembly, but the Assembly shall proceed to discuss such matter immediately after the mover has concluded his speech and no further question shall be put at the conclusion of the debate at the appointed hour unless a member moves a substantive motion in appropriate terms to be approved by the Speaker and the vote of the Assembly shall be taken on such motion."

അതിന്റെ അവസാനം ആ പറയുന്നതേയുള്ളു. പാർലമെന്ററി പ്രൊസീഡിയറനുസരിച്ച് ഇങ്ങനെ വരുന്ന സ്റ്റേറ്റുമെന്റുകൾ സബ് സ്റ്റാൻറീവ് മോഷൻ ആകുന്നതുകൊണ്ട് പ്രമേയംകൂടി ആദ്യം കൊണ്ടുവരണം.

LIBRARY ARCHIVES Kerala Legislative Assembly